It is expected that the new building of St. Aloysius Minor Seminary, which now functions at the site allotted for the Catholicate Centre, will be completed and blessed in April 2007. The construction of the Catholicate Centre, which is to house the Major Archiepiscopal Curia, could begin after that.

It was proposed that the amount to be realised from the common property of the seminary of the Catholic Churches of Kerala at Kakkanadu, could be used as a reserve fund for the Malankara Major Seminary and the Catholicate Centre. One third of the amount could be used for the construction of the Catholicate Centre.

## Common Celebrations (15 July, 20 September)

In the discussion that followed, it was decided that 15 July 2007 being Sunday, the ecclesial-level-commemoration of Mar Ivanios shall be held on Saturday, 14 July 2007. Hence the *Padayâtra* from Ranni-Perunadu to the tomb of Mar Ivanios at Pattom, Thiruvananthapuram shall commence on 9 July 2007.

Most Rev. Geevarghese Mar Divannasios, the Bishop of Bathery, informed the Synod that the preparations for the celebration of the 77th Reunion Day, the Platinum Jubilee of the reconstitution of the Malankara Hierarchy in the Catholic Communion and the 125 years of the birth of Archbishop Mar Ivanios are progressing. The celebrations will be held at Kodenchery near Thamarassery.

## Canonical Provision for the Vacant Sees

The next item on the agenda was the canonical provision for the vacant Archieparchial See of Tiruvalla. In the discussion on the modalities of the provision, it was decided:

1. to make immediate provision for the vacant Metropolitan See of Tiruvalla
2. to transfer a senior Bishop to the vacant Metropolitan See of Tiruvalla

In the election by secret ballot, Most Rev. Thomas Mar Koorilos, Bishop of Muvattupuzha was elected. It was decided that the name shall be intimated to the Apostolic Nuncio, so that he would arrange for its simultaneous announcement in Rome, Trivandrum and Tiruvalla.

An Eparchial Bishop is to be provided to the See of Muvattupuzha when the same becomes vacant due to the transfer of Most Rev. Thomas Mar Koorilos from the See. Hence the Synod, according to the norms of the Holy Canons, prepared a list of candidates for Episcopacy. According to CCEO c 182 §3, the Catholicos is to transmit the list to the Apostolic See to obtain the assent of the Roman Pontiff.

## Synodal Commissions

Because of the changes in the Episcopate, there arose the need for a few changes in the Chairmanship of the Synodal Commissions. His Beatitude Moran Mor Baselios Cleemis was proposed to chair the Synodal Commission for Seminary Formation, Most Rev. Thomas Mar Koorilos to chair the Synodal Commission for Liturgy and Most Rev. Jacob Mar Barnabas to chair the Synodal Commission for Evangelisation. The proposals were accepted

### Approval of the Canonical Petition of the Cause of Canonisation of Mar Ivanios

The Catholicos informed the Synod Fathers that he will pursue the deliberations of the Fourth Holy Episcopal Synod on the cause of canonisation of Archbishop Mar Ivanios and the steps taken by His Beatitude Moran Mor Cyril Baselios of venerable memory, in the acceptance of the Petition of the Cause. He also said that the announcement of the acceptance of the Petition shall be made on the day of his commemoration. Thereafter, Archbishop Mar Ivanios shall be called "Servant of God". The Synod Fathers endorsed the decision of the Catholicos.

### Matter *Sub-secreto*

The matters posted under this on the agenda were discussed and finalised.

## Conclusion

The other topics on the agenda were deferred to the next Holy Episcopal Synod. It was agreed upon that the next and the fifth Ordinary Holy Episcopal Synod shall be convoked from 3 p.m. on 9 October to 12 October 2007. His Beatitude, the Catholicos concluded the Synod with a call to a renewed dedication and renewal of life as we approach the end of the great lent. He thanked the Synod Fathers for their participation in the Synod in spite of the heavy schedule of the day. The Synod ended at 8 p.m. with the prayer and apostolic blessing by his His Beatitude the Catholicos.

**✠Most Rev. Thomas Mar Koorilos**
Secretary

**Fr. Antony Valiyavilayil OIC**
Chancellor

## സീറോ-മലങ്കര കത്തോലിക്കാ സഭ
## മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ

കാതോലിക്കേറ്റ് സെന്റർ, തിരുവനന്തപുരം-695 004 കേരളം, ഇന്ത്യ

## അസാധാരണ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

(മാർച്ച് 10 2007)

## റിപ്പോർട്ട്

മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ കാതോലിക്കേറ്റ് സെന്ററിൽ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായിലെ സിനഡ് ഹാളിൽ 2007 മാർച്ച് 10ന് ഒരു അസാധാരണ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിളിച്ചുകൂട്ടി. വന്ദ്യ റമ്പാൻ ചാക്കോ ഏറത്ത് ഒ. ഐ. സി., ജേക്കബ് മാർ ബർണബാസ് എന്ന പേരിൽ മെത്രാഭിഷിക്തനായ ദിവസമായിരുന്നു അത്. മെത്രാഭിഷേക ശുശ്രൂഷയ്ക്കുശേഷം ഉച്ചകഴിഞ്ഞ് 3.00 മണിക്ക്, എല്ലാ സുന്നഹദോസ് പിതാക്കന്മാരും - മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ (സുന്നഹദോസ് പ്രസിഡന്റ്), അഭിവന്ദ്യരായ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്, തോമസ് മാർ കൂറിലോസ് (സുന്നഹദോസ് സെക്രട്ടറി), യൂഹാനോൻ മാർ ക്രിസോസ്റ്റോം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഗീവർഗ്ഗീസ് മാർ തിമോത്തിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണബാസ് - കാതോലിക്കേറ്റ് സെന്ററിൽ സമ്മേളിക്കുകയും സുന്നഹദോസ് ഹാളിലേക്ക് പ്രവേശിക്കുകയും ചെയ്തു.

അസാധാരണ സുന്നഹദോസിന് സന്നിഹിതരായ എല്ലാ പിതാക്കന്മാരെയും പ. കാതോലിക്കാബാവാ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് സ്വാഗതം ചെയ്തു. പ.കാതോലിക്കാബാവാ തന്റെ എല്ലാ മുൻഗാമികൾക്ക് പ്രത്യേകിച്ച് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ കാതോലിക്കാബാവായായ ഭാഗ്യസ്മരണാർഹനായ മോറാൻ മോർ സിറിൽ ബസേലിയോസ് പിതാവിന്, തേജസ്സുറ്റ സ്തുത്യുപഹാരം അർപ്പിച്ചു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സുന്നഹദോസിലേക്ക് അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് പിതാവിനെ സ്വാഗതം ചെയ്തു. സഭയുടെ കാനോനിക ഭൂപരിധിക്കുപുറത്ത് ഇന്ത്യയിലുള്ള മലങ്കര കത്തോലിക്കരുടെ അജപാലന ശുശ്രൂഷയ്ക്കായി സ്വീകരിച്ച ഈ പ്രാരംഭ നടപടിക്കായി പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയ്ക്കും, പൗരസ്ത്യ സഭകൾക്കുവേണ്ടിയുള്ള കാര്യാലയത്തിനും പരിശുദ്ധ സിംഹാസനത്തിലെ മറ്റ് കാര്യാലയങ്ങൾക്കും ഇന്ത്യയിലെ അപ്പസ്തോലിക് ന്യുൺഷ്യോയ്ക്കും അദ്ദേഹം നന്ദിപറഞ്ഞു. അഭിവന്ദ്യ പിതാവിന്റെ ശ്രേഷ്ഠഗുണങ്ങളെയും അർപ്പണാരൂപിയെയും പ. കാതോലിക്കാബാവാ അനുമോദിച്ചു. അദ്ദേഹം വിളിച്ചുകൂട്ടിയിരിക്കുന്ന ആദ്യ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ ചരിത്രപ്രാധാന്യം സുന്നഹദോസ് പിതാക്കന്മാരെ ഓർമ്മപ്പെടുത്തി.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവയായി താൻ സ്ഥാനാരോഹണം ചെയ്യപ്പെട്ടതിനെത്തുടർന്ന്

തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസന ഒഴിവ് നികത്തുക, സ്ഥിര സുന്നഹദോസിലെ ഒഴിവ് നികത്തുക, സുന്നഹദോസ് കമ്മീഷനുകളുടെ അദ്ധ്യക്ഷപദങ്ങളിൽ ആവശ്യമായ വ്യതിയാനം വരുത്തുക എന്നിങ്ങനെയുള്ള പ്രധാനപ്പെട്ട കാനോനിക ആവശ്യങ്ങൾ കൈകാര്യം ചെയ്യുക എന്നതാണ് സുന്നഹദോസിന്റെ ഉദ്ദേശ്യം. പുതിയ കാനോനിക പുരോഗതികളുടെ വെളിച്ചത്തിൽ സഭയുടെ തനതായ ഭൂപരിധിക്കുപുറത്തുള്ള വിശ്വാസികളുടെ അജപാലന ശുശ്രൂഷയ്ക്ക് ആവശ്യമായ നൈയാമിക ക്രമീകരണങ്ങളിലേക്ക് അദ്ദേഹം സുന്നഹദോസ് പിതാക്കന്മാരുടെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്തു. പ. കാതോലിക്കാബാവാ, തന്റെ സഹോദര മെത്രാന്മാരുടെ ഹൃദയംഗമവും പ്രാർത്ഥനാപൂർവവുമായ സഹായം അപേക്ഷിച്ചുകൊണ്ട്, സുന്നഹദോസ് ആരംഭിച്ചതായി പ്രഖ്യാപിച്ചു.

## വിഷയാനുക്രമണികയുടെ അവതരണം

പ.കാതോലിക്കാബാവാ സുന്നഹദോസിന്റെ വിഷയാനുക്രമണിക അവതരിപ്പിച്ചു.

1. ഉത്ഘാടന പ്രസംഗം
2. വിഷയാനുക്രമണികയുടെ അവതരണവും അംഗീകാരവും
3. നാലാം സാധാരണ പ. സുന്നഹദോസ്, അസാധാരണ സുന്നഹദോസ് (2006 നവംബർ 23), പ്രഥമ തെരഞ്ഞെടുപ്പ് സുന്നഹദോസ് എന്നിവയുടെ റിപ്പോർട്ടുകൾ.
4. സ്ഥിരസുന്നഹദോസിലേക്കുള്ള പ്രതിനിധികൾ
5. കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണം
6. പൊതുവായ ആഘോഷങ്ങൾ (ജൂലൈ 15, സെപ്റ്റംബർ 20)
7. സിംഹാസന ഒഴിവിലേക്കുള്ള കാനോനിക നിയമനം
8. സുന്നഹദോസ് കമ്മീഷനുകൾ
9. മാർ ഈവാനിയോസ് പിതാവിന്റെ നാമകരണനടപടികളുടെ കാനോനിക അപേക്ഷയുടെ അംഗീകാരം
10. രഹസ്യ സ്വഭാവമുള്ള കാര്യങ്ങൾ
11. സമാപന സന്ദേശം

കാതോലിക്കാബാവയുടെ നാമഹേതുക തിരുന്നാൾ, ഭൂപരിധിക്കുപുറത്ത് ഇന്ത്യയിലുള്ള സഭാജീവിതത്തിന്റെ രൂപീകരണം, സെന്റ് മേരീസ് മലങ്കര സെമിനാരിയിലെ പുതിയ നിയമനങ്ങൾ എന്നീ വിഷയങ്ങൾകൂടി ഉൾപ്പെടുത്തികൊണ്ട് വിഷയാനുക്രമണിക അംഗീകരിക്കപ്പെട്ടു.

**നാലാം സാധാരണ പ. സുന്നഹദോസ്, അസാധാരണ സുന്നഹദോസ് (2006 നവംബർ 23), പ്രഥമ തെരഞ്ഞെടുപ്പ് സുന്നഹദോസ് എന്നിവയുടെ റിപ്പോർട്ടുകൾ.**

നാലാമത്തെ സാധാരണ പ. സുന്നഹദോസ്, 2006 നവംബർ 23-ാം തീയതി നടത്തപ്പെട്ട അസാധാരണ സുന്നഹദോസ്, പ്രഥമ തെരഞ്ഞെടുപ്പ് സുന്നഹദോസ് എന്നിവയുടെ റിപ്പോർട്ടുകൾ സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയും, ചാൻസലർ ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി.യും

കൂടി അവതരിപ്പിച്ചു. സംശയനിവാരണങ്ങൾക്കുശേഷം അഭിവന്ദ്യ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി റിപ്പോർട്ട് പാസ്സാക്കാമെന്ന് നിർദ്ദേശിച്ചു. അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി അത് പിൻതാങ്ങി. റിപ്പോർട്ടുകൾ പാസ്സാക്കി.

**പ. കാതോലിക്കാബാവയുടെ നാമഹേതുക തിരുന്നാൾ**

പ. കാതോലിക്കാബാവയുടെ നാമഹേതുക തിരുന്നാൾ ഒരു നിശ്ചിത ദിനത്തിൽ നടത്തുന്നത് നല്ലതായിരിക്കുമെന്ന് സുന്നഹദോസ് അംഗങ്ങൾ അഭിപ്രായപ്പെട്ടു. പ. കാതോലിക്കാബാവ തന്റെ മദ്ധ്യസ്ഥന്റെ ദിനമായി ഏതു ദിവസം ആചരിക്കും - വി. ബസേലിയോസിന്റെയോ, വി. ക്ലമന്റിന്റെയോ? പ. കാതോലിക്കാബാവയുടെ സ്ഥാനപ്പേര് ബസേലിയോസ് ആയിരിക്കുന്നതിനാൽ വി. ബസേലിയോസിന്റെ തിരുന്നാൾ ദിനമായ ജനുവരി 1 നാമഹേതുക ദിനമായി ആചരിക്കണമെന്ന് തീരുമാനിക്കപ്പെട്ടു. എന്നിരുന്നാലും, പുതുവർഷ ദിനത്തിന്റെ സാമൂഹിക ആഘോഷം കണക്കിലെടുത്ത് എല്ലാ വർഷവും ജനുവരി 2ന് ഇത് ആചരിക്കുന്നതാണ്.

**സ്ഥിരസുന്നഹദോസിലേക്കുള്ള പ്രതിനിധികൾ**

സ്ഥിരസുന്നഹദോസിലെ അംഗമായിരുന്ന മോറാൻ മോർ ബസേലിയോസ് ക്ലീമീസ്, മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവായായി സ്ഥാനാരോഹിതനായതിനെത്തുടർന്ന്, അദ്ദേഹത്തിന്റെ സ്ഥാനം ഒഴിവായി. പ്രസ്തുത സ്ഥാനത്ത്, മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായെ തെരഞ്ഞെടുത്തു. 115 §3 കനോനപ്രകാരം സ്ഥിരസുന്നഹദോസിന്റെ പകരക്കാരായ അംഗങ്ങളെകൂടി സുന്നഹദോസ് തെരഞ്ഞെടുത്തു. അഭിവന്ദ്യ ജോസഫ് മാർ തോമസ്, അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ്, അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർ യഥാക്രമം സ്ഥിരസുന്നഹദോസ് സമ്മേളനം വിളിച്ചുകൂട്ടുന്ന അവസരത്തിൽ സന്നിഹിതരാകാൻ കഴിയാത്ത അംഗങ്ങൾക്കു പകരക്കാരായിരിക്കും.

**സെന്റ് മേരീസ് മലങ്കര സെമിനാരിയിലെ പുതിയ നിയമനങ്ങൾ**

മേജർ സെമിനാരിയിലെ ഭൂരിഭാഗം സ്റ്റാഫ് അംഗങ്ങളുടേയും ഔദ്യോഗിക കാലാവധി പൂർത്തിയായിരിക്കുന്നതിനാൽ, പുതിയ അംഗങ്ങളെ നിയോഗിക്കുന്നത് സംബന്ധിച്ച് സുന്നഹദോസ് അവധാനപൂർവ്വം ചിന്തിച്ചു. റെക്ടർ ബ. ഫാ. ജോർജ്ജ് കാലായിൽ, ദൈവശാസ്ത്ര ശാഖയുടെ തലവൻ ബ. ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി, തത്വശാസ്ത്ര ശാഖയുടെ തലവൻ ബ. ഫാ. തോമസ് നായിക്കംപറമ്പിൽ, പ്രൊക്കുറേറ്റർ ബ. ഫാ. പി.റ്റി. ജോർജ് എന്നിവർ തങ്ങളുടെ ഉദ്യോഗത്തിന്റെ മൂന്നു വർഷമോ അതിലധികമോ പൂർത്തിയാക്കി. ഇപ്പോഴത്തെ ആദ്ധ്യാത്മിക ഗുരു ബ. ഫാ. ജോസ് കടകംപള്ളിൽ പുതുതായി സ്ഥാപിതമായ മാവേലിക്കര ഭദ്രാസനത്തിൽ ആരംഭിച്ച മൈനർ സെമിനാരിയുടെ റെക്ടർ ആയി നിയമിതനായതിനാൽ തൽസ്ഥാനത്തേക്ക് പോകുകയാണ്. വിശദമായ വിലയിരുത്തലിനും ചർച്ചകൾക്കുംശേഷം വന്ദ്യ തോമസ് താന്നിക്കാകുഴി കോറെപ്പിസ്കോപ്പായെ റെക്ടർ ആയും, ബ. സ്റ്റീഫൻ തോട്ടത്തിൽ അച്ചനെ ദൈവശാസ്ത്ര ശാഖയുടെ തലവൻ ആയും, ബ. ജോസ് മരിയദാസ് ഒ.ഐ.സി അച്ചനെ തത്വശാസ്ത്ര ശാഖയുടെ തലവൻ ആയും, ബ. ഡാനിയേൽ കുളങ്ങര അച്ചനെ പ്രൊക്കുറേറ്റർ ആയും, ബ. മാത്യു പള്ളത്തുമുറിയിൽ അച്ചനെ ആദ്ധ്യാത്മിക ഗുരുവായും നിയമിക്കാമെന്ന് സുന്നഹദോസ് നിർദ്ദേശിച്ചു.

ആവശ്യംവന്നാൽ മറ്റു സഭകളിൽ നിന്നും വൈദികരെ അദ്ധ്യാപകരായും ആദ്ധ്യാത്മീക ഗുരുക്കന്മാരായും നിയോഗിക്കാമെന്നു സുന്നഹദോസിൽ അഭിപ്രായമുണ്ടായി.

**സഭയുടെ തനതായ ഭൂപരിധിക്കുപുറത്തുള്ള ഇന്ത്യയിലെ സഭാജീവിതത്തിന്റെ ക്രമീകരണം**

സുന്നഹദോസിലെ പ്രധാന ചർച്ചാവിഷയമായിരുന്നു സഭയുടെ അതിർത്തിക്ക് പുറത്ത് ഇന്ത്യയിലുള്ള ഇടവകകളെയും കൂട്ടായ്മകളെയും എങ്ങനെ സംഘടിപ്പിക്കാം എന്നത്. മെത്രാൻസ്ഥാനത്തോടുകൂടിയ ഒരു അപ്പസ്തോലിക വിസിറ്റേറ്ററെ പരിശുദ്ധ സിംഹാസനം നിയോഗിച്ചിട്ടും നമ്മുടെ സഭാകൂട്ടായ്മകളുടെ കാനോനിക അവസ്ഥ മുൻപ്രകാരംതന്നെയാണെന്ന് നിരീക്ഷിക്കപ്പെട്ടു. ഭൂപരിധിക്ക് പുറത്തുള്ള നമ്മുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നതിന് സഭാ കോർഡിനേറ്റർ പെരിയ ബ. ഫാ. ജോൺ ബർക്കുമാൻസ് ഒ.ഐ.സി. ചെയ്തിരുന്ന ശുശ്രൂഷ അപ്പസ്തോലിക വിസിറ്റേറ്റർ ഏറ്റെടുക്കേണ്ടതാണ്. പ്രായോഗികതലത്തിൽ, സഭയുടെ തനതായ ഭൂപരിധിക്കു പുറത്ത്, ഭദ്രാസനങ്ങൾ പണിതുയർത്തിയ പള്ളികളും സ്ഥാപനങ്ങളും ഇതര പ്രസ്ഥാനങ്ങളും മിശിഹാനുകരണ സന്യാസീ സമൂഹം (ബഥനി ആശ്രമം) നിർമ്മിച്ച ദൈവാലയങ്ങളും അപ്പസ്തോലിക് വിസിറ്റേറ്ററുടെ അധികാരത്തിൻകീഴിൽ ഒരു യൂണിറ്റായി ചേർക്കപ്പെടേണ്ടതാണ്. തനതായ ഭൂപരിധിക്കുപുറത്ത് ഇന്ത്യയിലെ മലങ്കര കത്തോലിക്കർക്കുവേണ്ടിയുള്ള വൈദികർ, സന്യസ്തർ, അല്മായർ തുടങ്ങിയവരുടെ അപ്പസ്തോലിക പ്രവർത്തനങ്ങൾ, അപ്പസ്തോലിക വിസിറ്റേറ്ററുടെ നേതൃത്വത്തിൻ കീഴിലുള്ള സഭാപ്രവർത്തനങ്ങളുടെ ഒരു യൂണിറ്റായി രൂപപ്പെടണം. ഈ പ്രദേശത്ത് ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നവരും അതാത് ഭദ്രാസന അംഗത്വമുള്ളവരുമായ വൈദികർ അവരുടെ നിലവിലുള്ള (കാനോനിക) അവസ്ഥ നിലനിർത്തുന്നു. എന്നാൽ അവർ അപ്പസ്തോലിക വിസിറ്റേറ്ററിന് ഭരമേല്പിക്കപ്പെട്ടവരുമാണ്. ഭദ്രാസന മെത്രാപ്പോലിത്തായും അപ്പസ്തോലിക വിസിറ്റേറ്ററും തമ്മിലുള്ള ധാരണപ്രകാരം അവർ അദ്ദേഹത്തിന്റെ കീഴിൽ ഒരു നിശ്ചിത കാലയളവിൽ ശുശ്രൂഷ ചെയ്യണം. അതുപോലെ, പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും ശുശ്രൂഷ ചെയ്യുന്ന ബഥനി ആശ്രമത്തിലെ വൈദികരും അപ്പസ്തോലിക വിസിറ്റേറ്ററിന് ഭരമേല്പിക്കപ്പെട്ടവരാണ്. ഭദ്രാസനങ്ങൾ നടത്തികൊണ്ടുപോകുന്ന എല്ലാ സ്ഥാപനങ്ങളും അപ്പസ്തോലിക വിസിറ്റേറ്ററിന് ഭരമേല്പിക്കപ്പെടേണ്ടതാണ്. നൈയാമിക ഉടമസ്ഥാവകാശം, അവയുടെ ആസ്ഥികളും ബാധ്യതകളും നിജപ്പെടുത്തിയശേഷം, അപ്പസ്തോലിക വിസിറ്റേറ്ററിന് കൈമാറപ്പെടേണ്ടതാണ്. ബഥനി ആശ്രമം സ്ഥാപിച്ചതും നിർമ്മിച്ചതുമായ പള്ളികളുടെ ഉടമസ്ഥാവകാശവും നടത്തിപ്പും സംബന്ധിച്ച് ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതിന് മോറാൻ മോർ ബസേലിയോസ് ക്ലീമിസ്, അഭിവന്ദ്യ തോമസ് മാർ കൂറിലോസ്, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്നീ പിതാക്കന്മാർ 2007 മാർച്ച് 14-ന് ബഥനി ആശ്രമത്തിന്റെ സുപ്പീര്യർ ജനറലിനെയും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിനേയും കാണുന്നതുമാണ്.

**കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണം**

കാതോലിക്കേറ്റ് സെന്ററിനുവേണ്ടി അനുവദിച്ചിരിക്കുന്ന സ്ഥലത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന സെന്റ് അലോഷ്യസ് മൈനർ സെമിനാരിക്കുവേണ്ടിയുള്ള പുതിയ

കെട്ടിടത്തിന്റെ നിർമ്മാണം 2007 ഏപ്രിൽ മാസത്തിൽ പൂർത്തിയാക്കി കൂദാശ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. അതിനുശേഷം മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയയായ കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണം ആരംഭിക്കുവാൻ കഴിയും.

കേരള കത്തോലിക്കാ സഭയുടെ കാക്കനാട്ടുനിന്നും പൊതു സെമിനാരി സ്വത്തിൽ നിന്നും ലഭിക്കേണ്ട തുക മലങ്കര മേജർ സെമിനാരിയുടെയും കാതോലിക്കേറ്റ് സെന്ററിന്റെയും കരുതൽധനമായി ഉപയോഗിക്കാവുന്നതാണ്. തുകയുടെ മൂന്നിലൊന്ന് കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

**പൊതുവായ ആഘോഷങ്ങൾ (ജൂലൈ 15, സെപ്തംബർ 20)**

തുടർന്നുള്ള ചർച്ചയിൽ, 2007 ജൂലൈ 15 ഞായറാഴ്ച ആകയാൽ, സഭാതലത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ 2007 ജൂലൈ 14-ന് നടത്താമെന്ന് തീരുമാനിച്ചു. അതിനാൽ, തിരുവനന്തപുരത്തുള്ള പട്ടത്തെ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലേക്കുള്ള പദയാത്ര റാന്നി-പെരുന്നാട്ടുനിന്ന് 2007 ജൂലൈ 9ന് ആരംഭിക്കേണ്ടതാണ്.

77-ാമത് പുനരൈക്യദിനത്തിന്റെ ആഘോഷങ്ങൾ, കത്തോലിക്കാ കൂട്ടായ്മയിൽ മലങ്കര ഹയരാർക്കി പുനഃസ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി, ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ 125-ാം ജന്മവർഷം എന്നിവയുടെ ആഘോഷങ്ങളുടെ ഒരുക്കങ്ങൾ പുരോഗമിച്ചുവരികയാണെന്ന് ബത്തേരി ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് അറിയിച്ചു. താമരശ്ശേരിക്കടുത്ത് കോടഞ്ചേരിയിൽ വച്ച് ആഘോഷങ്ങൾ നടത്തപ്പെടുന്നതാണ്.

**സിംഹാസന ഒഴിവിലേക്കുള്ള കാനോനിക നിയമനം**

വിഷയാനുക്രമണികയിലെ അടുത്ത വിഷയം, തിരുവല്ലാ സിംഹാസന ഒഴിവിലേക്കുള്ള കാനോനിക നിയമനമായിരുന്നു. ഈ നിയമനം നടത്തപ്പെടേണ്ട വിധം ചർച്ചയിൽ തീരുമാനിക്കപ്പെട്ടു:

1. ഒഴിവായ തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസനത്തിലേക്ക് എത്രയും വേഗം കാനോനിക നിയമനം നടത്തുക.
2. ഒരു സീനിയർ മെത്രാനെ ഒഴിവായ തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസനത്തിലേക്ക് സ്ഥലംമാറ്റുക.

രഹസ്യ ബാലറ്റിനാൽ നടന്ന തെരഞ്ഞെടുപ്പിൽ മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി തെരഞ്ഞെടുക്കപ്പെട്ടു. റോമിലും തിരുവനന്തപുരത്തും തിരുവല്ലായിലും ഏകകാലീകമായി പ്രഖ്യാപനം നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ, പ്രസ്തുത പേര് അപ്പസ്തോലിക്ക് ന്യുൺഷ്യോയ്ക്ക് അയച്ചുകൊടുക്കാൻ തീരുമാനിച്ചു.

അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ സ്ഥലംമാറ്റത്തോടെ ഒഴിവാകുന്ന മൂവാറ്റുപുഴ സിംഹാസനത്തിലേക്ക് ഒരു ഭദ്രാസനാദ്ധ്യക്ഷനെ നിയോഗിക്കേണ്ടതുണ്ട്. ആയതിനാൽ, സുന്നഹദോസ്, പ. കാനോനകൾപ്രകാരം മെത്രാൻ സ്ഥാനാർത്ഥികളുടെ ഒരു പട്ടിക തയ്യാറാക്കി. റോമാ മാർപ്പാപ്പായുടെ അംഗീകാരം ലഭിക്കേണ്ടതിന്, CCEO 182 §3 കാനോനപ്രകാരം, പ.കാതോലിക്കാബാവ ഈ പട്ടിക അപ്പസ്തോലിക സിംഹാസനത്തിന് അയച്ചുകൊടുക്കുന്നതാണ്.

**സുന്നഹദോസ് കമ്മീഷനുകൾ**

മെത്രാൻസംഘത്തിൽ വന്ന മാറ്റങ്ങൾ കാരണം സുന്നഹദോസ് കമ്മീഷനുകളിലെ അദ്ധ്യക്ഷപദങ്ങളിൽ ചെറിയ വ്യതിയാനങ്ങൾ വരുത്തേണ്ടത് ആവശ്യമായി വന്നു. മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ സെമിനാരി പരിശീലനത്തിനുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെയും, അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി ലിറ്റർജിക്കുവേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെയും, അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി സുവിശേഷ പ്രഘോഷണത്തിനു വേണ്ടിയുള്ള സുന്നഹദോസ് കമ്മീഷന്റെയും ആദ്ധ്യക്ഷം വഹിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു. ഈ നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെട്ടു.

**മാർ ഈവാനിയോസ് പിതാവിന്റെ നാമകരണനടപടികളുടെ കാനോനിക അപേക്ഷയുടെ അംഗീകാരം**

മാർ ഈവാനിയോസ് പിതാവിന്റെ നാമകരണനടപടികളുടെ കാനോനിക അപേക്ഷ സംബന്ധിച്ച് നാലാമത്തെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസും ഭാഗ്യസ്മരണാർഹനും അതിധന്യനുമായ മോറാൻ മോർ സിറിൽ ബസേലിയോസും സസൂക്ഷ്മം കൈക്കൊണ്ട നടപടികൾ പിന്തുടരുമെന്ന് പ. കാതോലിക്കാബാവാ സുന്നഹദോസ് പിതാക്കന്മാരെ അറിയിച്ചു. നാമകരണനടപടികളുടെ കാനോനിക അപേക്ഷ സ്വീകരിച്ചുകൊണ്ടുള്ള പ്രഖ്യാപനം പിതാവിന്റെ ഓർമ്മദിവസം നടത്താമെന്നും അറിയിച്ചു. ഇതിനുശേഷം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് "ദൈവദാസൻ" എന്ന് വിളിക്കപ്പെടുന്നതായിരിക്കും. കാതോലിക്കാബാവായുടെ ഈ തീരുമാനത്തെ സുന്നഹദോസ് പിതാക്കന്മാർ സസന്തോഷം അംഗീകരിച്ചു.

**രഹസ്യസ്വഭാവമുള്ള കാര്യങ്ങൾ**

വിഷയാനുക്രമണികയിൽ ഈ ശീർഷകത്തിൻകീഴിൽ നൽകപ്പെട്ടിരുന്ന വിഷയം ചർച്ചചെയ്യുകയും അന്തിമ തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

**ഉപസംഹാരം**

വിഷയാനുക്രമണികയിലെ മറ്റ് വിഷയങ്ങൾ അടുത്ത പരിശുദ്ധ സുന്നഹദോസിലേക്ക് മാറ്റിവച്ചു. അടുത്തതും അഞ്ചാമത്തേതുമായ സാധാരണ പ.സുന്നഹദോസ് 2007 ഒക്ടോബർ 9-ാം തീയതി 3 മണി മുതൽ 12-ാം തീയതി വരെ വിളിച്ചുകൂട്ടാമെന്ന ധാരണയിലെത്തി. വലിയ നോമ്പിന്റെ അവസാനത്തിലേക്ക് സമീപിക്കുന്ന ഈ അവസരത്തിൽ പുനഃസമർപ്പണത്തിനും ജീവിത നവീകരണത്തിനുമായുള്ള ആഹ്വാനത്തോടെ പ. കാതോലിക്കാബാവാ സുന്നഹദോസ് പര്യാവസാനിപ്പിച്ചു. തിരക്കേറിയ ദിവസമായിരിന്നിട്ടും പ. സുന്നഹദോസിൽ സംബന്ധിച്ച വന്ദ്യ പിതാക്കന്മാർക്ക് പ. ബാവാതിരുമേനി നന്ദി പറഞ്ഞു. പ. കാതോലിക്കാബാവായുടെ പ്രാർത്ഥനയോടും അപ്പസ്തോലിക ആശിർവാദത്തോടും 8 മണിക്ക് സുന്നഹദോസ് പര്യവസാനിച്ചു.

**✠അഭിവന്ദ്യ തോമസ് മാർ കൂറിലോസ്**
സുന്നഹദോസ് സെക്രട്ടറി

**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി**
ചാൻസലർ

## THE SYRO- MALANKARA CATHOLIC CHURCH
## MAJOR ARCHIEPISCOPAL CURIA

CATHOLICATE CENTRE, TRIVANDRUM - 695004, KERALA, INDIA

**Extraordinary Holy Episcopal Synod**

**10 March 2007**

## DECISION

The Extraordinary Holy Episcopal Synod of the Syro-Malankara Catholic Church held at the Major Archiepiscopal Curia, in the Catholicate Centre, Pattom, Trivandrum, on 10 March 2007 studied and prayed over the following matters and decided:

**I. The Patron's Day of the Catholicos**

1. That the name "Baselios" being the titular name of the Catholicos, the feast of St. Basil on January 1 shall be celebrated as the Feast of the Patron Saint of the Catholicos of our Church. However, taking into account the social festivity of the New Year Day, it shall be celebrated on 2 January every year.

**II. On the Canonical Provision for Vacant Sees**

2. To make canonical provision for the vacant See of Tiruvalla according to the following modalities:
    a. to make immediate provision for the vacant Metropolitan See of Tiruvalla
    b. to transfer a senior Bishop to the vacant Metropolitan See of Tiruvalla
3. To send the name of Most Rev. Thomas Mar Koorilos, the Eparchial Bishop of Muvattupuzha, who was elected to fill in the vacant See of Tiruvalla, to the Apostolic Nuncio, so that he would arrange for its simultaneous announcement in Rome, Trivandrum and Tiruvalla.
4. To fill in the vacancy of the See of Muvattupuzha, according to the norms of the Holy Canons from a list of candidates for Episcopacy.

According to CCEO c 182 §3, the Catholicos shall send the list to the Apostolic See to obtain the assent of the Roman Pontiff.

**Approval of the Canonical Petition of the Cause of Canonization of Mar Ivanios**

5. His Beatitude the Catholicos shall pursue the the process of acceptance of the Canonical Petition submitted by the Postulator for the Cause of Canonisation of Archbishop Mar Ivanios and shall approve the petition according to the norms given by the Holy See. In case, he approves the petition, it shall be announced in the Church on the day of the commemoration of Mar Ivanios.

6. That 15 July 2007 being a Sunday, the ecclesial-level-commemoration of Mar Ivanios shall be held on Saturday, 14 July 2007.

7. Matter *sub-secreto*

**✠Most Rev. Thomas Mar Koorilos**
Secretary

**Fr. Antony Valiyavilayil OIC**
Chancellor

**സീറോ-മലങ്കര കത്തോലിക്കാ സഭ**
**മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ**

കാതോലിക്കേറ്റ് സെന്റർ, തിരുവനന്തപുരം-695 004 കേരളം, ഇന്ത്യ

## അസാധാരണ സുന്നഹദോസ്

2007 മാർച്ച് 10

## തീരുമാനങ്ങൾ

തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിലെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിൽ വച്ച് 2007 മാർച്ച് 10-ന് നടത്തിയ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ അസാധാരണ പ. സുന്നഹദോസ് താഴെ വരുന്ന കാര്യങ്ങളിന്മേൽ പഠനത്തോടും പ്രാർത്ഥനയോടും കൈകൊണ്ട തീരുമാനങ്ങൾ:

I. **കാതോലിക്കാബാവായുടെ നാമഹേതുക തിരുന്നാൾ**

1. കാതോലിക്കാബാവയുടെ സ്ഥാനപ്പേര് 'ബസേലിയോസ്' എന്ന് ആയിരിക്കുന്നതിനാൽ വി. ബസേലിയോസിന്റെ തിരുന്നാൾ ദിനമായ ജനുവരി 1, കാതോലിക്കാ ബാവായുടെ സംരക്ഷക വിശുദ്ധന്റെ പെരുന്നാൾ ദിനമായി ആചരിക്കേണ്ടതാണ്. എന്നിരുന്നാലും, പുതുവർഷ ദിനത്തിന്റെ സാമൂഹിക ആഘോഷം കണക്കിലെടുത്ത് എല്ലാ വർഷവും ജനുവരി 2ന് ഇത് ആചരിക്കേണ്ടതാണ്.

II. **സിംഹാസന ഒഴിവിലേക്ക് കാനോനിക നിയമനം**

2. തിരുവല്ലാ സിംഹാസന ഒഴിവിലേക്കുള്ള കാനോനിക നിയമനം താഴെപ്പറയുന്ന വിധം നടത്തപ്പെടേണ്ടതാണ്.
   a. ഒഴിവായ തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസനത്തിലേക്ക് എത്രയും വേഗം കാനോനിക നിയമനം നടത്തുക.
   b. ഒരു സീനിയർ മെത്രാനെ ഒഴിവായ തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസനത്തിലേക്ക് സ്ഥലംമാറ്റുക.
3. റോമിലും തിരുവനന്തപുരത്തും തിരുവല്ലായിലും ഏകകാലീകമായി പ്രഖ്യാപനം നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ, അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയുടെ പേര് അപ്പസ്തോലിക്ക് ന്യൂൺഷ്യോയ്ക്ക് അയച്ചുകൊടുക്കുക.
4. പ. കാനോനകൾപ്രകാരം, മെത്രാൻ സ്ഥാനാർത്ഥികളുടെ പട്ടികയിൽനിന്ന് മൂവാറ്റുപുഴ സിംഹാസന ഒഴിവ് നികത്തുന്നതിന് തീരുമാനിച്ചു. റോമാ മാർപ്പാപ്പായുടെ അംഗീകാരം ലഭികേണ്ടതിന്, CCEO 182 §3 കാനോനപ്രകാരം,

പ.കാതോലിക്കാബാവാ ഈ പട്ടിക അപ്പസ്തോലിക സിംഹാസനത്തിന് അയച്ചുകൊടുക്കണം.

**III. മാർ ഈനവാനിയോസ് പിതാവിന്റെ നാമകരണനടപടികളുടെ കാനോനിക അപേക്ഷയുടെ അംഗീകാരം**

5. ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ നാമകരണ നടപടികൾക്കായി പോസ്റ്റുലേറ്റർ സമർപ്പിച്ച കാനോനിക അപേക്ഷ പ. കാതോലിക്കാബാവ സസൂഷ്മം പരിശോധിക്കുകയും പ. സിംഹാസനം തൽക്കാര്യത്തിനായി നൽകിയിരിക്കുന്ന നിയമപ്രകാരം അംഗീകരിക്കാവുന്നതുമാണ്. അപേക്ഷ അംഗീകരിക്കപ്പെടുകയാ ണെങ്കിൽ, പ്രസ്തുത പ്രഖ്യാപനം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മദിവസം നടത്തേണ്ടതാണ്.

6. 2005 ജൂലൈ 15 ഞായറാഴ്ച ആകയാൽ സഭാതലത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപ്പെരുന്നാൾ 2007 ജൂലൈ 14, ശനിയാഴ്ച നടത്തേണ്ടതാണ്.

✠ **അഭിവന്ദ്യ തോമസ് മാർ കൂറിലോസ്**
സുന്നഹദോസ് സെക്രട്ടറി

**ഫാ. ആന്റണി വലിയവിളയിൽ ഒ. ഐ. സി**
ചാൻസലർ

# THE SYRO- MALANKARA CATHOLIC CHURCH
# MAJOR ARCHIEPISCOPAL CURIA

CATHOLICATE CENTER, TRIVANDRUM - 695004, KERALA, INDIA

## Extraordinary Holy Episcopal Synod
## 10 March 2007

## GUIDELINES

The extraordinary Synod that met on 10 March 2007 gave the following directives for:

**1. The Organisation of Ecclesial Life of the Malankara Catholics in India outside its *Territorium Proprium***

a. It is to be understood that the canonical status of our communities remains the same even though an Apostolic Visitator, with Episcopal character, is appointed by the Holy See.

b. In order to organise our communities outside the *territorium proprium*, the Apostolic Visitator shall take over the work done by the Ecclesiastical Co-ordinator, Very Rev. Fr. John Berchmans OIC.

c. The churches, institutions and other entities outside the *territorium proprium*, which are now built up by the Eparchies and the churches established and built up by the Order of the Imitation of Christ (Bethany Ashram), should be combined into a single unit under the authority of the Apostolic Visitator.

d. The Priests, Religious and the Laity with all their organisations and apostolic activities for the Malankara Catholics in India outside the *territorium proprium* form a single unit of ecclesial activities under the guidance of the Apostolic Visitator.

e. The Priests now working in this region and are incardinated in the particular Eparchies maintain their *status quo*, but they are entrusted to the Apostolic Visitator. They should work under him for the period of time agreed upon by the respective Eparchial Bishop and the Apostolic Visitator.

f. The Priests of Bethany Ashram, who work in parishes and mission centres too are entrusted to the Apostolic Visitator.

g. All institutions, which are now managed by the Eparchies, shall be entrusted to the Apostolic Visitator. Their legal ownership shall be transferred to the Apostolic Visitator in due course, after ascertaining their assets and liabilities.

h. Regarding the ownership of the churches and institutions established and built up by Bethany Ashram, His Beatitude Moran Mor Baselios Cleemis, Most Rev. Thomas Mar Koorilos and Most Rev. Joshua Mar Ignathios will meet the Superior General and the Provincial Superiors of Bethany Ashram on 14 March 2007and discuss and settle the matter.

**2. Use of the amount to be realised from the common property of the seminary of the Catholic Churches of Kerala, at Kakkanadu**.

It could be used as a reserve fund for the St. Mary’s Malankara Seminary and the Catholicate Centre. One third of the amount could be used for the construction of the Catholicate Centre.

**✠Most Rev. Thomas Mar Koorilos**
Secretary

**Fr. Antony Valiyavilayil OIC**
Chancellor

## സീറോ-മലങ്കര കത്തോലിക്കാ സഭ
## മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ

കാതോലിക്കേറ്റ് സെന്റർ, തിരുവനന്തപുരം-695 004 കേരളം, ഇന്ത്യ

### അസാധാരണ സുന്നഹദോസ്

2007 മാർച്ച് 10

### സുന്നഹദോസ് നൽകിയ മാർഗനിർദേശരേഖകൾ

2007 മാർച്ച് 10-ന് സമ്മേളിച്ച അസാധാരണ സുന്നഹദോസ് താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി:

**1. സഭയുടെ ഭൂപരിധിക്കുപുറത്ത് ഇന്ത്യയിലെ മലങ്കര കത്തോലിക്കരുടെ സഭാത്മക ജീവിതത്തിന്റെ ക്രമീകരണം.**

a. ഒരു അപ്പസ്തോലിക വിസിറ്റേറ്ററെ പരിശുദ്ധ സിംഹാസനം നിയോഗിച്ചുവെങ്കിലും നമ്മുടെ സഭാകൂട്ടായ്മകളുടെ കാനോനിക അവസ്ഥ മുൻപ്രകാരംതന്നെ നിലനിൽക്കുന്നുവെന്ന് മനസ്സിലാക്കേണ്ടതാണ്.

b. സഭയുടെ തനതായ ഭൂപരിധിക്ക് പുറത്തുള്ള നമ്മുടെ കൂട്ടായ്മ സംഘടിപ്പിക്കുന്നതിന് സഭാ കോർഡിനേറ്റർ പെരിയ ബ. ഫാ. ജോൺ ബർക്കുമാൻസ് ഒ.ഐ.സി. ചെയ്തിരുന്ന ശുശ്രൂഷ അപ്പസ്തോലിക വിസിറ്റേറ്റർ ഏറ്റെടുക്കേണ്ടതാണ്.

c. സഭയുടെ തനതായ ഭൂപരിധിക്കു പുറത്ത്, ഭദ്രാസനങ്ങൾ പണിതുയർത്തിയ പള്ളികളും സ്ഥാപനങ്ങളും ഇതര പ്രസ്ഥാനങ്ങളും മിശിഹാനുകരണ സന്യാസീ സമൂഹം (ബഥനി ആശ്രമം) നിർമ്മിച്ച ദൈവാലയങ്ങളും അപ്പസ്തോലിക് വിസിറ്റേറ്ററുടെ അധികാരത്തിൻകീഴിൽ ഒരു യൂണിറ്റായി ചേർക്കപ്പെടേണ്ടതാണ്.

d. തനതായ ഭൂപരിധിക്കുപുറത്ത് ഇന്ത്യയിലെ മലങ്കര കത്തോലിക്കർക്കു വേണ്ടിയുള്ള വൈദികർ, സന്യസ്തർ, അല്മായർ തുടങ്ങിയവരുടെ അപ്പസ്തോലിക പ്രവർത്തനങ്ങൾ അപ്പസ്തോലിക വിസിറ്റേറ്ററുടെ നേതൃത്വത്തിൻ കീഴിലുള്ള സഭാപ്രവർത്തനങ്ങളുടെ ഒരു യൂണിറ്റായി രൂപപ്പെടണം.

e. ഈ പ്രദേശത്ത് ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നവരും അതാത് ഭദ്രാസന അംഗത്വമുള്ളവരുമായ വൈദികർ അവരുടെ നിലവിലുള്ള (കാനോനിക) അവസ്ഥ നിലനിർത്തുന്നു. എന്നാൽ അവർ അപ്പസ്തോലിക വിസിറ്റേറ്ററിന് ഭരമേല്പിക്കപ്പെട്ടവരുമാണ്. ഭദ്രാസന മെത്രാപ്പോലിത്തായും അപ്പസ്തോലിക വിസിറ്റേറ്ററും തമ്മിലുള്ള ധാരണപ്രകാരം അവർ അദ്ദേഹത്തിന്റെ കീഴിൽ നിശ്ചിത കാലയളവിലേക്ക് ശുശ്രൂഷ ചെയ്യണം.

f. പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും ശുശ്രൂഷ ചെയ്യുന്ന ബഥനി ആശ്രമത്തിലെ വൈദികരും അപ്പസ്തോലിക വിസിറ്റേറ്ററിന് ഭരമേല്പിക്കപ്പെട്ടവരാണ്.

g. ഭദ്രാസനങ്ങൾ നടത്തികൊണ്ടുപോകുന്ന എല്ലാ സ്ഥാപനങ്ങളും അപ്പസ്തോലിക

വിസിറ്റേറ്ററിന് ഭരമേല്പിക്കപ്പെടേണ്ടതാണ്. നൈയാമിക ഉടമസ്ഥാവകാശം, അവയുടെ ആസ്ഥികളും ബാധ്യതകളും നിജപ്പെടുത്തിയശേഷം, അപ്പസ്തോലിക വിസിറ്റേറ്ററിന് കൈമാറ്റപ്പെടേണ്ടതാണ്.

h. ബഥനി ആശ്രമം സ്ഥാപിച്ചതും നിർമ്മിച്ചതുമായ പള്ളികളുടെ ഉടമസ്ഥാവകാശവും നടത്തിപ്പും സംബന്ധിച്ച് ചർച്ചചെയ്ത് തീരുമാനമെടുക്കുന്നതിന് മോറാൻ മോർ ബസേലിയോസ് ക്ലീമിസ്, അഭിവന്ദ്യ തോമസ് മാർ കൂറിലോസ്, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് എന്നീ പിതാക്കന്മാർ 2007 മാർച്ച് 14 ന് ബഥനി ആശ്രമത്തിന്റെ സുപ്പീരിയർ ജനറലിനെയും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിനേയും കാണുന്നതുമാണ്.

**2. കേരള കത്തോലിക്കാ സഭയുടെ കാക്കനാട്ടിലെ പൊതു സെമിനാരി സ്വത്തിൽ നിന്നും ലഭിക്കേണ്ട തുകയുടെ ഉപയോഗം**

മലങ്കര മേജർ സെമിനാരിയുടെയും കാതോലിക്കേറ്റ് സെന്ററിന്റെയും കരുതൽധനമായി ഇത് ഉപയോഗിക്കാവുന്നതാണ്. തുകയുടെ മൂന്നിലൊന്ന് കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണത്തിന് ഉപയോഗിക്കാവുന്നതാണ്.

**✠അഭിവന്ദ്യ തോമസ് മാർ കൂറിലോസ്**
സുന്നഹദോസ് സെക്രട്ടറി

**ഫാ. ആന്റണി വലിയവിളയിൽ ഒ. ഐ. സി.**
ചാൻസലർ

**2007 മാർച്ച് 10ന് നടന്ന മലങ്കര കത്തോലിക്കാസഭയുടെ**
**അസാധാരണ സുന്നഹദോസിൽ**
**പ. കാതോലിക്കാബാവായുടെ സമാപന സന്ദേശം**

പ്രിയപ്പെട്ട സുന്നഹദോസ് പിതാക്കന്മാരേ,

ഈ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ സമാപനത്തിലേക്ക് കടക്കുമ്പോൾ, നമ്മോടൊപ്പമുള്ള കർത്താവിന്റെ സഹവാസത്തിനും പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനും, പിതാവായ ദൈവത്തിന്റെ സ്നേഹമുള്ള ചിറകിൻകീഴിൽ നമ്മെ സംരക്ഷിച്ചതിനും ഞാൻ കൃതജ്ഞതയർപ്പിക്കുന്നു. നമ്മുടെ കഴിഞ്ഞ സുന്നഹദോസ് കൂടിവരവിൽ നമ്മെ നയിച്ച മോറാൻ മോർ സിറിൽ ബസേലിയോസ് പിതാവിന്റെ ഓർമ്മ ഞാൻ അനുസ്മരിക്കുന്നു. തന്റെ അനാരോഗ്യം കണക്കിലെടുക്കാതെ ആ ദിവസങ്ങളിൽ അദ്ദേഹം നമ്മോടൊപ്പമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മ നമ്മുടെ സഭാജീവിതത്തിന് ഒരു വഴികാട്ടിയാണ്.

ഒരു ദിവസംകൊണ്ട് ഈ സുന്നഹദോസ്യോഗം നിരവധി കാര്യങ്ങൾ നേടിയെടുത്തു. അതിഭദ്രാസന, ഭദ്രാസന സിംഹാസനങ്ങളുടെ ഒഴിവ് നികത്തുന്നതിനു നാം കൈക്കൊണ്ട തീരുമാനങ്ങളും, ആർച്ചുബിഷപ്പ് മാർ ഈവാനിയോസിന്റെ നാമകരണ നടപടികൾക്കായുള്ള കാനോനിക അപേക്ഷ സ്വീകരിക്കുന്നതിനുള്ള ആലോചനയും സഭാചരിത്രത്തിലെ സുപ്രധാന സംഭവങ്ങളാണ്. നമ്മുടെ തീരുമാനങ്ങൾ നമ്മുടെ സുന്നഹദോസ് കൂട്ടായ്മയുടെ ഐക്യവും ശക്തിയും പ്രകടമാക്കുന്നു. നമുക്ക് ഇത് അനുഗ്രഹത്തിന്റെ ഒരു ഉറവിടമാണ്.

പരിശുദ്ധാത്മ സഹായത്താൽ, നമ്മുടെ സഭ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ട്, പരിശുദ്ധ സുന്നഹദോസ് രൂപീകരിച്ചശേഷം ഹ്രസ്വമായ കാലയളവിൽ സഭയുടെ കാര്യക്ഷമമായ ഭരണത്തിനായി പ്രയോജനകരമായ കാനോനിക ഘടനകളും ക്രമങ്ങളും സൃഷ്ടിക്കുവാൻ നമുക്ക് കഴിഞ്ഞു. കർത്താവിന്റെ അരൂപി തുടർന്നും നമ്മെ നയിക്കട്ടെ!

ആദരണീയരായ സഹോദര മെത്രാന്മാരേ,

സുന്നഹദോസിനുശേഷം, നോമ്പുകാലത്തിന്റെ തീക്ഷ്ണതയിൽ, നമ്മുടെ ഭദ്രാസനങ്ങളിൽ നാം തിരിച്ചെത്തുന്നു. നോമ്പുകാലത്തിന്റെ ആത്മീയ ഔത്സുക്യത്തോടെ സുന്നഹദോസിൽ നാം പങ്കുവച്ച കൂട്ടായ്മയുടെ അരൂപി പ്രോത്സാഹിപ്പിക്കാം. നമുക്ക് ഇത് വിശുദ്ധീകരണത്തിന്റെ ഒരു ഉറവിടമായിരിക്കും. യേശുക്രിസ്തുവിന്റെ രക്ഷണീയ വ്യാപാരത്തിന്റെ, പെസഹാരഹസ്യത്തിന്റെ, ഫലങ്ങൾ നമുക്ക് ശേഖരിക്കാം. "സഹോദരരേ, ഒരു പുതിയ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. മിശിഹാ കബറിൽനിന്നുയർത്തെഴുന്നേൽക്കുകയും ശത്രുക്കളെ തന്റെ പിന്നിലേക്ക് അടിച്ചോടിക്കുകയും ചെയ്തിരിക്കുന്നു'' എന്ന് ഉയിർപ്പ് ശുശ്രൂഷയിൽ നാം പ്രഖ്യാപിക്കുമ്പോൾ ഉത്ഥിതനായ ക്രിസ്തു നമ്മെ പൂർണ്ണമായും വലയം ചെയ്യട്ടെ!

ഞാൻ നിങ്ങൾക്കും എല്ലായിടത്തുമുള്ള നമ്മുടെ സമൂഹങ്ങൾക്കും എല്ലാ വിജയങ്ങളും ആശംസിക്കുന്നു. നമ്മെ ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ! ഈ പരിശുദ്ധ സുന്നഹദോസ് സമാപിച്ചതായി ഞാൻ പ്രഖ്യാപിക്കുന്നു.

**✠ മോറാൻ മോർ ബസേലിയോസ് ക്ലീമീസ്**
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കാബാവാ

**THE VALEDICTORY MESSAGE OF HIS BEATITUDE, THE CATHOLICOS AT THE EXTRAORDINARY HOLY EPISCOPAL SYNOD OF THE MALANKARA CATHOLIC CHURCH HELD ON 10 MARCH 2007**

Dear Synod Fathers,

As we come to the close of this Holy Episcopal Synod, I thank the Lord for His abiding presence with us and the Holy Spirit for inspiring us and keeping us protected under the loving wings of God, the Father. I recall the memory of His Beatitude Moran Mor Cyril Baselios who guided our last Synodal gathering. In spite of his ill- health he was with us during those days. His loving memory is a guide to our ecclesial life.

Within a day, this synodal convocation has achieved quite a lot. The decisions we have arrived at to fill in the vacant Archieparchial and Eparchial sees and the consultation for the acceptance of the Canonical petition for the cause of canonisation of Archbishop Mar Ivanios, are important events in the history of our Church. Our decisions manifest the unity and strength of our synodal communion. This is a source of blessing for us.

In the short span of time after our Church was elevated to the status of a Major Archiepiscopal Church and the Holy Episcopal Synod was constituted, we could create, thanks to the guidance of the Holy Spirit, functional canonical structures and systems for the efficient administration of our Church. Let the Spirit of the Lord continue to guide us.

Venerable brother Bishops,

In the fervor of the Lenten season, we return to our respective Eparchies after this Synod. We shall foster the spirit of communion that we experienced in the Synod with the spiritual zeal of the season. It will be a source of sanctification for us. We shall reap the fruits of the economy of salvation, the paschal mystery of Jesus Christ, that we commemorate during this season. Let the risen Lord encompass us fully when at the Easter Liturgy, we proclaim, “Brethren, I announce to you a new message: The Lord Jesus has risen from the tomb and he has driven back all his enemies”.

I wish you and our communities everywhere every success. May God bless us all. I declare the Synod closed.

**✠Moran Mor Beselios Cleemis Catholicos**
Major Archboshop-Catholicos

## DOCUMENTATION I

Canonical Provision
to the Vacant Metropolitan See of Tiruvalla

**Dated 5 March 2007**

To
Right Rev. Corepiscopo
**Cherian Ramanalil**
Archbishop's House
Marygiri, Tiruvalla 689101

**LETTER OF APPOINTMENT AS ADMINISTRATOR**

*In the name of the Father and of the Son and of the Holy Spirit, Amen!*

Dear Rt. Rev. Corepiscopo Cherian Ramanalil,

Greetings and Apostolic Blessings to you!

I am pleased to appoint you Administrator of the Vacant Metropolitan See of Tiruvalla with effect from today, 5 March 2007, as per CCEO c 220.3°.

You are to make a profession of faith before me and take canonical possession of the office by presenting this letter of appointment to the College of Metropolitan Eparchial Consultors as per CCEO c 220.4°.

Venerable Son,
You will exercise the rights and obligations of your office as per the Code of Canons of the Oriental Churches and the legitimate laws and customs of the Syro-Malankara Catholic Church.

May God bless you!

Yours in Our Lord

sd/-
✠**Moran Mor Baselios Cleemis**
Major Archbishop-Catholicos

sd/-
**Fr. Antony Valiyavilayil OIC**
Chancellor

(പരിഭാഷ)

2007 മാർച്ച് 5

വന്ദ്യശ്രീ
**ചെറിയാൻ രാമനാലിൽ കോറെപ്പിസ്കോപ്പാ**
ആർച്ചുബിഷപ്പ്സ് ഹൗസ്
മേരിഗിരി, തിരുവല്ലാ 689101.

## അഡ്മിനിസ്ട്രേറ്ററായുള്ള നിയമന കത്ത്

പിതാവിന്റെയും പുത്രന്റെയും പ. റൂഹായുടെയും നാമത്തിൽ, ആമ്മീൻ

വന്ദ്യശ്രീ കോറെപ്പിസ്കോപ്പാ ചെറിയാൻ രാമനാലിൽ,

താങ്കൾക്ക് ആശംസകളും അപ്പസ്തോലിക ആശിർവാദങ്ങളും!

ഒഴിവായ തിരുവല്ലാ അതിഭദ്രാസന സിംഹാസനത്തിന്റെ അഡ്മിനിസ്ട്രേറ്റർ ആയി, താങ്കളെ ഇന്ന്, 2007 മാർച്ച് 5 മുതൽ ഇഇളൃഛ $220.3^0$ കാനോനപ്രകാരം, നിയമിക്കുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്.

ഇഇളൃഛ $220.4^0$ കാനോനപ്രകാരം താങ്കൾ എന്റെ മുമ്പാകെ വിശ്വാസ പ്രഖ്യാപനം നടത്തുകയും ഈ നിയമന കല്പന അതിഭദ്രാസന ആലോചന സംഘത്തെ കാണിച്ചുകൊണ്ട് കാനോനികമായി ഈ ഔദ്യോഗിക ചുമതല ഏറ്റെടുക്കുകയും വേണം.

ആദരണീയനായ മകനേ,
പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാനോന സംഹിതപ്രകാരവും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നിയമാനുസൃതമായ നിയമങ്ങളും ആചാരങ്ങളും അനുസരിച്ചും താങ്കളുടെ ശുശ്രൂഷകളുടെ അവകാശങ്ങളും കടമകളും താങ്കൾ നിർവ്വഹിക്കേണ്ടതാണ്.

ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവിൽ

(ഒപ്പ്)
**✠മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ചുബിഷപ്പ് കതോലിക്കബാവാ

(ഒപ്പ്)
ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി
ചാൻസലർ

*പത്രറിപ്പോർട്ട്*

## മോൺ. ചെറിയാൻ രാമനാലിൽ കോറെപ്പിസ്‌ക്കോപ്പാ തിരുവല്ലാ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ

**തിരുവനന്തപുരം:** മലങ്കര കത്തോലിക്കാസഭയുടെ തിരുവല്ലാ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി വന്ദ്യദിവ്യശ്രീ ചെറിയാൻ രാമനാലിൽ കോറെപ്പിസ്‌ക്കോപ്പായെ, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ നിയമിച്ചു. ഇന്ന് വൈകുന്നേരം പട്ടം കാതോലിക്കേറ്റ് സെന്ററിൽ, തിരുവല്ലാ അതിഭദ്രാസന ആലോചന സംഘത്തിന്റെ സാന്നിധ്യത്തിലാണ് പ്രഖ്യാപനം നടന്നത്. തിരുവല്ലാ അതിരൂപതയുടെ മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പായിരുന്ന മോസ്റ്റ് റവ. ഡോ. ഐസക് മാർ ക്ലീമിസ് മലങ്കരസഭയുടെ മേജർ ആർച്ച്ബിഷപ്പ് കാതോലിക്കാബാവായായി സ്ഥാനാരോഹണം ചെയ്യപ്പെട്ടതിനെത്തുടർന്നാണ് പുതിയ അഡ്മിനിസ്ട്രേറ്ററെ നിയമിച്ചത്. അതിരൂപതയ്ക്ക് പുതിയ മെത്രാപ്പോലിത്തായെ ലഭിക്കുന്നതുവരെ അഡ്മിനിസ്ട്രേറ്ററായി ചെറിയാൻ രാമനാലിൽ കോറെപ്പിസ്‌ക്കോപ്പാ തുടരും. തിരുവല്ലാ അതിരൂപതയുടെ മുഖ്യവികാരി ജനറാളായി സേവനം അനുഷ്ഠിച്ചു വരികയായിരുന്നു അദ്ദേഹം.

അയിരൂർ പകലോമറ്റം താഴമൺ, രാമനാലിൽ വറുഗീസ്-അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ മകനായി 1939 നവംബർ 18-ാം തീയതി ജനിച്ച ചെറിയാൻ 1953-ൽ കുടുംബത്തോടൊപ്പം കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെടുകയും, പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം വൈദികപരിശീലനത്തിനായി 1955-ൽ തിരുവല്ലാ മൈനർ സെമിനാരിയിൽ പ്രവേശിക്കുകയും ചെയ്തു. മദ്യത്തിനെതിരായ ബോധവത്ക്കരണ പ്രവർത്തനങ്ങളിലും, കരിസ്മാറ്റിക് ധ്യാനങ്ങൾ ക്രമീകരിക്കുന്നതിലും ബദ്ധശ്രദ്ധനായ അദ്ദേഹം 2006 ജനുവരി മുതൽ തിരുവല്ലാ അതിരൂപതയുടെ മുഖ്യവികാരി ജനറാളായി സേവനം അനുഷ്ഠിക്കുന്നു.

**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി**
ചാൻസലർ

***Press Release***

## Corepiscopo Cherian Ramanalil is Administrator of the Archieparchy of Tiruvalla

**Trivandrum:** Moran Mor Baselios Cleemis, the Major Archbishop-Catholicos of the Malankara Catholic Church, appointed Cherian Ramanalil Corepiscopo as Administrator of the Archieparchy of Tiruvalla. The announcement was made today evening at the Catholicate Centre, Pattom, in the presence of the College of Metropolitan Eparchial Consultors of Tiruvalla. The new Administrator was appointed in the place of Most Rev. Dr. Isaac Mar Cleemis, who was enthroned Major Archbishop Catholicos of the Malankara Church. Corepiscopo Cherian Ramanalil will continue his ministry as Administrator till the appointment of a new Metropolitan Archbishop for the Archieparchy. Presently, he is the Protosyncellus of the Archieparchy.

Corepiscopo Cherian was born on 18 November 1939 at Ayroor, as the son of Annamma and Varghese Ramanalil of Pakalomattom Thazhamon family. He reunited in 1953 along with his family. After his secondary school education, in 1955 he entered the Minor Seminary at Tiruvalla for priestly formation. During his priestly ministry he dedicated himself for the activities of conscientisation against alcoholism and for organising Charismatic retreats. Since January 2006, he is the Protosyncellus of the Archieparchy of Tiruvalla.

**Fr. Antony Valiyavilayil OIC**
Chancellor

## Letter to the Roman Pontiff
## about the Vacant Metropolitan See of Tiruvalla

6 March 2007

To
Most Holy Father
Pope Benedict XVI

Most Holy Father,

With profound gratitude to God, I wish to inform Your Beatitude that I was enthroned Major Archbishop of the Syro-Malankara Catholic Church by Most Rev. Geevarghese Mar Divannasios, the Synodal Administrator, in the presence of all the Bishops of our Church, numerous Ecclesiastical and State Dignitaries and a large number of Faithful. May I avail of this opportunity to express our immense gratitude to Your Holiness for Your Apostolic Blessing on me and our Church on the occasion of my installation as Major Archbishop.

I also wish to inform Your Holiness, as per CCEO c 220, that the Metropolitan See of Tiruvalla is vacant from 5 March 2007, as I am enthroned Major Archbishop on that date. In consultation with the Permanent Synod, I appointed Rt. Rev. Corepiscopo Cherian Ramanalil, the present Proto-Syncellus of the Metropolitan Eparchy of Tiruvalla, administrator of the Metropolitan Eparchy, as per canon 220.3 $^{o}$- 4$^{o}$.

The Holy Episcopal Synod of the Church will be convoked on 10 March 2007 to assign a worthy and suitable Metropolitan-Archbishop to the vacant see according to the norms of the Holy Canons.

Craving for Your Holiness' prayers and blessings for me and the entire Syro-Malankara Catholic Church,

Your Holiness' devotedly in Christ,

sd/-
✠ **Baselios Cleemis**
Major Archbishop-Catholicos

sd/-
**Fr. Antony Valiyavilayil OIC**
Chancellor

Documentation I

## തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസന ഒഴിവ് സംബന്ധിച്ച് റോമാ മാർപ്പാപ്പായ്ക്കുള്ള കത്ത്

(പരിഭാഷ)

2007 മാർച്ച് 6

To
പരിശുദ്ധ പിതാവ്
ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ

ഏറ്റം പരിശുദ്ധനായ പിതാവേ,

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പായി സഭയിലെ എല്ലാ മെത്രാന്മാരുടെയും, നിരവധി വിശിഷ്ടവ്യക്തികളുടെയും അനേകം വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ സുന്നഹദോസ് അഡ്മിനിസ്ട്രേറ്റർ, അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസിനാൽ ഞാൻ സ്ഥാനാരോഹണം ചെയ്യപ്പെട്ട വിവരം ദൈവത്തോടുള്ള അഗാധമായ നന്ദിയർപ്പിച്ചുകൊണ്ട് അങ്ങയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. മേജർ ആർച്ചുബിഷപ്പായുള്ള എന്റെ സ്ഥാനോരോഹണവേളയിൽ ഞങ്ങളുടെ സഭയ്ക്കും എനിക്കും അങ്ങു നല്കിയ അപ്പസ്തോലിക ആശിർവാദത്തിന് എന്റെ ആഴമായ കൃതജ്ഞത പ്രകടിപ്പിക്കാൻ ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ.

2007 മാർച്ച് 5-ാം തീയതി, ഞാൻ മേജർ ആർച്ചുബിഷപ്പായി സ്ഥാനോരോഹിതനായ തോടെ, തിരുവല്ലാ അതിഭദ്രാസന സിംഹാസനം ഒഴിവായിരിക്കുന്നു എന്ന വിവരം ഇഇള്ളഛ ര 220 അനുസരിച്ച് അങ്ങയെ അറിയിക്കുവാനും ഞാൻ ആഗ്രഹിക്കുന്നു. സ്ഥിര സുന്നഹദോസിനോട് ആലോചിച്ച്, $220.3^0-4^0$ കാനോന പ്രകാരം തിരുവല്ലാ അതിഭദ്രാസനത്തിന്റെ പ്രോട്ടോസിഞ്ചെലൂസ് വന്ദ്യശ്രീ ചെറിയാൻ രാമനാലിൽ കോറെപ്പിസ്കോപ്പായെ അതിഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്ററായി ഞാൻ നിയമിച്ചു.

പ. കാനോനകൾപ്രകാരം ഏറ്റവും അർഹനായ ഒരു മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പിനെ സിംഹാസന ഒഴിവിലേക്ക് നിയോഗിക്കുന്നതിന് 2007 മാർച്ച് 10-ന് സഭയുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിളിച്ചുകൂട്ടുന്നതാണ്.

അങ്ങയുടെ പ്രാർത്ഥനകളും അനുഗ്രഹങ്ങളും എനിക്കും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കു മുഴുവനായും ഞാൻ യാചിക്കുന്നു.

കർത്താവിൽ അങ്ങയുടെ വിനീതശുശ്രൂഷി

(ഒപ്പ്)
**✠ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കബാവാ

(ഒപ്പ്)
**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി**
ചാൻസലർ

## Letter Informing the Holy See about the Canonical Provision for the Vacant Matropolitan See of Tiruvalla

Dated 12.3.2007

To
His Grace Pedro Lopez Quintana
Apostolic Nuncio
50 C, Niti Marg,
Chanakyapuri, New Delhi 110021

**Your Grace,**

As Your Grace was informed the Metropolitan See of Tiruvalla is vacant since I was enthroned as Major Archbishop-Catholicos of the Syro-Malankara Catholic Church on 5 March 2007. The Holy Episcopal Synod met on Saturday, 10 March 2007, to consider the matter and decided:

1. To make immediate provision for the vacant Metropolitan See of Tiruvalla.
2. To transfer a senior Bishop to the vacant Metropolitan See of Tiruvalla.
3. To elect by secret ballot a bishop to fill in the vacancy.

(Matter *subsecerto*)

Hence, along with the Bishops of the Holy Episcopal Synod of the Syro-Malankara Catholic Church, I wish to transfer Most Rev. Thomas Mar Koorilos from the Eparchial See of Muvattupuzha and to appoint him the Metropolitan-Archbishop of Tiruvalla, as per CCEO cc 85 §2.2º and 86 §1.1º.

I request Your Grace to communicate the matter to the Holy See and to expedite the announcement of the canonical provision for the Metropolitan See of Tiruvalla.

Thanking Your Grace for all the support extended to us,

Yours devotedly in Christ
sd/-
✠ **Baselios Cleemis**
Major Archbishop Catholicos

sd/-
Fr. Antony Valiyavilayil OIC
Chancellor

------------------------

Similar letters were sent to the Secretariate of the State and the Congrregation for the Oriental Churches.

Documentation I

**തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസന ഒഴിവ് സംബന്ധിച്ച്**
**റോമാ മാർപ്പാപ്പായ്ക്കുള്ള കത്ത്**
(പരിഭാഷ)

2007 മാർച്ച് 12

അഭിവന്ദ്യ
**പെദ്രോ ലോപ്പസ് ക്വിന്താന**
അപ്പസ്തോലിക ന്യുൺഷ്യോ
50 സി, നീതി മാർഗ്ഗ്, ചാണക്യപുരി,
ന്യൂഡൽഹി 110 021

അഭിവന്ദ്യ പിതാവിന്,
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ് കാതോലിക്കാ ബാവായായി 2007 മാർച്ച് 5-ന് ഞാൻ സ്ഥാനാരോഹണം ചെയ്യപ്പെട്ടതു മുതൽ തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസനം ഒഴിവായ വിവരം അങ്ങയെ അറിയിച്ചിരുന്നല്ലൊ. പ്രസ്തുത വിഷയം പരിഗണിക്കുന്നതിന് 2007 മാർച്ച് 10-ന് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമ്മേളിച്ച് താഴെപ്പറയുന്നവ തീരുമാനിച്ചു:

a. തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസന ഒഴിവിലേക്ക് എത്രയും വേഗം കാനോനിക നിയമനം നടത്തുക.
b. ഒരു സീനിയർ മെത്രാനെ ഒഴിവായ തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസനത്തിലേക്ക് സ്ഥലംമാറ്റുക.

(രഹസ്യ സ്വഭാവമുള്ള കാര്യങ്ങൾ)

ആയതിനാൽ, മലങ്കര കത്തോലിക്കാ സഭയുടെ പരിശുദ്ധ സുന്നഹദോസ് പിതാക്കന്മാരോടൊപ്പം, ഞാൻ, CCEO 182 §3 കാനോനപ്രകാരം, അഭിവന്ദ്യ തോമസ് മാർ കൂറിലോസിനെ മൂവാറ്റുപുഴ ഭദ്രാസനത്തിൽനിന്നും സ്ഥലംമാറ്റി തിരുവല്ലായുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി ഒഴിവായ സിംഹാസനത്തിലേക്ക് നിയോഗിക്കുന്നതിന് ആഗ്രഹിക്കുന്നു.

പ്രസ്തുത വിഷയം പ. പിതാവിനെ അറിയിക്കുകയും തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസനത്തിന്റെ കാനോനിക നിയമനത്തിന്റെ പ്രഖ്യാപനത്തിനുവേണ്ട കാര്യങ്ങൾ ചെയ്യുവാനും ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു.

ഞങ്ങൾക്ക് അങ്ങ് നൽകുന്ന എല്ലാ സഹായങ്ങൾക്കും നന്ദിയർപ്പിച്ചുകൊണ്ട്,

കർത്താവിൽ അങ്ങയുടെ വിനീതശുശ്രൂഷി

(ഒപ്പ്)
✠ **ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കബാവാ

(ഒപ്പ്)
**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി**
ചാൻസലർ

# ANNOUNCEMENT

## THE TRANSFER AND APPOINTMENT OF MOST REV. THOMAS MAR KOORILOS AS THE METROPOLITAN-ARCHBISHOP OF TIRUVALLA

**MORAN MOR BASELIOS CLEEMIS**
**Major Archbishop-Catholicos**
**of the Syro-Malankara Catholic Church**

As per the decision of the Holy Episcopal Synod convoked on 10 March 2007 and in concurrence with the Apostolic See, and in accordance with CCEO canons 85 §2.2$^{o}$ and 86 §1.1$^{o}$, I am pleased to transfer **Most Rev. Thomas Mar Koorilos, Eparchial Bishop of Muvattupuzha, and appoint him the Metropolitan-Archbishop of Tiruvalla.**

This announcement is made simultaneously from Vatican City, the Catholicate Centre Trivandrum and from the Metropolitan See of Tiruvalla.

Given from the Major Archiepiscopal Curia, Catholicate Centre, Pattom, Trivandrum 695004 on 26 March 2007.

sd/-
**Moran Mor Baselios Cleemis Catholicos**
Major Archbishop

sd/-
**Fr. Antony Valiyavilayil OIC**
Chancellor

## പ്രഖ്യാപനം

## തിരുവല്ലാ മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പായി അഭിവന്ദ്യ തോമസ് മാർ കൂറിലോസിന്റെ സ്ഥലംമാറ്റവും നിയമനവും

**മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**
മലങ്കര കത്തോലിക്കാ സഭയുടെ
മേജർ ആർച്ച്ബിഷപ്പ് കാതോലിക്കോസ്

2007 മാർച്ച് 10-ന് സമ്മേളിച്ച പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരവും അപ്പസ്തോലിക സിംഹാസനത്തോട് ആലോചിച്ചും CCEO 85 § 2.2°, 86 § 1.1° എന്നീ കാനോനകൾ അനുസരിച്ചും മൂവാറ്റുപുഴ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസിന് സ്ഥലംമാറ്റം നൽകി തിരുവല്ലാ മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പായി നിയമിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ഈ പ്രഖ്യാപനം വത്തിക്കാൻ സിറ്റിയിലും തിരുവനന്തപുരം കാതോലിക്കേറ്റ് സെന്ററിലും, തിരുവല്ലാ മെത്രാപ്പോലിത്തൻ സിംഹാസനത്തിലും ഒരേസമയം നടത്തപ്പെടുന്നതാണ്.

തിരുവനന്തപുരം, കാതോലിക്കേറ്റ് സെന്ററിലെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിൽ നിന്നും രണ്ടായിരത്തിയേഴ് മാർച്ച് മാസം ഇരുപത്തിയാറാം ദിവസം നൽകപ്പെട്ടത്.

(ഒപ്പ്)
**മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ**
മേജർ ആർച്ചുബിഷപ്പ്

(ഒപ്പ്)
**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി.**
ചാൻസലർ

Fascimile of the Decree



THE SYRO-MALANKARA CATHOLIC CHURCH

TRANSFER AND APPOINTMENT OF
MOST REV. THOMAS MAR KOORILOS
AS THE METROPOLITAN-ARCHBISHOP OF THE ARCHIEPARCHY OF TIRUVALLA

DECREE

Prot. No. 3 / 2007

MORAN MOR BASELIOS CLEEMIS
Major Archbishop-Catholicos of the Syro-Malankara Catholic Church

For the Perpetual Good of the Church

*Praise be to the Holy Name of the Triune God,*
*Self-existent, Almighty, Eternal and Consubstantial!*

Fraternal greetings and apostolic blessings to our venerable Brother **THOMAS MAR KOORILOS, Bishop of Muvattupuzha** of the Syro-Malankara Catholic Church!

God always provides pastors and leaders for his flock, the Church. Now that the Metropolitan See of Tiruvalla has been vacant, we turn our attention to provide a vigilant pastor of souls to the Archieparchy of Tiruvalla of the Syro-Malankara Catholic Church. Hence, in our apostolic solicitude, with the consent of the Holy Episcopal Synod and by virtue of CCEO canons 85 §2.2° and 86, We, Moran Mor Baselios Cleemis, the Major Archbishop-Catholicos of the Syro-Malankara Catholic Church, hereby, transfer you from the Eparchial See of Muvattupuzha and appoint you Metropolitan-Archbishop of the Archieparchy of Tiruvalla of the Syro-Malankara Catholic Church. You will have the rights and duties inherent in your office and status. You are obliged to strictly safeguard all the requirements prescribed by the Code of Canons of the Eastern Churches and the particular law and legitimate customs of the Syro-Malankara Catholic Church.

Venerable Brother, having been raised to a new position in the Church, you will persist to work, so that the blessings of the Lord continue to be poured out on the entire People of God of the Metropolitan Province of Tiruvalla and the Archieparchy of Tiruvalla. Your sacerdotal ministry since 1985, Episcopal ministry since 1997 and your inspiring leadership as Eparchial Bishop of Muvattupuzha since 2003 had been for the greater Glory of God and the good of His People. We are confident that this new canonical provision of office will enable you to work towards the spiritual and pastoral prosperity of the Archieparchy of Tiruvalla which was pastured by your illustrious predecessors, the Most Rev. Yakob Mar Theophilos, Joseph Mar Severios, Zacharias Mar Athanasios and Isaac Mar Yoohanon of venerable memory and Geevarghese Mar Timotheos as Bishops of the Eparchy of Tiruvalla. In divine providence, the Eparchy of Tiruvalla was raised to the status of an Archieparchy on 14 May 2006 and I, the humble servant of the Church, was installed as its first Metropolitan-Archbishop on 10 June 2006. The Archieparchy is growing up. We hope that under your Episcopal ministry, the Archieparchy of Tiruvalla will become a symbol of the apostolic vitality of our Church. To bring all the separated brethren of the St. Thomas Christian tradition of India together is a ministry most close to the heart of the Church. You shall set before your eyes the teachings of the Fathers and Doctors of the Universal Church and the ardent prophetic zeal of Archbishop Mar Ivanios of venerable memory and the illustrious prelates of our Church. Hence, you shall exercise the rights and obligations of your office for the good of the Syro-Malankara Catholic Church and the entire universal Catholic communion and the society at large.

Nothing contrary to this decree shall prevail. We hope that this, our decree and the new appointment shall be for the good of our venerable brother Metropolitan-Archbishop Most Rev. Thomas Mar Koorilos and produce abundant fruits for the Malankara Catholic Church in the communion of the entire Christian faithful of the Universal Church.

Given in Trivandrum, from the Major Archiepiscopal Curia at the Catholicate Centre, on the twenty-sixth day of the month of March 2007, in the year of Our Lord, the first year of Our Major Archiepiscopal Office,

Fr. Antony Valiyavilayil OIC
Chancellor

+Baselios Cleemis
MORAN MOR BASELIOS CLEEMIS
Major Archbishop-Catholicos

**THE SYRO-MALANKARA CATHOLIC CHURCH**

**TRANSFER AND APPOINTMENT OF
MOST REV. THOMAS MAR KOORILOS
AS THE METROPOLITAN-ARCHBISHOP
OF THE ARCHIEPARCHY OF TIRUVALLA**

# DECREE

**MORAN MOR BASELIOS CLEEMIS
Major Archbishop-Catholicos of the Syro-Malankara Catholic Church**

**For the Perpetual Good of the Church**

***Praise be to the Holy Name of the Triune God,
Self-existent, Almighty, Eternal and Consubstantial!***

Fraternal greetings and apostolic blessings to our venerable Brother **THOMAS MAR KOORILOS, Bishop of Muvattupuzha** of the Syro-Malankara Catholic Church!

God always provides pastors and leaders for his flock, the Church. Now that the Metropolitan See of Tiruvalla has been vacant, we turn our attention to provide a vigilant pastor of souls to the Archieparchy of Tiruvalla of the Syro-Malankara Catholic Church. Hence, in our apostolic solicitude, with the consent of the Holy Episcopal Synod and by virtue of CCEO canons 85 §2.2$^{o}$ and 86, We, Moran Mor Baselios Cleemis, the Major Archbishop-Catholicos of the Syro-Malankara Catholic Church, hereby, transfer you from the Eparchial See of Muvattupuzha and appoint you Metropolitan-Archbishop of the Archieparchy of Tiruvalla of the Syro-Malankara Catholic Church. You will have the rights and duties inherent in your office and status. You are obliged to strictly safeguard all the requirements prescribed by the Code of Canons of the Eastern Churches and the particular law and legitimate customs of the Syro-Malankara Catholic Church.

Venerable Brother, having been raised to a new position in the Church, you will persist to work, so that the blessings of the Lord continue to be poured out

on the entire People of God of the Metropolitan Province of Tiruvalla and the Archieparchy of Tiruvalla. Your sacerdotal ministry since 1985, Episcopal ministry since 1997 and your inspiring leadership as Eparchial Bishop of Muvattupuzha since 2003 had been for the greater Glory of God and the good of His People. We are confident that this new canonical provision of office will enable you to work towards the spiritual and pastoral prosperity of the Archieparchy of Tiruvalla which was pastured by your illustrious predecessors, the Most Rev. Yakob Mar Theophilos, Joseph Mar Severios, Zacharias Mar Athanasios and Isaac Mar Yoohanon of venerable memory and Geevarghese Mar Timotheos as Bishops of the Eparchy of Tiruvalla. In divine providence, the Eparchy of Tiruvalla was raised to the status of an Archieparchy on 14 May 2006 and I, the humble servant of the Church, was installed as its first Metropolitan-Archbishop on 10 June 2006. The Archieparchy is growing up. We hope that under your Episcopal ministry, the Archieparchy of Tiruvalla will become a symbol of the apostolic vitality of our Church. To bring all the separated brethren of the St. Thomas Christian tradition of India together is a ministry most close to the heart of the Church. You shall set before your eyes the teachings of the Fathers and Doctors of the Universal Church and the ardent prophetic zeal of Archbishop Mar Ivanios of venerable memory and the illustrious prelates of our Church. Hence, you shall exercise the rights and obligations of your office for the good of the Syro-Malankara Catholic Church and the entire universal Catholic communion and the society at large.

Nothing contrary to this decree shall prevail. We hope that this, our decree and the new appointment shall be for the good of our venerable brother Metropolitan-Archbishop Most Rev. Thomas Mar Koorilos and produce abundant fruits for the Malankara Catholic Church in the communion of the entire Christian faithful of the Universal Church.

Given in Trivandrum, from the Major Archiepiscopal Curia at the Catholicate Centre, on the twenty-sixth day of the month of March 2007, in the year of Our Lord, the first year of Our Major Archiepiscopal Office,

sd/-
**✠ Moran Mor Baselios Cleemis Catholicos**
Major Archbishop

sd/-
**Fr. Antony Valiyavilayil OIC**
Chancellor

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

### തിരുവല്ല അതിഭദ്രാസനത്തിന്റെ<br>മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പായി<br>തോമസ് മാർ കൂറിലോസിന്റെ സ്ഥലം മാറ്റവും നിയമനവും

### ഉത്തരവ്

**മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**
മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച്ബിഷപ്പ് കാതോലിക്കോസ്

സഭയുടെ നിത്യ നന്മയ്ക്കായി

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ**
**ത്രിയേക ദൈവത്തിന് സ്തുതി.**

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്ത തോമസ് മാർ കൂറിലോസിന്, സാഹോദര്യ അഭിവാദനങ്ങളും ശ്ലൈഹിക ആശിർവാദവും!

ദൈവം തന്റെ സഭയ്ക്ക് എല്ലായ്പ്പോഴും ഇടയന്മാരേയും, നേതാക്കന്മാരെയും നൽകുന്നു. തിരുവല്ല മെത്രാപ്പൊലിത്തൻ സിംഹാസനം ഒഴിവായിരിക്കുന്ന ഈ വേളയിൽ ആത്മാക്കളുടെ ജാഗ്രതയുള്ള ഒരു ഇടയനെ നൽകുന്നതിലേക്ക് നാം ശ്രദ്ധ തിരിക്കുന്നു. ആകയാൽ നമ്മുടെ അപ്പസ്തോലിക ഔൽസുകൃത്തിൽ പരിശുദ്ധ സുന്നഹദോസിന്റെ സമ്മതത്തോടെ പൗരസ്ത്യ സഭാനിയമസംഹിതയിലെ 85 § 2.2$^{0}$, 86 കാനോനകൾ പ്രകാരം **നാം, മോറാൻ മോർ ബസേലിയോസ് ക്ലീമിസ്, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പ്-കാതോലിക്കോസ്**, ഇതിനാൽ, താങ്കളെ മൂവാറ്റുപുഴ ഭദ്രാസന സിംഹാസനത്തിൽനിന്ന് സ്ഥലം മാറ്റുകയും മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ **തിരുവല്ല അതിഭദ്രാസനത്തിന്റെ മെത്രപോലിത്തൻ-ആർച്ചുബിഷപായി താങ്കളെ നിയമിക്കുകയും ചെയ്യുന്നു.** ഈ ശുശ്രൂഷയും പദവിയും ഉൾക്കൊള്ളുന്ന എല്ലാ അവകാശങ്ങളും കടമകളും താങ്കൾക്ക് ഉണ്ടായിരിക്കുന്നതാണ്. പൗരസ്ത്യ സഭകളുടെ കാനോനസംഹിതയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക നിയമങ്ങളും നിയമാനുസൃതമായ ആചാരങ്ങളും അനുശാസിക്കുന്ന എല്ലാ കാര്യങ്ങളും നിർബന്ധമായി പാലിക്കാനും സംരക്ഷിക്കുവാനും അനുഷ്ഠിക്കുവാനും താങ്കൾ കടപ്പെട്ടിരിക്കുന്നു.

സംപൂജ്യനായ സഹോദരാ, താങ്കളുടെ സഭാശുശ്രൂഷയിൽ ഒരു പുതിയ പദവിയിലേക്ക് ഉയർത്തപ്പെട്ടിരിക്കുന്ന ഈ വേളയിൽ ദൈവത്തിന്റെ അനുഗ്രഹങ്ങൾ

തിരുവല്ല മെത്രപ്പോലിത്തൻ സഭാപ്രവിശ്യയിലെ ദൈവജനം മുഴുവന്റെമേലും ധാരാളമായി ചൊരിയുവാൻ താങ്കൾ തുടർന്നും പ്രവർത്തിക്കണം. സഭയിൽ 1985 മുതലുള്ള താങ്കളുടെ പൗരോഹിത്യ ശുശ്രൂഷയും, 1997 മുതലുള്ള മേലദ്ധ്യക്ഷ ശുശ്രൂഷയും 2003 മുതൽ മൂവാറ്റുപുഴ ഭദ്രാസനത്തിനുവേണ്ടിയുള്ള പ്രചോദനാത്മകമായ നേതൃത്വവും ദൈവത്തിന്റെ ഉപരി മഹത്വത്തിനും, ദൈവജനത്തിന്റെ നന്മക്കും ഉതകുന്നതായിരുന്നു. ഈ പുതിയ കാനോനിക ഉദ്യോഗം നൽകൽ തിരുവല്ല ഭദ്രാസനത്തിൽ താങ്കളുടെ ശ്രേഷ്ഠരായ മുൻഗാമികൾ, യാക്കോബ് മാർ തിയോഫിലോസ്, ജോസഫ് മാർ സെവേറിയോസ്, സക്കറിയാസ് മാർ അത്തനാസിയോസ്, ഐസക് മാർ യൂഹാനോൻ എന്നീ ഭാഗ്യസ്മരണാർഹരായ മെത്രാന്മാർ, അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്ത എന്നിവരുടെ അജപാലന ശുശ്രൂഷയാൽ പരിപോഷിപ്പിക്കപ്പെട്ടതുപോലെ തിരുവല്ല അതിഭദ്രാസനത്തിന്റെ ആദ്ധ്യാത്മികവും അജപാലനപരവുമായ അഭിവൃദ്ധിക്കായി പരിശ്രമിക്കുവാൻ താങ്കളെ സഹായിക്കട്ടെ. ദൈവപരിപാലനയിൽ 2006 മെയ് 16–ാം തീയതി തിരുവല്ല ഭദ്രാസനം അതിഭദ്രാസനമായി ഉയർത്തപ്പെടുകയും സഭയുടെ എളിയ ശുശ്രൂഷിയായ നാം അതിന്റെ പ്രഥമ മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പായി അവരോധിക്കപ്പെടുകയും ചെയ്തു. തിരുവല്ല അതിഭദ്രാസനം ഏറെ വളർച്ച പ്രാപിച്ചു. താങ്കളുടെ മേല്പട്ട ശുശ്രൂഷയിൽ തിരുവല്ല അതിഭദ്രാസനം സഭയിൽ അപ്പസ്തോലിക സജീവതയുടെ ഒരു അടയാളമായി ഭവിക്കട്ടെ. ആഗോള സഭയുടെ പിതാക്കന്മാരുടെയും മല്പാന്മാരുടേയും പ്രബോധനങ്ങൾ, ഭാഗ്യസ്മരണാർഹനായ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെയും, പ്രശസ്തരായ നമ്മുടെ സഭാദ്ധ്യക്ഷന്മാരുടെയും ജ്വലിക്കുന്ന പ്രവാചക തീക്ഷ്ണത താങ്കളുടെ കൺമുമ്പിൽ ഉണ്ടായിരിക്കണം. ഭാരതത്തിലെ മാർതോമ്മാ ക്രിസ്ത്യാനികളുടെ പാരമ്പര്യത്തിൽനിന്ന് വേർപെട്ടുനിൽക്കുന്ന സഹോദരങ്ങളെ ഒന്നിച്ചുകൊണ്ടുവരിക എന്നത് നമ്മുടെ സഭയുടെ ഹൃദയാഭിലാഷമാണ്. ആകയാൽ താങ്കളുടെ ശുശ്രൂഷയുടെ അവകാശങ്ങളും ചുമതലകളും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ നന്മയ്ക്കായും ആഗോള കത്തോലിക്കാ സഭാകൂട്ടായ്മയ്ക്കും പൊതുസമൂഹത്തിന്റെ നന്മയ്ക്കായും ഉപയോഗിക്കണം.

ഈ ഉത്തരവിന് വിരുദ്ധമായി യാതൊന്നും നിലനിൽക്കുന്നതല്ല. നമ്മുടെ ഈ ഉത്തരവും, പുതിയ സഭാശുശ്രൂഷാ ഭരമേല്പിക്കലും നമ്മുടെ അഭിവന്ദ്യ സഹോദര മെത്രാപ്പോലിത്ത തോമസ് മാർ കൂറിലോസിന്റെ നന്മയ്ക്കും, ആഗോള സഭാകൂട്ടായ്മയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും സമ്പുഷ്ടമായ ഫലം ഉളവാക്കുമെന്ന് നാം പ്രത്യാശിക്കുന്നു.

തിരുവനന്തപുരം, കാതോലിക്കേറ്റ് സെന്ററിലെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായിൽ നിന്നും, നമ്മുടെ കർത്താവിന്റെ സംവത്സരം രണ്ടായിരത്തിയേഴ് മാർച്ച് മാസം ഇരുപത്തിയാറാം ദിവസം, നമ്മുടെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ ശുശ്രൂഷയുടെ ഒന്നാം വർഷം നൽകപ്പെട്ടത്.

(ഒപ്പ്)
**മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്

(ഒപ്പ്)
**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി.**
ചാൻസലർ

*പത്രക്കുറിപ്പ്*

## അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പായി സ്ഥാനാരോഹണം ചെയ്തു

തിരുവനന്തപുരം മെയ് 2, 2007: തിരുവല്ലാ അതിഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പായി മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ മേലദ്ധ്യക്ഷനും പ. സുന്നഹദോസ് സെക്രട്ടറിയുമായ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി 2007 മെയ് 2-ന് ചുമതലയേറ്റു. തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രലിൽ ഇന്ന് രാവിലെ 8 മണിക്ക് വി. കുർബാനയോടുകൂടി മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ പ്രധാന കാർമ്മികത്വത്തിൽ സ്ഥാനാരോഹണശുശ്രൂഷ നടന്നു.

തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ ആദ്ധ്യക്ഷം വഹിച്ചു. മാർത്തോമ്മാസഭയുടെ പരമാദ്ധ്യക്ഷൻ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. പുനലൂർ മെത്രാൻ റൈറ്റ് റവ. ജോസഫ് കരിയിൽ അനുഗ്രഹപ്രഭാഷണം നടത്തി. അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനി, ബഹു. കേരളാ ഗതാഗത വകുപ്പു മന്ത്രി അഡ്വ. മാത്യു ടി. തോമസ്, തിരുവല്ലാ മുനിസിപ്പൽ വൈസ് ചെയർമാൻ ശ്രീ. സുരേഷ് ബാബു, ബഥനി ആശ്രമം സുപ്പീരിയർ ജനറൽ വെരി റവ. ഫാ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ. ഐ. സി., എം.സി.എ വൈസ് പ്രസിഡന്റ് പ്രൊഫ. ജേക്കബ് എം. എബ്രഹം എന്നിവർ ആശംസകൾ അർപ്പിച്ചു. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി മറുപടി പ്രസംഗം നടത്തി.

സഭയിലെ എല്ലാ മെത്രാപ്പോലിത്താമാർ, റമ്പാൻമാർ, കോറെപ്പിസ്ക്കോപ്പാമാർ, വൈദികർ, സന്യാസീ-സന്യാസിനികൾ, ശെമ്മാശ്ശന്മാർ, വിവിധ സാമൂഹിക-രാഷ്ട്രീയ നേതാക്കന്മാർ, മറ്റു സഹോദരീ സഭകളിലെ മേലദ്ധ്യക്ഷന്മാർ, നിരവധി വിശ്വാസികൾ എന്നിവർ പങ്കെടുത്തു.

**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി**
ചാൻസലർ

Press Release

## Most Rev. Thomas Mar Koorilos enthroned Metropolitan Archbishop

**Trivandrum May 2, 2007**: Most Rev. Thomas Mar Koorilos, Metropolitan of the Eparchy of Muvattupuzha and Secretary of the Holy Episcopal Synod of the Syro-Malankara Catholic Church, assumed office as Metropolitan Archbishop of the Archieparchy of Tiruvalla, on 2 May 2007. The enthronement ceremony was conducted during the celebration of the Holy Qurbono today at 8 a.m. at St. John's Cathedral, Tiruvalla. His Beatitude Moran Mor Baselios Cleemis officiated the ceremony.

His Beatitude Moran Mor Baselios Cleemis presided over the public meeting that followed. Most Rev. Dr. Philipose Mar Chrysostom, the Metropolitan of the Mar Thoma Church, inaugurated the meeting. Rt. Rev. Joseph Kariyil, Bishop of Punalur, delivered benedictory speech. Most Rev. Geevarghese Mar Divannasios, Honourable Minister of Transport Adv. Mathew T. Thomas, Sri. Suresh Babu, Municipal Vice Chairman of Tiruvalla, Rev. Fr. George Thomas Kallunkal OIC, Superior General of Bethany Ashram, and Prof. Jacob M. Abraham, President of the MCA felicitated the Metropolitan on the occassion. Most Rev. Thomas Mar Koorilos in his reply thanked everybody.

All the Metropolitans, Rembans, Corepiscopoi, Priests, Religious, Deacons of the Church, social and political leaders, Bishops of the Sister-Churches, and numurous faithful participated in the function.

**Fr. Antony Valiyavilayil OIC**
Chancellor

**THE SYRO-MALANKARA CATHOLIC CHURCH**
**MAJOR ARCHIEPISCOPAL CURIA**

CATHOLICATE CENTRE, TRIVANDRUM- 695 004, KERALA, INDIA

# THE PERMANENT SYNOD

2 May 2007

## REPORT

A meeting of the Permanent Synod of the Syro-Malankara Catholic Church was held at Marygiri Archbishop's House Tiruvalla on 2 May 2007. His Beatitude Moran Mor Baselios Cleemis, the Major Archbishop-Catholicos presided over the meeting.

All members of the Synod, namely, His Beatitude Moran Mor Baselios Cleemis Catholicos (President of the Synod), Most Rev. Thomas Mar Koorilos (Secretary of the Synod), Most Rev. Geevarghese Mar Divannasios, Most Rev. Yoohanon Mar Chrysostom and Most Rev. Joshua Mar Ignathios were present. Fr. Antony Valiyavilayil OIC, the Chancellor, recorded the proceedings.

The meeting commenced at 3 p.m. on 2 May 2007. His Beatitude Moran Mor Baselios Cleemis said the opening prayer. He welcomed the members to the meeting of the Permanent Synod, convened for consultation as per norms of c 220.3$^{o}$, to appoint an administrator for the Eparchial See of Muvattupuzha which fell vacant at the enthronement of His Grace Thomas Mar Koorilos as Metropolitan Archbishop of Tiruvalla.

### THE AGENDA AND DISCUSSION

His Beatitude introduced the topic, appointment of an Administrator for the Eparchy of Muvattupuzha, as the point for deliberation of the Synod. The Synod first evaluated the present status of the young Eparchy of Muvattupuzha. In the discussion that followed, all the members present were of unanimous opinion that it would be better to appoint the Protosyncellus of the Eparchy of Muvattupuzha, Rt. Rev. Msgr. John Varghese Easwarankudiyil as the Administrator, as it would ensure continuity of administration. His Beatitude, the Catholicos declared this decision and it was welcomed by all.

### CONCLUSION

His Beatitude thanked all the members of the Synod for being present at the meeting of the Permanent Synod, after the long liturgy of the enthronement. The meeting concluded at 4 p.m. with the prayer and the blessing of His Beatitude.

**✠Most Rev. Thomas Mar Koorilos**
Secretary

**Fr. Antony Valiyavilayil OIC**
Chancellor

# മലങ്കര സുറിയാനി കത്തോലിക്കാസഭ
# മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ

കാതോലിക്കേറ്റ് സെന്റർ, തിരുവനന്തപുരം-695 004, കേരളം, ഇന്ത്യ

## സ്ഥിര സുന്നഹദോസ്

2007 മെയ് 2

## റിപ്പോർട്ട്

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സ്ഥിര സുന്നഹദോസിന്റെ ഒരു യോഗം തിരുവല്ലാ മേരിഗിരി ആർച്ചുബിഷപ്പ് മന്ദിരത്തിൽ വച്ച് 2007 മെയ് 2-ന് നടന്നു. മേജർ ആർച്ചുബിഷപ്പ് മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ സുന്നഹദോസിന് ആദ്ധ്യക്ഷം വഹിച്ചു.

സുന്നഹദോസിലെ എല്ലാ അംഗങ്ങളും - മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ (സുന്നഹദോസിന്റെ പ്രസിഡന്റ്), അഭിവന്ദ്യരായ തോമസ് മാർ കൂറിലോസ് (സുന്നഹദോസ് സെക്രട്ടറി), ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ് - എന്നിവർ സന്നിഹിതരായിരുന്നു. ചാൻസലർ ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി. നടപടിക്രമങ്ങൾ രേഖപ്പെടുത്തി.

2007 മെയ് 2-ാം തീയതി ഉച്ച കഴിഞ്ഞ് മൂന്നുമണിക്ക് യോഗം ആരംഭിച്ചു. മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ പ്രാരംഭപ്രാർഥന നടത്തി. അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുവല്ലായുടെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി സ്ഥാനാരോഹണം ചെയ്യപ്പെട്ടതോടെ ഒഴിവായ മൂവാറ്റുപുഴ ഭദ്രാസനത്തിനുവേണ്ടി ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിന്, കാനോന 220.3° പ്രകാരം, ആലോചനയ്ക്കായി വിളിച്ചുകൂട്ടിയ സ്ഥിര സുന്നഹദോസിലേക്ക് പ. കാതോലിക്കാബാവ അംഗങ്ങളെ സ്വാഗതം ചെയ്തു.

### വിഷയാനുക്രമണികയും ചർച്ചകളും

പ. കാതോലിക്കാബാവാ, സുന്നഹദോസിന്റെ പര്യാലോചനാ വിഷയമായ മൂവാറ്റുപുഴ ഭദ്രാസനത്തിന് ഒരു അഡ്മിനിസ്ട്രേറ്ററെ നിയമിക്കുക എന്നത് അവതരിപ്പിച്ചു. ആദ്യമായി, അടുത്തിടെ ജന്മംകൊണ്ട മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സുന്നഹദോസ് വിലയിരുത്തി. ചർച്ചയെതുടർന്ന്, ഭരണ തുടർച്ച ഉറപ്പുവരുത്തുമെന്നതിനാൽ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പ്രോട്ടോസിഞ്ചേലൂസ് മോൺ. ജോൺ വർഗീസ് ഈശ്വരൻകുടിയിലിനെ ഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കണമെന്ന് സന്നിഹിതരായ എല്ലാ അംഗങ്ങളും ഐക്യകണ്ഠേന അഭിപ്രായപ്പെട്ടു. പ. കാതോലിക്കാബാവാ ഈ തീരുമാനം പ്രഖ്യാപിക്കുകയും എല്ലാവരും അത് സ്വാഗതം ചെയ്യുകയും ചെയ്തു.

**ഉപസംഹാരം**

സ്ഥിരസുന്നഹദോസിന്റെ സമ്മേളനത്തിൽ സന്നിഹിതരായതിന് പ. കാതോലിക്കാബാവാ അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തി. പ്രാത്ഥനയോടും ആശിർവാദത്തോടും കൂടി യോഗം 4 മണിക്ക് സമാപിച്ചു.

**✠അഭിവന്ദ്യ തോമസ് മാർ കൂറിലോസ്**
സെക്രട്ടറി

**ഫാ. ആന്റണി വലിയവിളയിൽ ഒ. ഐ. സി.**
ചാൻസലർ

**THE SYRO-MALANKARA CATHOLIC CHURCH**
**MAJOR ARCHIEPISCOPAL CURIA**

CATHOLICATE CENTRE, TRIVANDRUM- 695 004, KERALA, INDIA

## THE PERMANENT SYNOD

**2 May 2007**

## DECISION

The Permanent Synod that met on 2 May 2007 decided to recommend Rt. Rev. Msgr. John Varghese Easwarankudiyil to be appointed Administrator of the Vacant Eparchial See of Muvattupuzha.

**✠Most Rev. Thomas Mar Koorilos**
Secretary

**Fr. Antony Valiyavilayil OIC**
Chancellor

**മലങ്കര സുറിയാനി കത്തോലിക്കാസഭ**
**മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയ**

കാതോലിക്കേറ്റ് സെന്റർ, തിരുവനന്തപുരം–695 004, കേരള, ഇന്ത്യ

**സ്ഥിര സുന്നഹദോസ്**

2007 മെയ് 2

## തീരുമാനം

2007 മെയ് 2–ന് സമ്മേളിച്ച സ്ഥിര സുന്നഹദോസ്, ഒഴിവായ മൂവാറ്റുപുഴ ഭദ്രാസന സിംഹാസനത്തിന്റെ അഡ്മിനിസ്ട്രേറ്ററായി മോൺ. ജോൺ വർഗീസ് ഈശ്വരൻകുടിയിലിനെ നിയമിക്കുന്നതിന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

**✠അഭിവന്ദ്യ തോമസ് മാർ കൂറിലോസ്**
സെക്രട്ടറി

**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി.**
ചാൻസലർ

## DOCUMENTATION II

Appointment of the Administrator
of the Vacant See of Muvattupuzha

Dated 02 May 2007

To
**Right Rev. Msgr. John Varghese Easwarankudiyil**
Catholic Bishop's House
Vazhappilly, Mudavur
Muvattupuzha 686669

**LETTER OF APPOINTMENT AS ADMINISTRATOR**

*In the name of the Father and of the Son and of the Holy Spirit, Amen!*

**Dear Rt. Rev. Msgr. John Varghese Easwarankudiyil**

Greetings and Apostolic Blessings to you!

I am pleased to appoint you Administrator of the Vacant Eparchial See of Muvattupuzha with effect from today, 02 May 2007, as per CCEO c 220.3°.

You are to make a profession of faith before me and take canonical possession of the office by presenting this letter of appointment to the College of Eparchial Consultors as per CCEO c 220.4°.

Venerable Son,
You will exercise the rights and obligations of your office as per the Code of Canons of the Oriental Churches and the legitimate laws and customs of the Syro-Malankara Catholic Church.

May God bless you!

Yours in Our Lord

sd/-
✠ **Moran Mor Baselios Cleemis**
Major Archbishop-Catholicos

sd/-
Fr. Antony Valiyavilayil OIC
Chancellor

(പരിഭാഷ)

2007 മെയ് 2

ബ. മോൺ. ജോൺ വർഗ്ഗീസ് ഈശ്വരൻകുടിയിൽ
കാത്തലിക് ബിഷപ്പ്സ് ഹൗസ്
വാഴപ്പിള്ളി, മുടവൂർ, മൂവാറ്റുപുഴ-686 669

## അഡ്മിനിസ്ട്രേറ്ററായുള്ള നിയമന കത്ത്

*പിതാവിന്റെയും പുത്രന്റെയും പ.റൂഹായുടെയും നാമത്തിൽ, ആമ്മീൻ*

പ്രിയ ബ. മോൺ. ജോൺ വർഗ്ഗീസ് ഈശ്വരൻകുടിയിൽ,

താങ്കൾക്ക് ആശംസകളും അപ്പസ്തോലിക ആശിർവാദങ്ങളും!

ഒഴിവായ മൂവാറ്റുപുഴ ഭദ്രാസന സിംഹാസനത്തിന്റെ അഡ്മിനിസ്ട്രേറ്റർ ആയി, താങ്കളെ ഇന്ന്, 2007 മെയ് 2 മുതൽ ഇഇള്ച്ഛ 220.3$^0$ കാനോനപ്രകാരം, നിയമിക്കുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്.

ഇഇള്ച്ഛ 220.4$^0$ കാനോനപ്രകാരം താങ്കൾ എന്റെ മുമ്പാകെ വിശ്വാസ പ്രഖ്യാപനം നടത്തുകയും ഈ നിയമന കല്പന ഭദ്രാസന ആലോചന സംഘത്തെ കാണിച്ചുകൊണ്ട് കാനോനികമായി ഈ ഔദ്യോഗിക ചുമതല ഏറ്റെടുക്കുകയും വേണം.

ആദരണീയനായ മകനേ,
പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാനോന സംഹിതപ്രകാരവും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നിയമാനുസൃതമായ നിയമങ്ങളും ആചാരങ്ങളും അനുസരിച്ചും താങ്കളുടെ ശുശ്രൂഷകളുടെ അവകാശങ്ങളും കടമകളും താങ്കൾ നിർവഹിക്കേണ്ടതാണ്.

ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവിൽ

(ഒപ്പ്)
**✠മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ചുബിഷപ്പ് കതോലിക്കബാവ

(ഒപ്പ്)
**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി**
ചാൻസലർ

## Letter to the Roman Pontiff about the vacant see of Muvattupuzha

03 May 2007

To
**Most Holy Father**
Pope Benedict XVI

Most Holy Father,

May I be permitted to inform Your Holiness, as per CCEO c 220, that the Eparchial See of Muvattupuzha is vacant from 2 May 2007, as His Excellency Most Rev. Thomas Mar Koorilos, the Eparchial Bishop of Muvattupuzha was transferred and appointed Metropolitan-Archbishop of Tiruvalla on 26.3.2007 and was enthroned on 2 May 2007.

In consultation with the Permanent Synod, I appointed **Rt. Rev. Msgr. John Varghese Easwarankudiyil**, administrator of the Eparchy of Muvattupuzha, as per canon 220.3 $^{o}$- 4$^{o}$. The Holy Episcopal Synod of the Church will be convoked to elect a worthy and suitable candidate to the vacant See according to the norms of the Holy Canons, as soon as we obtain Your Holiness' assent to the list of candidates submitted to the Holy See.

Craving for Your Holiness' prayers and blessings for me and the entire Syro-Malankara Catholic Church,

Your Holiness' devotedly in Christ,

sd/-
✠ **Moran Mor Baselios Cleemis**
Major Archbishop

sd/-
Fr. Antony Valiyavilayil OIC
Chancellor

Documentation II

**മൂവാറ്റുപുഴ സിംഹാസന ഒഴിവ് സംബന്ധിച്ച്**
**റോമാ മാർപ്പാപ്പായ്ക്കുള്ള കത്ത്**
(പരിഭാഷ)

2007 മെയ് 3

To
പരിശുദ്ധ പിതാവ്
ബനഡിക്റ്റ് പതിനാറാമൻ മാർപ്പാപ്പ

ഏറ്റം പരിശുദ്ധനായ പിതാവേ,

മൂവാറ്റുപുഴ മെത്രാപ്പോലിത്തയായിരുന്ന അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയെ 26.3.2007-ൽ സ്ഥലംമാറ്റി തിരുവല്ലായുടെ മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പായി നിയമിച്ചതിനാലും, 2007 മെയ് 2-ാം തീയതി അദ്ദേഹം സ്ഥാനാരോഹിതനായതിനാലും, പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള കാനോനിക സംഹിതയിലെ 220-ാം കാനോനപ്രകാരം, 2007 മെയ് 2-ാം തീയതി മുതൽ മൂവാറ്റുപുഴ ഭദ്രാസന സിംഹാസനം ഒഴിവായിരിക്കുന്നു എന്ന് പ. പിതാവിനെ അറിയിച്ചുകൊള്ളട്ടെ.

സ്ഥിര സുന്നഹദോസിനോട് ആലോചിച്ച്, $220.3^0$–$4^0$ കാനോന പ്രകാരം വന്ദ്യ മോൺ. ജോൺ വർഗ്ഗീസ് ഈശ്വരൻകുടിയിലിനെ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്ററായി ഞാൻ നിയമിച്ചു. പ. സിംഹാസനത്തിൽ സമർപ്പിക്കപ്പെട്ടിരിക്കുന്ന മെത്രാൻ സ്ഥാനാർത്ഥികളുടെ ലിസ്റ്റിന് പ. പിതാവിന്റെ അംഗീകാരം ലഭിച്ചാലുടൻ പ. കാനോനകൾപ്രകാരം ഏറ്റവും അർഹനും അനുയോജ്യനുമായ ഒരാളെ ഒഴിവായ സിംഹാസനത്തിലേക്ക് നിയോഗിക്കുന്നതിന് സഭയുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് വിളിച്ചുകൂട്ടുന്നതാണ്.

അങ്ങയുടെ പ്രാർത്ഥനകളും അനുഗ്രഹങ്ങളും എനിക്കും മലങ്കര സുറിയാനി കത്തോലിക്കാസഭയ്ക്കു മുഴുവനായും ഞാൻ അപേക്ഷിക്കുന്നു.

കർത്താവിൽ അങ്ങയുടെ വിനീതശുശ്രൂഷി

(ഒപ്പ്)
**✠ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കബാവാ

(ഒപ്പ്)
**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി.**
ചാൻസലർ

## DOCUMENTATION III

His Beatitude Moran Mor Baselios Cleemis,
the New Major Archbishop-Catholicos
of the Syro-Malankara Catholic Church
visits and expresses hierarchical communion
with the Roman Pontiff

## Message of His Holiness Pope Benedict XVI

Your Beatitude,

I am pleased to welcome you on your first visit to Rome since your election as Major Archbishop of the beloved Catholic Syro-Malankara Church. I am most grateful to Your Beatitude for your affectionate and respectful greetings, and I thank you sincerely for your eager wish to "see Peter" (cf. Gal 1:18). Together let us give thanks to God for this providential opportunity to confirm that bond of communion with the See of Rome of which your community is justly proud.

My thoughts turn to the distinguished pastors that the Holy Spirit has called forth to lead your people to rediscover unity with Peters Successor. I think especially of Mar Ivanios, who in 1930 solemnly professed the Catholic faith, and set out generously upon an ecclesial path rich in blessings. This made it possible for my predecessor, the Servant of God John Paul II, to raise the Syro-Malankara Church to the level of a Major Archbishoprio in February 2005. The Venerable Cyril Mar Baselios, Metropolitan *Sui juris* of Trivandrum of the Syro-Malankara, thus became your first Major Archbishop. In this capacity, he traveled to Rome to represent the Malankara community, as the Church and the world took leave of that beloved Pontiff, who had since been called to the Father's House. Soon afterward, Mar Baselios himself was to follow him. Today we sense the closeness of these unforgettable Pastors, as the Syro-Malankara Church continues her generous mission, filled with confidence in God's grace.

The precious heritage of your ecclesial tradition was placed in the hands of Your Beatitude through the act of canonical election conducted by the Fathers of the Syro-Malankara Synod. May the Lord grant you an abundance of spiritual gifts so that this heritage may continue to bear much fruit, according to the Lord's will.

As Peter's Successor, I happily confirmed the Synod's decision. Now the Universal Church, together with all those who belong to your ecclesial tradition, is counting upon Your Beatitude to ensure that the Malankara community can proceed along a twofold path. On the one hand, through faithfulness to the Apostolic See you will always participate fully in the universal breath of the one Church of Christ; on the other hand your fidelity to the specifically Eastern features of your tradition will enable the whole Church to benefit from what in his manifold wisdom "the Spirit is saying to the Churches" (cf. Rev 2:7 *et passim*).

In your capacity as Head and Shepherd of the Syro-Malankara Church, Your Beatitude has been entrusted with the mission of leading and sustaining the Christian witness and ecclesial life of the faithful of that noble Church throughout the vast Indian Sub-Continent and the other regions where Syro-Malankara Catholics are found. At the same time you are seeking to address the major challenges that present

themselves at the start of this Third Christian Millennium. Now is a time of new evangelization, a time of constantly renewed and convinced dialogue with all our brothers encounter between religions and cultures for the good of all. And especially the poorest of the poor. Our commitment to evangelization needs to be constantly renewed, as we strive to build peace, in justice and solidarity, for the whole human family. May you always draw strength from the Lord and from the collegial support of your Brother Bishops- the members of the Synod. Please assure them of my prayers and convey my special greetings to them on the happy occasion of the 75th anniversary of the establishment of the Syro-Malankara hierarchy.

We are still breathing the atmosphere of Pentecost and we wish to linger with the Holy Mother of God and the Apostles in the Upper Room of Jerusalem, docile to the action of the Spirit. To the Holy Virgin I entrust my prayers for Your Beatitude and for the whole Syro-Malankara Church, asking that the gift of the Spirit may continue to nourish and strengthen you as you bear witness to the Gospel of Christ. With these sentiments I gladly impart my Apostolic Blessing to you, my Venerable Brother, and to all the sons and daughters of the Syro-Malankara Chruch.

**- Pope Benedict XVI**

Documentation III

## മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ സന്ദർശന വേളയിൽ പ. പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പായുടെ സന്ദേശം

അതിധന്യനായ പിതാവേ,

പ്രിയപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടതിനുശേഷം റോമിൽ പ്രഥമ സന്ദർശനം നടത്തുന്ന അങ്ങയെ സ്വാഗതം ചെയ്യുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. സ്നേഹനിർഭരവും ആദരവും നിറഞ്ഞ അങ്ങയുടെ ആശംസകൾക്കും, "കേപ്പായെ കാണുവാൻ" (ഗലാ 1:18) അങ്ങ് പ്രകടിപ്പിച്ച ആകാംക്ഷ നിറഞ്ഞ ആഗ്രഹത്തിനും ധന്യനായ അങ്ങയോട് ഞാൻ ഏറ്റവും കൃതജ്ഞതയുള്ളവനാണ്. അങ്ങയുടെ സമൂഹം ന്യായമായും അഭിമാനംകൊള്ളുന്ന, പരിശുദ്ധ സിംഹാസനവുമായുള്ള കൂട്ടായ്മയുടെ കണ്ണി ഉറപ്പിക്കുന്നതിനായി, ദൈവേച്ഛയാൽ ഒരുക്കപ്പെട്ട ഈ സന്ദർഭത്തിന്, നമുക്ക് ഒരുമിച്ച് ദൈവത്തിനു നന്ദിപറയാം.

പത്രോസിന്റെ പിൻഗാമിയുമായുള്ള ഐക്യം വീണ്ടും കണ്ടെത്തുന്നതിന് നിങ്ങളുടെ ജനതയെ നയിക്കുവാൻ പരിശുദ്ധാത്മാവിനാൽ വിളിക്കപ്പെട്ട വിഖ്യാതരായ അജപാലകരിലേക്ക് എന്റെ ചിന്തകൾ തിരിയുന്നു. 1930ൽ കാതോലിക വിശ്വാസം സാഘോഷം പ്രഖ്യാപനംചെയ്ത്, അനുഗ്രഹീതമായ ഒരു സഭാപാതയിലൂടെ മഹാ മനസ്കതയോടെ നടന്നുനീങ്ങിയ മാർ ഈവാനിയോസിനെക്കുറിച്ചാണ് പ്രത്യേകിച്ച് ഞാൻ ചിന്തിക്കുന്നത്. ഇതുമൂലം എന്റെ മുൻഗാമി ദൈവദാസൻ ജോൺപോൾ രണ്ടാമന്, മലങ്കര സുറിയാനി സഭയെ, 2005 ഫെബ്രുവരിയിൽ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭ എന്ന പദവിയിലേക്ക് ഉയർത്തുവാൻ സാധിച്ചു. മലങ്കര സുറിയാനി സഭയുടെ തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് അങ്ങനെ നിങ്ങളുടെ പ്രഥമ മേജർ ആർച്ചുബിഷപ്പായിത്തീർന്നു. ഈ പദവിയിൽ, മലങ്കര സഭാസമൂഹത്തെ പ്രതിനിധീകരിക്കുവാൻ, നമ്മുടെ ഏറ്റവും പ്രിയങ്കരനായ മാർപാപ്പാ, പിതാവിന്റെ ഭവനത്തിലേക്കു വിളിക്കപ്പെട്ടവേളയിൽ, അദ്ദേഹം റോമിലെത്തി. തൊട്ടുപിന്നാലെ, മാർ ബസേലിയോസും അദ്ദേഹത്തെ അനുഗമിക്കേണ്ടിയിരുന്നു. ഇന്ന് ദൈവകൃപയിൽ ധൈര്യപൂരിതയായി, മലങ്കര സുറിയാനി സഭ അവളുടെ ഉദാരമായ ദൗത്യം തുടരുമ്പോൾ, അവിസ്മരണീയരായ ഈ അജപാലകരുടെ സാമിപ്യം നാം അനുഭവിക്കുന്നു.

മലങ്കര സുറിയാനി സുന്നഹദോസ് പിതാക്കന്മാർ നിർവ്വഹിച്ച കാനോനിക തിരഞ്ഞെടുപ്പിലൂടെയാണ് സഭാപാരമ്പര്യത്തിന്റെ ഈ അമൂല്യ പൈതൃകം ധന്യനായ അങ്ങയുടെ കൈകളിൽ ഭരമേല്പിക്കപ്പെട്ടത്. കർത്താവിന്റെ ഹിതമനുസരിച്ച് ഈ പൈതൃകം തുടർന്നും ഫലമണിയുവാനുള്ള സമൃദ്ധമായ ആത്മീയ വരദാനങ്ങൾ ദൈവം അങ്ങേക്ക് പ്രദാനം ചെയ്യട്ടെ!

പത്രോസിന്റെ പിൻഗാമി എന്ന നിലയ്ക്ക് സുന്നഹദോസിന്റെ തീരുമാനം ഞാൻ സസന്തോഷം സ്ഥിരീകരിച്ചു. ഇപ്പോൾ അങ്ങയുടെ സഭാപാരമ്പര്യത്തിലുള്ള എല്ലാവരോടുമൊപ്പം, ധന്യനായ അങ്ങ് മലങ്കരസഭയെ ഒരു ദ്വിമാന പാതയിലൂടെ മുമ്പോട്ടു നയിക്കും എന്ന് സാർവ്വത്രിക സഭ പ്രതീക്ഷിക്കുന്നു. ഒരു വശത്ത്, പരിശുദ്ധ സിംഹാസനത്തോടുള്ള വിശ്വസ്ഥതയിലൂടെ ക്രിസ്തുവിന്റെ ഏകസഭയുടെ ആഗോള ജീവശ്വാസത്തിൽ അങ്ങ് എല്ലായ്പ്പോഴും ഭാഗഭാക്കാകും എന്ന പ്രതീക്ഷ; മറുവശത്ത്, "ആത്മാവ് സഭകളോട് അരുളിച്ചെയ്യുന്നതിൽ" (വെളി 2:7) അടങ്ങിയിട്ടുള്ള ജ്ഞാനത്തിൽ എന്നപോലെ,

സവിശേഷ പൗരസ്ത്യ പാരമ്പര്യങ്ങളോടുള്ള അങ്ങയുടെ വിശ്വസ്ഥത, ആകമാന സഭക്കും പ്രയോജനമാകും എന്ന പ്രതീക്ഷ.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ തലവനും ഇടയനും എന്ന പദവിയിൽ, വിശാലമായ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലും മലങ്കര സുറിയാനി കത്തോലിക്കാ വിശ്വാസികൾ അധിവസിക്കുന്ന മുഴുവൻ പ്രദേശങ്ങളിലുടനീളം, ഈ സഭയിലെ വിശ്വാസികളുടെ ക്രിസ്തീയ സാക്ഷ്യത്തിനും സഭാജീവിതത്തിനും നേതൃത്വം വഹിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള ദൗത്യങ്ങൾ ധന്യനായ അങ്ങിൽ നിക്ഷിപ്തമായിരിക്കുന്നു. അതേസമയം, ഈ മൂന്നാം ക്രിസ്തീയ സഹസ്രാബ്ദത്തിന്റെ പ്രാരംഭത്തിൽ ഉരുത്തുരിയുന്ന മുഖ്യമായ വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ അങ്ങ് സജ്ജനാകുകയാണ്. നവസുവിശേഷവൽക്കരണത്തിന്റെ സമയമാണിത്. ക്രിസ്തീയ വിശ്വാസം പങ്കുവയ്ക്കുന്ന സഹോദരീസഹോദരന്മാരുമായി നവീകരിക്കപ്പെട്ട, ബോദ്ധ്യത്തിലധിഷ്ഠിതമായ സംവാദത്തിനുള്ള സമയം. സകലരുടെയും നന്മക്കും ക്ഷേമത്തിനുംവേണ്ടി, വിശേഷിച്ച്, ദരിദ്രരിൽ ദരിദ്രരായവരുടെ ഉന്നമനത്തിനുവേണ്ടി മതങ്ങളും സംസ്ക്കാരങ്ങളും തമ്മിൽ ആദരപൂർവ്വവും ഫലപ്രദവുമായ നേർക്കാഴ്ചകൾക്കുള്ള സന്ദർഭമാണിത്. മാനവകുടുംബത്തിലാകെ നീതിയിലും ഐക്യദാർഢ്യത്തിലും സമാധാനം സൃഷ്ടിക്കുവാൻ നാം യത്നിക്കുമ്പോൾ സുവിശേഷവത്ക്കരണത്തിലുള്ള നമ്മുടെ പ്രതിബദ്ധത അനുസ്യൂതം നവീകരിക്കപ്പെടേണ്ടതുണ്ട്. കർത്താവിൽനിന്നും സുന്നഹദോസ് അംഗങ്ങളായ സഹോദരമെത്രാന്മാരുടെ കൂട്ടായ പിന്തുണയിൽനിന്നും അങ്ങ് ശക്തിയാർജ്ജിക്കട്ടെ! മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഹയരാർക്കി സ്ഥാപിതമായതിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന ഈ സന്തോഷ സന്ദർഭത്തിൽ അവരോട് എന്റെ പ്രത്യേക ആശംസകളും പ്രാർത്ഥനകളും അറിയിക്കുകയും ചെയ്യുക.

പെന്തക്കുസ്തായുടെ അന്തരീക്ഷത്തിലാണ് നാം ഇപ്പോഴും ശ്വസിക്കുന്നത്. പരിശുദ്ധ ദൈവമാതാവിനും അപ്പസ്തോലന്മാർക്കും ഒപ്പം ജറുസലേമിലെ “മുകളിലത്തെ മുറിയിൽ” പരിശുദ്ധാത്മാവിന്റെ നിമന്ത്രണങ്ങൾക്കു വിധേയരായിരിക്കുവാൻ നമ്മൾ ആഗ്രഹിക്കുന്നു. ക്രിസ്തുവിന്റെ സുവിശേഷത്തിനു സാക്ഷികളാകുന്നതിന്, പരിശുദ്ധാത്മാവിന്റെ ദാനം നിങ്ങളെ തുടർന്നും പരിപോഷിപ്പിക്കട്ടെ എന്ന് ധന്യനായ അങ്ങേക്കും, ആകമാന മലങ്കരസഭക്കുമുള്ള എന്റെ പ്രാർത്ഥന പരിശുദ്ധ കന്യകമറിയത്തിന് ഞാൻ സമർപ്പിക്കുന്നു. ഈ മനോവികാരങ്ങളോടെ, എന്റെ സംപൂജ്യ സഹോദരനായ അങ്ങേക്കും, മലങ്കര സുറിയാനി സഭയിലെ എല്ലാ പുത്രീപുത്രന്മാർക്കും സസന്തോഷം എന്റെ അപ്പസ്തോലിക ആശിർവാദം ഞാൻ നൽകുന്നു!

**- ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ**

## Reply to the welcome extended to His Beatitude Moran Mor Baselios Cleemis on the occasion of his visit to the Roman Pontiff

Most Holy Father,

Allow me to express my humble words of gratitude, praise and appreciation with those of the Psalmist, rushing forth from the depth of my heart; “This is the day the Lord has made; we will rejoice and be glad in it.” (Ps.118:24)

I consider this to be a historic moment for the ancient Apostolic Malankara Church in its 2000 years of history as a Church. For the Malankara Catholic Church, it is a day specially prepared by the Almighty Lord manifesting His wonderful providence. It is the time that the *Pater et Caput* of the Malankara Catholic Major Archiepiscopal Church visits the successor of St. Peter, the Chief of the Apostles and the Head of the Apostolic College. It was exactly 75 years back, on 26th April, 1932, in this Apostolic Palace that Pope Pius XI of Venerable Memory, graciously welcomed my illustrious predecessor, the founder of the Reunion Movement in India, the Most Rev. Geevarghese Mar Ivanios of Happy Memory with the extremely profound words of welcome, “My son, you are my good son: Welcome, a big welcome”.

During these 75 years, the Malankara Catholic Church has been experiencing in a very profound way the gracious patronage and care of the Holy See in its ecclesial life as a whole and in many a significant ecclesial development in particular. Among these particular ecclesial developments, the most significant one has been definitely the elevation of the Malankara Catholic Church on 10th February, 2005 from the status of a Metropolitan Church to that of a Major Archiepiscopal *Sui juris* Church. It is in this joyful context that the *Pater et Caput* of the Malankara Catholic Major Archiepiscopal Church along with our reverend Fathers, Sisters and lay representatives in Rome, visit Your Holiness. At this juncture, may I express our deep-felt indebtedness to Pope John Paul II of Happy Memory, whose illustrious legacy Your Holiness graciously share. We are also aware of the vision and determination expressed by His Beatitude Cyril Baselios of Happy Memory in realizing this all time-dream of the Malankara Church.

I am really glad to inform Your Holiness that we are deeply committed to the realization of the fundamental mission entrusted to us as a Church by the Lord, namely the promotion of ecclesial communion and the evangelization of the people. In this respect we are constantly encouraged and supported by the vision and commitment of the great Fathers who went before us, namely the Most Rev. Geevarghese Mar Ivanios, Benedict Mar Gregorios and Cyril Mar Baselios of Happy Memory. Inspired by the words of Pope John Paul II, we resolve to commit ourselves

with a renewed sense of fraternal solidarity and openness to our Sister Churches and to the brothers and sisters of other religious faiths to the further realization of our God-given mission: “We feel the need to go beyond the degree of communion we have reached” (Pope John Paul II, Orientale Lumen, 17, 1997). May I humbly inform Your Holiness that as a practical prelude to this, before taking charge of my new mission as the *Pater et Caput* of the Malankara Catholic Church, I personally visited all the Heads of our Sister Churches of St. Thomas Christians. May we assure Your Holiness that as a Church we shall try to do all that is possible to us to promote full communion of the Churches and dialogue with other faiths.

Most Holy Father, I take this opportunity to thank Your Holiness most sincerely for your personal blessings, support, and encouragements that Your Holiness is extending to the Malankara Catholic Church. As a remote reference to the personal relation of Your Holiness to the Malankara Catholic Church, Your Holiness my recall that one of our revered prelates, namely Zacharias Mar Athanasios of Happy Memory, the then Bishop of Tiruvalla had the rare privilege of being personally present at the auspicious occasion of the Episcopal Ordination of Your Holiness. I would like to place on record the great support extended to us from the Holy See especially through the Congregation for the Oriental Churches, particularly under its present Prefect, His Beatitude Ignace Cardinal Moussa Daoud and the Secretary, His Grace Antonio Maria Veglio. I also I raise my heart in gratitude to all the great supporters and well-wishers of the Malankara Catholic Church among whom the invaluable support of the Apostolic Nuncio in New Delhi, His Grace Pedro Lopez Quintana and of my Brother Bishops of the Latin and Syro Malabar Hierarchies in India are to be specially mentioned.

Most Holy Father, on behalf of my Brother Metropolitan Archbishop of Tiruvalla, my Brother Bishops of Bathery, Marthandom, Muvattupuzha and Mavelikara, the two Apostolic Visitators in New Delhi and New York, the Reverend diocesan and religious Clergy and Sisters, our Seminarians, the candidates to religious life and all our Lay Faithful, I express wholeheartedly our profound love, final devotion and unconditional support to Your Holiness in your Petrine Ministry, which unites and ‘strengthens’ everyone (Lk. 22:32). We humbly assure Your Holiness our continuous prayers for this great Apostolic Ministry.

**+ Baselios Cleemis**
Major Archbishop,
Malankara Catholic Major Archiepiscopal Church
28 May 2007

**റോമാ മാർപ്പാപ്പായെ സന്ദർശിച്ച വേളയിൽ**
**തനിക്ക് നൽകിയ സ്വാഗതത്തിന്**
**പ. ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ മറുപടി**

ഏറ്റവും പരിശുദ്ധനായ പിതാവേ,

എന്റെ ഹൃദയത്തിന്റെ ആഴങ്ങളിൽനിന്ന് നിർഗ്ഗളിക്കുന്ന കൃതജ്ഞതയുടേയും പ്രശംസകളുടേയും മതിപ്പിന്റേതുമായ എളിയ വാക്കുകൾ സങ്കീർത്തകന്റെ ഭാഷയിൽ പ്രകടിപ്പിക്കാൻ എന്നെ അനുവദിച്ചാലും: "കർത്താവ് ഒരുക്കിയ ദിവസമാണിന്ന്. ഇന്ന് സന്തോഷിച്ചുല്ലസിക്കാം" (സങ്കീ 118:24)

പ്രാചീന അപ്പസ്തോലിക മലങ്കരസഭയ്ക്ക്, ഒരു സഭയെന്ന നിലയിൽ 2000 വർഷം പഴക്കമുള്ള അതിന്റെ ചരിത്രത്തിൽ, ഇത് ഒരു ചരിത്രമുഹൂർത്തമാണ് എന്ന് ഞാൻ കരുതുന്നു. മലങ്കര കത്തോലിക്കാസഭയ്ക്ക്, സർവ്വശക്തനായ ദൈവം തന്റെ വിസ്മയാവഹമായ പദ്ധതികളുടെ ആവിഷ്ക്കാരത്തിനായി പ്രത്യേകം സജ്ജമാക്കിയ ഒരു ദിവസമാണ് ഇന്ന്. മലങ്കര കത്തോലിക്കാ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയുടെ "തലവനും പിതാവും" (ജമമ്യേ ല� ഇമുൗ), ശ്ലീഹന്മാരിൽ പ്രമുഖനും അപ്പസ്തോലഗണത്തിന്റെ തലവനുമായ പത്രോസിന്റെ പിൻഗാമിയെ സന്ദർശിക്കുന്നത് ഇത് ആദ്യമായാണ്. "എന്റെ മകനെ നീ എന്റെ സത്പുത്രനാണ്; സ്വാഗതം വലിയ സ്വാഗതം!"– കൃത്യം 75 വർഷങ്ങൾക്കുമുമ്പായിരുന്നു, അതായത്, 1932 ഏപ്രിൽ 26-ാം തീയതി, ഈ അപ്പസ്തോലിക അരമനയിൽ സംപൂജ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപാപ്പാ, എന്റെ വിഖ്യാതനായ മുൻഗാമിയും ഭാരത പുനരൈക്യപ്രസ്ഥാനത്തിന്റെ സ്ഥാപകനുമായ ഭാഗ്യസ്മരണാർഹനായ ഗീവർഗ്ഗീസ് മാർ ഈവാനിയോസ് തിരുമേനിയെ ഹൃദ്യമായി സ്വാഗതം ചെയ്തപ്പോഴാണ് തീക്ഷ്ണമാംവിധം ഹൃദയസ്പർശിയായ ഈ വാക്കുകൾ പറഞ്ഞത്.

ഈ 75 വർഷക്കാലയളവിൽ, മലങ്കര കത്തോലിക്കാസഭ അതിന്റെ സഭാജീവിതത്തിലാകമാനവും, ഒട്ടേറെ നിർണ്ണായക സഭാപുരോഗതികളിൽ പ്രത്യേകിച്ചും, പരിശുദ്ധ സിംഹാസനത്തിന്റെ ഉദാരമായ രക്ഷാകർതൃത്വവും കരുതലും അഗാധമായി അനുഭവിക്കുകയായിരുന്നു. ഈ പ്രത്യേക സഭാപുരോഗതികളിൽ ഏറ്റവും നിർണ്ണായകമായ ഒന്നായിരുന്നു 2005 ഫെബ്രുവരി 10-ാം തീയതി, മലങ്കര കത്തോലിക്കാസഭയെ മെത്രാപ്പോലിത്തൻ സഭ എന്ന പദവിയിൽനിന്ന്, സ്വയംഭരണാവകാശമുള്ള (ൌശ ഷൗൃശ) ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭ എന്ന പദവിയിലേക്ക് ഉയർത്തിയത്. ഈ ഒരു സന്തോഷവേളയിലാണ് മലങ്കര കത്തോലിക്കാ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭയുടെ തലവനും പിതാവും (ജമമ്യേ ല�whatsoever ഇമുൗ), ബഹുമാനപ്പെട്ട നമ്മുടെ വൈദികർ, സന്യാസിനികൾ, റോമിലുള്ള അൽമായ പ്രതിനിധികൾ എന്നിവരൊപ്പം പരിശുദ്ധ പിതാവേ, അങ്ങയെ സന്ദർശിക്കുന്നത്. ഈ മുഹൂർത്തത്തിൽ, അങ്ങ് അനുഗ്രഹകരമായി ആരുടെ മഹനീയ പിൻതുടർച്ച ആർജ്ജിച്ചിരിക്കുന്നുവോ ആ ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ മാർപാപ്പായോടുള്ള ഞങ്ങളുടെ അത്യഗാധമായ കടപ്പാട് പ്രകടിപ്പിക്കട്ടെ. മലങ്കര

സഭയുടെ എക്കാലത്തേയും ഈ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിൽ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ സിറിൽ ബസേലിയോസ് പിതാവ് പ്രകടിപ്പിച്ച ഉൾക്കാഴ്ചയേയും നിശ്ചയദാർഢ്യത്തേയുംകുറിച്ചും ഞങ്ങൾക്ക് അവബോധമുണ്ട്.

കർത്താവ്, ഒരു സഭയായി ഞങ്ങളെ ഭരമേല്പിച്ചിരിക്കുന്ന അടിസ്ഥാനപരമായ ദൗത്യം, സഭാക്കൂട്ടായ്മയും ജനതകളുടെ സുവിശേഷവൽക്കരണവും പരിപോഷിപ്പിക്കുവാൻ, ഞങ്ങൾ ദൃഢമായി പ്രതിജ്ഞാബദ്ധരാണ് എന്ന് പരിശുദ്ധ പിതാവേ, അങ്ങയെ അറിയിക്കുവാൻ എനിക്കു അതിയായ സന്തോഷമുണ്ട്. ഇക്കാര്യത്തിൽ, ഭാഗ്യസ്മരണാർഹരായ ഗീവർഗ്ഗീസ് മാർ ഈവാനിയോസ്, ബനഡിക്ട് മാർ ഗ്രിഗോറിയോസ്, സിറിൽ മാർ ബസേലിയോസ് എന്നീ പിതാക്കന്മാരുടെ ഉൾക്കാഴ്ചയും പ്രതിബദ്ധതയും ഞങ്ങൾക്ക് നിരന്തരമായ പ്രോത്സാഹനവും പിന്തുണയും നൽകുന്നുണ്ട്. "നാം ആർജ്ജിച്ചുകഴിഞ്ഞ ഐക്യത്തിന്റെ തലങ്ങൾക്കും അപ്പുറത്തേക്കു പോകേണ്ടതിന്റെ ആവശ്യകത നമുക്ക് അനുഭവപ്പെടുന്നു" (*ഓറിയന്താലേ ലൂമെൻ* 17, 1995) എന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ വാക്കുകളാൽ പ്രചോദിതരായി, സഹോദര സഭകളോടും ഇതര മതവിശ്വാസികളായ സഹോദരീ-സഹോദരന്മാരോടുമുള്ള നവമായ സാഹോദര്യ ഐക്യദാർഢ്യത്തിന്റെയും തുറവിയുടേയും മന:സ്ഥിതിയോടെ, ദൈവദത്തമായ ദൗത്യം സാക്ഷാത്ക്കരിക്കുവാൻ ഞങ്ങൾ ഞങ്ങളെത്തന്നെ സമർപ്പിക്കുവാൻ പ്രതിജ്ഞ ചെയ്യുന്നു. ഇതിന്റെ പ്രായോഗിക നാന്ദി എന്ന വിധം, മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമെന്ന എന്റെ പുതിയ ദൗത്യം ഏറ്റെടുക്കുംമുമ്പ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഹോദരീ സഭാതലവന്മാരെയെല്ലാം ഞാൻ വ്യക്തിപരമായി സന്ദർശിച്ചു എന്ന് പരിശുദ്ധ പിതാവേ, അങ്ങയെ ഞാൻ സവിനയം അറിയിക്കട്ടെ. ഒരു സഭ എന്ന നിലയ്ക്ക് സഭകളുമായുള്ള സമ്പൂർണ്ണ കൂട്ടായ്മയും, ഇതര വിശ്വാസങ്ങളുമായുള്ള സംവാദവും പ്രോത്സാഹിപ്പിക്കുന്നതിന് ഞങ്ങളാൽ കഴിയുന്നതെല്ലാം ചെയ്യും എന്ന്, പരിശുദ്ധ പിതാവേ, ഞങ്ങൾ അങ്ങേക്ക് ഉറപ്പുതരുന്നു.

ഏറ്റവും പരിശുദ്ധ പിതാവേ, മലങ്കര കത്തോലിക്കാസഭയ്ക്ക് അങ്ങു നൽകുന്ന വ്യക്തിപരമായ ആശിർവാദങ്ങൾ, പിന്തുണ, പ്രോത്സാഹനം എന്നിവയ്ക്ക് തികഞ്ഞ ആത്മാർത്ഥതയോടെ കൃതജ്ഞത അർപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ഞങ്ങളുടെ മുൻമേലദ്ധ്യക്ഷന്മാരിൽ ഒരാളായിരുന്ന, ഭാഗ്യസ്മരണാർഹനായ തിരുവല്ലാ ബിഷപ്പ് സക്കറിയാസ് മാർ അത്തനാസിയോസിന്, അങ്ങയുടെ മെത്രാഭിഷേകത്തിന്റെ മഹനീയ വേളയിൽ വ്യക്തിപരമായി പങ്കെടുക്കുവാൻ അവസരമുണ്ടായി എന്നത് മലങ്കര കത്തോലിക്കാസഭയോട് പരിശുദ്ധ പിതാവിനുള്ള വ്യക്തിപരമായ ബന്ധം സൂചിപ്പിക്കുന്നു എന്ന് ഞാൻ അനുസ്മരിച്ചുകൊള്ളട്ടെ. പൗരസ്ത്യ സഭകൾക്കു വേണ്ടിയുള്ള കാര്യാലയത്തിലൂടെ, വിശിഷ്യാ, അതിന്റെ ഇപ്പോഴത്തെ പ്രീഫെക്ട്, ധന്യനായ പിതാവ് കർദ്ദിനാൾ ഇഗ്നാസ് മൂസാ ദാവൂദ്, സെക്രട്ടറി അന്തോണിയോ മരിയ വേലിയോ എന്നിവരുടെ ചുമതലയിൻകീഴിൽ, പരിശുദ്ധ സിംഹാസനം ഞങ്ങൾക്കു നൽകുന്ന മഹത്തായ പിന്തുണ ഞാൻ രേഖപ്പെടുത്തുവാൻ ആഗ്രഹിക്കുന്നു. മലങ്കര കത്തോലിക്കാസഭയുടെ മഹത്തായ സഹായികളേയും അഭ്യുദയകാംക്ഷികളേയും, വിശിഷ്യാ, ന്യൂഡൽഹിയിലെ അപ്പസ്തോലിക് ന്യുൺഷ്യോ പെദ്രോ ലോപ്പസ് ക്വിന്താനയുടേയും, ഇന്ത്യയിലുള്ള

ലത്തീൻ, സീറോ-മലബാർ ഹയരാർക്കികളിലെ എന്റെ സഹോദരമെത്രാന്മാരുടെയും അമൂല്യമായ പിന്തുണയ്ക്കും എന്റെ ഹൃദയം നന്ദിപൂർവ്വം ഞാൻ ഉയരങ്ങളിലേക്ക് ഉയർത്തുന്നു.

ഏറ്റം പരിശുദ്ധ പിതാവേ, തിരുവല്ലായിലെ എന്റെ സഹോദര മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പ്, ബത്തേരി, മാർത്താണ്ഡം, മൂവാറ്റുപുഴ, മാവേലിക്കര എന്നീ ഭദ്രാസനങ്ങളിലെ സഹോദരമെത്രാന്മാർ, ന്യൂഡൽഹി, ന്യൂയോർക്ക് എന്നിവിടങ്ങളിലെ അപ്പസ്തോലിക് വിസിറ്റേറ്റേഴ്സ്, ഭദ്രാസനങ്ങളിലെയും സന്യാസാശ്രമങ്ങളിലെയും വൈദികർ, സന്യസ്തർ, സെമിനാരിക്കാർ, സന്യാസാർത്ഥികൾ, അൽമായ വിശ്വാസികൾ എന്നിവരുടെയെല്ലാം പേരിൽ, അങ്ങയോടുള്ള അത്യഗാധസ്നേഹം, പുത്രനിർവിശേഷമായ ഭക്ത്യാദരവുകൾ, നിരുപാധികമായ പിന്തുണ എന്നിവ, ഏവരേയും ഐക്യപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന അങ്ങയുടെ "പത്രോസിന്റെ" ശുശ്രൂഷക്ക് ഞാൻ അറിയിക്കട്ടെ! (ലൂക്കാ 22:32). ഈ മഹത്തായ ശ്ലൈഹിക ശുശ്രൂഷയ്ക്ക് ഞങ്ങളുടെ തുടർച്ചയായ പ്രാർത്ഥന വിനയപുരസ്സരം ഞങ്ങൾ അങ്ങേക്ക് വാഗ്ദാനം ചെയ്യുന്നു.

**+ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ചുബിഷപ്പ്,
മലങ്കര കത്തോലിക്കാ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭ,
28 മെയ് 2007

## DOCUMENTATION IV

Cause of Canonisation
of Archbishop Mar Ivanios

Archbishop Mar Ivanios
is Declared Servant of God

Documentation IV

## Letter of Acceptance of the Canonical Petition to inititate the Cause of Canonisation of Archbishop Mar Ivanios

**Dated 25.06.2007**

To
**Rev. Fr. Antony Valiyavilayil OIC**
Postulator
Cause of Canonisation of Mar Ivanios

Dear and Reverend Father,

The written petition (*supplex libellus*) presented by you as the legitimately constituted Postulator of the Cause of Canonisation of Mar Ivanios, as per the *Norms to be Observed in Inquiries Made by Bishops in the Causes of Saints* (number 10) published by the Congregation for the Causes of Saints on 7 February 1983, to His Beatitude Moran Mor Cyril Baselios Catholicos, the Major Archbishop of the Syro-Malankara Catholic Church, my illustrious predecessor, on 15 July 2005, to initiate the proceedings of the Cause of Canonisation of Archbishop Mar Ivanios, the Prophet of the Ecclesial Communion Movement in the Malankara Church, the First Metropolitan-Archbishop of the Syro-Malankara Catholic Church, the First Archbishop of the Archieparchy of Trivandrum, the Founder of the Order of the Imitation of Christ (Bethany Ashram), the Founder of the Congregation of the Sisters of the Imitation of Christ (Bethany Convent) and the Promoter of the Congregation of the Daughters of Mary, was under study and scrutiny by experts.

Having considered the canonical requirements and in deference to the decision of the Holy Episcopal Synod of our Church convoked on 10 March 2007, as per number 11 (a) of the aforesaid Norms, I am pleased to accept the Written Petition submitted by you on 15 July 2005. The declaration of the same will be made during the solemn Holy Qurbono on 14 July 2007, the concluding day of the *Ormaperunal* of Archbishop Mar Ivanios this year. With the acceptance of the Petition, Archbishop Mar Ivanios is known by the title **“Servant of God”.**

As you know, this Cause is ecclesiastically and pastorally very important for the Syro-Malankara Catholic Church in particular and the Universal Church in general. Hence I urge you to expedite the work of the cause.

Invoking God’s blessing on your work,

Yours lovingly in Our Lord,

sd/-
**✠Moran Mor Baselios Cleemis Catholicos**
Major Archbishop

**ആർച്ച്ബിഷപ്പ് മാർ ഈവാനിയോസിന്റെ നാമകരണ നടപടികൾ ആരംഭിക്കണമെന്ന കാനോനിക അപേക്ഷ സ്വീകരിച്ചുകൊണ്ടുള്ള കത്ത്**

(പരിഭാഷ)

25.06.2007

ബ. ഫാ. ആന്റണി വലിയവിളയിൽ
പോസ്റ്റുലേറ്റർ
മാർ ഈവാനിയോസ് നാമകരണ നടപടി

പ്രിയ ബഹുമാനപ്പെട്ട അച്ചാ,

മലങ്കര സഭൈക്യപ്രസ്ഥാനത്തിന്റെ പ്രവാചകനും, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ മെത്രാപ്പോലിത്തൻ-ആർച്ച്ബിഷപ്പും, തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ പ്രഥമ ആർച്ച്ബിഷപ്പും, ബഥനി മിശിഹാനുകരണ സന്യാസിനീ-സന്യാസി സമൂഹങ്ങളുടെ സ്ഥാപകനും, മേരീമക്കൾ സന്യാസിനീ സമൂഹത്തിന്റെ രക്ഷാധികാരിയുമായിരുന്ന മാർ ഈവാനിയോസ് മെത്രാപ്പോലിത്തായെ സഭയിൽ വിശുദ്ധനായി പ്രഖ്യാപിക്കുവാൻ പ്രാരംഭ നടപടികൾ ആരംഭിക്കണമെന്ന് അതിനായി നൈയാമികമായി നിയമിതനായ പോസ്റ്റുലേറ്റർ എന്ന നിലയിൽ, 2005 ജൂലൈ മാസം 15-ാം തീയതി എന്റെ ശ്രേഷ്ഠ മുൻഗാമി സിറിൽ മാർ ബസേലിയോസിന് 1983 ഫെബ്രുവരി 7-ാം തീയതി വിശുദ്ധരുടെ നാമകരണ നടപടികൾക്കു വേണ്ടിയുള്ള കാര്യാലയം പ്രസിദ്ധീകരിച്ച *വിശുദ്ധരുടെ നാമകരണ നടപടികളിൽ മെത്രാന്മാർ നടത്തുന്ന അന്വേഷണങ്ങളിൽ പാലിക്കേണ്ട മാർഗ്ഗരേഖകൾ* (നം. 10) പ്രകാരമുള്ള കാനോനിക നിബന്ധനകൾ പ്രകാരം, താങ്കൾ സമർപ്പിച്ച രേഖാമൂലമുള്ള അപേക്ഷ വിദഗ്ധരുടെ പഠനത്തിലും നിരീക്ഷണത്തിലുമായിരുന്നു.

കാനോനിക നിബന്ധനകൾ പരിഗണിച്ചും, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 2007 മാർച്ച് 10-ാം തീയതി സമ്മേളിച്ച പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തിരുമാനത്തിന് വിധേയമായും, മുൻപ്രസ്താവിച്ച മാർഗ്ഗരേഖയിലെ നം. 11 (a) പ്രകാരവും, 2005 ജൂലൈ 15-ന് താങ്കൾ സമർപ്പിച്ച രേഖാമൂലമുള്ള അപേക്ഷ സ്വീകരിക്കുന്നതിൽ ഞാൻ അതീവ സന്തോഷവാനാണ്. ഈ വർഷത്തെ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസിന്റെ ഓർമ്മപ്പെരുന്നാളിന്റെ സമാപന ദിവസമായ 2007 ജൂലൈ 14-ന് വി. കുർബാന മദ്ധ്യേ ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തുന്നതാണ്. അപേക്ഷ സ്വീകരിക്കുന്നതോടെ, ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് "**ദൈവദാസൻ**" എന്ന ശീർഷകത്തിൽ അറിയപ്പെടുന്നതാണ്.

താങ്കൾക്കറിയാവുന്നപോലെ, മലങ്കര കത്തോലിക്കാസഭയ്ക്ക് പ്രത്യേകിച്ചും, ആഗോള സഭയ്ക്ക് പൊതുവെയും, സഭാത്മകമായും, അജപാലനപരമായും വളരെ പ്രാധാന്യമുള്ളതാണ് ഈ നടപടി. ആയതിനാൽ, പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുവാൻ ഞാൻ താങ്കളെ പ്രോത്സാഹിപ്പിക്കുന്നു.

താങ്കളുടെ ശുശ്രൂഷയിൽ ദൈവത്തിന്റെ അനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ട്,

കർത്താവിൽ സ്നേഹത്തോടെ

(ഒപ്പ്)
**മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ**
മേജർ ആർച്ചുബിഷപ്പ്

Fascimile of the Declaration

THE SYRO-MALANKARA CATHOLIC CHURCH

DECLARATION

Prot. No. 4 / 2007

**ARCHBISHOP MAR IVANIOS**
**IS**
**SERVANT OF GOD**

**MORAN MOR BASELIOS CLEEMIS**
**Major Archbishop-Catholicos of the Syro-Malankara Catholic Church**

**For the Perpetual Good of the Church**

***Praise be to the Holy Name of the Triune God,***
***Self-existent, Almighty, Eternal and Consubstantial!***

In deference to the decision of the Holy Episcopal Synod convoked on 10 March 2007 and having considered the canonical requirements as per the *Norms to be Observed in Inquiries Made by Bishops in the Causes of Saints* published by the Congregation in Rome for the Causes of Saints on 7 February 1983, I, Moran Mor Baselios Cleemis Catholicos, the Major Archbishop of the Syro-Malankara Catholic Church, am pleased to accept the Written Petition submitted on 15 July 2005 by the legitimately appointed Postulator, to initiate the Cause of Canonisation of Archbishop Geevarghese Mar Ivanios, the Prophet of the Ecclesial Communion Movement in the Malankara Church, the First Metropolitan-Archbishop of the Syro-Malankara Catholic Church, the First Archbishop of the Archieparchy of Trivandrum, the Founder of the Order of the Imitation of Christ (Bethany Ashram) and the Congregation of the Sisters of the Imitation of Christ (Bethany Convent) and the Promoter of the Congregation of the Daughters of Mary. Herewith, I declare that, Archbishop Geevarghese Mar Ivanios is "Servant of God". Henceforth, He will be known in the Holy Church as Servant of God Archbishop Mar Ivanios.

Given from the Major Archiepiscopal Curia at the Catholicate Centre, Pattom, Trivandrum on the fourteenth day of the month of July in the year two thousand and seven of Our Lord.

Fr. Antony Valiyavilayil OIC
Chancellor

+Baselios Cleemis
MORAN MOR BASELIOS CLEEMIS
Major Archbishop-Catholicos

## THE SYRO-MALANKARA CATHOLIC CHURCH

### ARCHBISHOP MAR IVANIOS
### IS SERVANT OF GOD

### DECLARATION

**MORAN MOR BASELIOS CLEEMIS**
**Major Archbishop-Catholicos of the Syro-Malankara Catholic Church**

**For the Perpetual Good of the Church**

***Praise be to the Holy Name of the Triune God,***
***Self-existent, Almighty, Eternal and Consubstantial!***

In deference to the decision of the Holy Episcopal Synod convoked on 10 March 2007 and having considered the canonical requirements as per the *Norms to be Observed in Inquiries Made by Bishops in the Causes of Saints* published by the Congregation in Rome for the Causes of Saints on 7 February 1983, I, Moran Mor Baselios Cleemis Catholicos, the Major Archbishop of the Syro-Malankara Catholic Church, am pleased to accept the Written Petition submitted on 15 July 2005 by the legitimately appointed Postulator, to initiate the Cause of Canonisation of Archbishop Geevarghese Mar Ivanios, the Prophet of the Ecclesial Communion Movement in the Malankara Church, the First Metropolitan-Archbishop of the Syro-Malankara Catholic Church, the First Archbishop of the Archieparchy of Trivandrum, the Founder of the Order of the Imitation of Christ (Bethany Ashram) and the Congregation of the Sisters of the Imitation of Christ (Bethany Convent) and the Promoter of the Congregation of the Daughters of Mary. Herewith, I declare that, Archbishop Geevarghese Mar Ivanios is "**Servant of God**". Henceforth, He will be known in the Holy Church as Servant of God Archbishop Mar Ivanios.

Given from the Major Archiepiscopal Curia at the Catholicate Centre, Pattom, Trivandrum on the fourteenth day of the month of July in the year two thousand and seven of Our Lord.

sd/-
**Fr. Antony Valiyavilayil OIC**
Chancellor

sd/-
**MORAN MOR BASELIOS CLEEMIS**
Major Archbishop-Catholicos

## *മലങ്കര സുറിയാനി കത്തോലിക്കാ സഭ*

## *പ്രഖ്യാപനം*

**ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് ദൈവദാസൻ ആകുന്നു**

**മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**

*മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ച്ബിഷപ്പ് കാതോലിക്കാബാവാ*

സഭയുടെ നിത്യനന്മയ്ക്കായി

സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും
സാരാംശത്തിൽ സമത്വമുള്ളവനുമായ ത്രിയേക ദൈവത്തിന് സ്തുതി.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 2007 മാർച്ച് 10-ാം തീയതി സമ്മേളിച്ച പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ തിരുമാനത്തിന് വിധേയമായും 1983 ഫെബ്രുവരി 7-ാം തീയതി വിശുദ്ധരുടെ നാമകരണ നടപടികൾക്കുവേണ്ടിയുള്ള കാര്യാലയം പ്രസിദ്ധീകരിച്ച *വിശുദ്ധരുടെ നാമകരണ നടപടികളിൽ മെത്രാന്മാർ നടത്തുന്ന അന്വേഷണങ്ങളിൽ പാലിക്കേണ്ട മാർഗ്ഗരേഖകൾ* പ്രകാരമുള്ള കാനോനിക നിബന്ധനകൾ പരിഗണിച്ചും, ഞാൻ, മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ച്ബിഷപ്പ്, മലങ്കര സഭൈക്യപ്രസ്ഥാനത്തിന്റെ പ്രവാചകനും, മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രഥമ മെത്രാപ്പോലിത്തൻ - ആർച്ച്ബിഷപ്പും, തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ പ്രഥമ ആർച്ച്ബിഷപ്പും, ബഥനി മിശിഹാനുകരണ സന്യാസിനി - സന്യാസി സമൂഹങ്ങളുടെ സ്ഥാപകനും, മേരീമക്കൾ സന്യാസിനീ സമൂഹത്തിന്റെ രക്ഷാധികാരിയുമായിരുന്ന ഭാഗ്യസ്മരണാർഹനായ ഗീവർഗ്ഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലിത്തായെ സഭയിൽ വിശുദ്ധനായി പ്രഖ്യാപിക്കാനുള്ള നടപടികൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള 2005 ജൂലൈ മാസം 15-ാം തീയതി പോസ്റ്റുലേറ്റർ സമർപ്പിച്ച രേഖാമൂലമുള്ള അപേക്ഷ സസന്തോഷം സ്വീകരിക്കുന്നു. ഭാഗ്യസ്മരണാർഹനായ ആർച്ച്ബിഷപ്പ് ഗീവർഗ്ഗീസ് മാർ ഈവാനിയോസ് "**ദൈവദാസൻ**" ആകുന്നു എന്ന് ഇതിനാൽ ഞാൻ പ്രഖ്യാപിക്കുന്നു. ഇപ്പോൾമുതൽ പരിശുദ്ധസഭയിൽ അഭിവന്ദ്യതിരുമേനി "**ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്**" എന്ന് വിളിക്കപ്പെടുന്നതാണ്.

തിരുവനന്തപുരം പട്ടം കാതോലിക്കേറ്റ് സെന്ററിലെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായിൽനിന്നും നമ്മുടെ കർത്താവിന്റെ സംവത്സരം **രണ്ടായിരത്തിയേഴ് ജൂലൈ മാസം പതിനാലാം ദിവസം** നൽകപ്പെട്ടത്.

**(ഒപ്പ്)**
**മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**
മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കാബാവാ

**(ഒപ്പ്)**
**ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി.**
ചാൻസലർ

*പത്രക്കുറിപ്പ്*

**മാർ ഈവാനിയോസിനെ 2007 ജൂലൈ 14 ന് ദൈവദാസനായി പ്രഖ്യാപിക്കുന്നു**

സഭൈക്യത്തിന്റെ പ്രവാചകനും, മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ ശില്പിയും, മലങ്കര കത്തോലിക്കാസഭയുടെ പ്രഥമ മെത്രാപ്പോലീത്തായുമായ ആർച്ചു ബിഷപ്പ് മാർ ഈവാനിയോസിനെ ദൈവദാസനായി ജൂലൈ 14ന് പ്രഖ്യാപിക്കും. അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള നാമകരണ നടപടികളുടെ ആദ്യഘട്ടത്തിലാണ് ഈ പ്രഖ്യാപനം. ഈ വർഷം മാർ ഈവാനിയോസിന്റെ 125-ാമത് ജന്മവർഷ ആഘോഷംകൂടി നടക്കുകയാണ്. അദ്ദേഹത്തിന്റെ ഭൗതീക ശരീരം അടക്കം ചെയ്യപ്പെട്ടിരിക്കുന്ന തിരുവനന്തപുരം പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ, സഭയിലെ എല്ലാ മെത്രാന്മാരെയും വൈദികരെയും സന്യസ്തരെയും ആയിരക്കണക്കിന് വിശ്വാസികളെയും സാക്ഷിനിർത്തി, സഭയുടെ തലവൻ മേജർ ആർച്ചുബിഷപ്പ് ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായാണ് ഭാഗ്യസ്മരണാർഹനായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസിനെ ദൈവദാസനായി പ്രഖ്യാപിക്കുന്നത്.

മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 54-ാം ഓർമ്മപ്പെരുന്നാളും അനുസ്മരണാ ശുശ്രൂഷകളും അദ്ദേഹത്തിന്റെ കബറിടം സ്ഥിതിചെയ്യുന്ന പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ, 2007 ജൂൺ 30 മുതൽ ജൂലൈ 14 വരെ നടക്കും. എല്ലാ ദിവസവും വൈകിട്ട് 5.30 ന് സന്ധ്യാപ്രാർത്ഥനയും വി. കുർബ്ബാനയും ധൂപപ്രാർത്ഥനയും മാർ ഈവാനിയോസ് ദർശനങ്ങളെ സംബന്ധിക്കുന്ന അനുസ്മരണ പ്രഭാഷണവും നടക്കും. ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് ബിഷപ്പുമാരായ യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ബഥനി സന്യാസ സമൂഹം സുപ്പീരിയർ ജനറൽ റവ. ഡോ. ജോർജ്ജ് തോമസ് കല്ലുങ്കൽ ഒ.ഐ.സി., മറ്റു വൈദികർ എന്നിവർ ഈ ദിവസങ്ങളിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാളായ ജൂലൈ 15 ഈ വർഷം ഞായറാഴ്ച ആയതിനാൽ 14-ാം തീയതിയാണ് പ്രധാന പെരുന്നാൾ ആഘോഷങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. അന്നേദിവസം രാവിലെ 8 മണിക്ക് കത്തീഡ്രലിൽ റാന്നി-പെരുന്നാട്ടിൽനിന്നും കന്യാകുമാരിയിൽനിന്നും ആരംഭിക്കുന്ന പദയാത്രകൾ എത്തിച്ചേരും. തുടർന്ന് മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിൽ ശുശ്രൂഷകൾ ആരംഭിക്കും. സഭയിലെ മെത്രാന്മാരായ ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്, ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്, യൂഹാനോൻ മാർ ക്രിസോസ്റ്റം, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ജേക്കബ് മാർ ബർണബാസ്, കോറെപ്പിസ്ക്കോപ്പാമാർ, റമ്പാന്മാർ, വികാരി ജനറൽമാർ, വൈദികർ എന്നിവർ സഹകാർമ്മികരായിരിക്കും. തുടർന്ന് അനുസ്മരണ സമ്മേളനവും കബറിങ്കൽ പ്രത്യേക പ്രാർത്ഥനകളും നടക്കും.

-ഫാ. ആന്റണി വലിയവിളയിൽ ഒ.ഐ.സി.
ചാൻസലർ

Documentation IV

Press Release

**Proclamation of**
**Mar Ivanios as 'Servant of God' on 14 July 2007**

Archbishop Mar Ivanios, the Prophet of the Church Unity, the Founder of the Malankara Reunion Movement and the First Metropolitan Archbishop of the Malankara Catholic Church will be proclaimed 'Servant of God' on 14 July. This year marks also the 125th year of the birth of Mar Ivanios. It is Major Archbishop Moran Mor Baselios Cleemis Catholicos, the Head of the Church, who will proclaim Mar Ivanios of happy memory as 'Servant of God, in the presence of all the Metropolitans, Priests, Religious and thousands of the faithful of the Church, at St. Mary's Cathedral, where the mortal remains of the Prelate are entombed.

The 54th Commemoration feast of Metropolitan Mar Ivanios and the service relating to the same will be held from June 30 to July 14 at St. Mary's Cathedral, where his tomb remains. There will be Evening prayer at 5.30 p.m. every day, followed by the celebration of Holy Qurbono, Prayer of incesing at the tomb and talks on the visions of His Grace Archbishop Mar Ivanios. Archbishop Thomas Mar Koorilos, Bishops Yoohanon Mar Chrysostom, Joshua Mar Ignathios, Very Rev. Dr. George Thomas Kallunkal OIC, the Superior General of the Order of the Imitation of Christ and other priests will lead the service during those days. Since July 15, the Feast of the Commemoration of Mar Ivanios, falls this year on a Sunday, the chief celebrations will be held on 14th instant. On that day at 8 a.m. the pilgrims from Ranni-Perunad and Kanyakumari will arrive at the Cathedral. Soon afterwards the services begin with His Beatitude Baselios Cleemis Catholicos as the chief celebrant. All the Bishops of the Malankara Catholic Church - Archbishop Thomas Mar Koorilos, Most Rev. Geevarghese Mar Divannasios, Most Rev. Yoohanon Mar Chrysostom, Most Rev. Joshua Mar Ignathios, Most Rev. Joseph Mar Thomas, Most Rev. Jacob Mar Barnabas -Very Rev. Corepiscopoi, Rembans, Vicar Generals and other priests will be the concelebrants. After that, there will be the Commemorative meeting and the Incensing Service at the tomb.

**- Fr. Antony Valiyavilayil OIC**
Chancellor

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ അംഗീകാരത്താലും
മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ചുബിഷപ്പ്
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻ കീഴിലുള്ള മേല്പട്ടക്കാർക്കും പട്ടക്കാർക്കും
ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും വിശ്വാസികളേവർക്കും വാഴ്വ്.

Prot.No.CPL 3/2007

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ**
**ത്രീയേക ദൈവത്തിനു സ്തുതി.**

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യവൈദികരേ, ശെമ്മാശ്ശന്മാരേ, ബഹു. സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

സാർവ്വത്രിക സഭയുടെ അത്യുന്നത ഇടയൻ, ശ്ലീഹന്മാരിൽ പ്രധാനിയായ വി. പത്രോസിന്റെ പിൻഗാമി പരിശുദ്ധ ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പായെ, മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമെന്ന നിലയിൽ 2007 മെയ് 28-ാം തീയതി വത്തിക്കാനിൽ പരിശുദ്ധ പിതാവിന്റെ അരമനയിൽ സന്ദർശിച്ച വിവരം സസന്തോഷം ഔദ്യോഗികമായി നിങ്ങളെ അറിയിക്കട്ടെ. നമ്മുടെ സഭയുടെ തലവനും പിതാവും എന്ന നിലയിൽ എന്റെ തെരഞ്ഞെടുപ്പിന്റെയും പ. പിതാവിന്റെ അംഗീകാരത്തിന്റെയും ശേഷം പ. പിതാവുമായുള്ള ഈ ഔദ്യോഗിക സന്ദർശനം കാനോനികവും സഭാത്മകവുമായ അർത്ഥവ്യാപ്തിയിൽ ഏറെ സമ്പുഷ്ടമാണ്. സഭാകൂട്ടായ്മയുടെ അർത്ഥവത്തായ അനുഭവത്തിന്റെ ആഘോഷമായിരുന്നു ഈ സന്ദർശനം. പ. പിതാവ് സാർവ്വത്രിക സഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ, മലങ്കര സഭയോടുള്ള ആദരവും പിതൃസഹജമായ വാത്സല്യവും പ്രകടമാക്കി എന്നെ ഏറ്റം സ്നേഹത്തോടെ സ്വീകരിച്ചത് മലങ്കര കത്തോലിക്കാസഭയ്ക്കും മലങ്കരയിലെ സഭകൾക്ക് പ്രത്യേകമായും ലഭിച്ച വലിയ ബഹുമതിയായി ഞാൻ കാണുന്നു. വന്ദ്യപിതാക്കന്മാരെ, ബ. വൈദികരെ, സന്യസ്തരെ, പ്രിയ മക്കളെ നിങ്ങൾക്കെല്ലാവർക്കും പ. പിതാവിന്റെ വ്യക്തിപരമായ സ്നേഹവും ആശിർവാദവും നൽകുവാൻ എന്നെ ഏൽപ്പിച്ചിരുന്നത് സന്തോഷത്തോടെ ഞാൻ നിങ്ങൾക്ക് കൈമാറുന്നു. പ്രിയരെ, വി. പത്രോസിന്റെ ബസിലിക്കായിൽ നിങ്ങൾക്കുവേണ്ടി ഞാൻ വി. കുർബാന അർപ്പിച്ച് പ്രത്യേകം പ്രാർത്ഥിച്ചു.

നമ്മുടെ സഭാജീവിതത്തിലെ ഈ ചരിത്രമുഹൂർത്തം പരിശുദ്ധാത്മാവ് സഭയെ നവീകരിക്കുകയും ശക്തീകരിക്കുകയും ചെയ്യുന്ന ആരാധനാവത്സരത്തിലെ പെന്തിക്കൊസ്തിക്കാലത്താണല്ലോ നടന്നത്. അപ്പസ്തോലന്മാരെയും സഭയിലുള്ള അവരുടെ പദവിയും പ്രവൃത്തിയും നാം പ്രത്യേകം അനുസ്മരിക്കുകയും ചെയ്യുന്നത് ഈ കാലയളവിലാണല്ലോ. വി. ശ്ലീഹന്മാരുടെ ബഹുമാനാർത്ഥമുള്ള ശ്ലീഹാനോമ്പ് അപ്പസ്തോലന്മാരായ വി. പത്രോസിന്റെയും വി. പൗലോസിന്റെയും പെരുന്നാളോടെ അവസാനിക്കുന്നു. വി. പത്രോസ് അപ്പസ്തോലന്മാരുടെ തലവനാണ്. പുറജാതികളുടെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന

വി. പൗലോസ് (ഗലാ 3: 8–9) സഭയുടെ കാതോലികത്വത്തിന്റെയും സുവിശേഷപ്രഘോഷണ ചേതനയുടെയും പ്രതീകമാണ്. ഇതിനുശേഷം ജൂലൈ 3–ാം തീയതി നാം, നമ്മുടെ പ്രിയ പൂർവ്വപിതാക്കന്മാർ ആരിൽനിന്നും ക്രിസ്തുവിന്റെ സുവിശേഷം സ്വീകരിച്ചുവോ, ആ വി. തോമ്മാശ്ലീഹായുടേയും ഓർമ്മ ആചരിക്കുന്നു. വീണ്ടും ഇതേ കാലയളവിൽത്തന്നെയാണ് നമ്മുടെ സഭയുടെ പ്രിയപിതാക്കന്മാരും പുനരൈക്യ പ്രസ്ഥാനത്തിന്റെ സ്ഥാപകപിതാക്കന്മാരുമായ മാർ ഈവാനിയോസ്, മാർ തിയോഫിലോസ് എന്നീ പിതാക്കന്മാരുടെ ഓർമ്മയും നാം ആചരിക്കുന്നത്. ഇവയെല്ലാം നമ്മുടെ സഭാജീവിതത്തിന്റെ അർത്ഥവും പ്രശസ്തിയും വർദ്ധിപ്പിക്കുന്നു.

തന്നോടുകൂടി ആയിരിക്കുന്നതിനും തന്റെ സാക്ഷികളായിരിക്കുന്നതിനും ദൈവരാജ്യം പ്രഘോഷിക്കുവാൻ അയക്കുന്നതിനുമായി യേശുക്രിസ്തു പന്ത്രണ്ടു അപ്പസ്തോലന്മാരെ തെരഞ്ഞെടുത്തു (മാർക്കോ 3:13–19). തങ്ങളുടെ ദൗത്യം ലോകാവസാനത്തോളം തുടർന്നുകൊണ്ടുപോകുവാൻ അവർ നിയോഗിതരായിരിക്കുന്നു (മത്താ 28: 20). അപ്പസ്തോലന്മാരുടെ പ്രബോധനത്തിൽ അധിഷ്ഠിതമായി സഭ തഴച്ചുവളർന്നു. വി. പത്രോസ് ശ്ലീഹായാകുന്ന പാറമേലാണ് യേശുക്രിസ്തു തന്റെ സഭ സ്ഥാപിച്ചത്; നരക കവാടങ്ങൾ അവയ്ക്കെതിരെ പ്രബലപ്പെടുകയില്ല; സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ അവന് നൽകപ്പെട്ടിരിക്കുന്നു (മത്താ 16: 18). അപ്പസ്തോലന്മാരിൽ പൊതുവെയും ശ്ലീഹന്മാരുടെ തലവനെന്ന നിലയിൽ വി. പത്രോസിൽ പ്രത്യേകമായും യേശുക്രിസ്തു നിക്ഷേപിച്ച അധികാരം സഭയുടെ അനസ്യൂതമായ കെട്ടുപണിക്കായി അവരുടെ പിൻഗാമികൾക്ക് കൈമാറപ്പെടുന്നു. "ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല. വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്. അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ ഭവനമൊന്നാകെ സമന്വയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. കർത്താവിൽ പരിശുദ്ധമായ ആലയമായി അത് വളർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി നിങ്ങളും അവനിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്നു" (എഫേ 2: 19–22).

രണ്ടാം വത്തിക്കാൻ സുന്നഹദോസ് ഇപ്രകാരം പഠിപ്പിക്കുന്നു: "കർത്താവിന്റെ നിശ്ചയ പ്രകാരം വി. പത്രോസും മറ്റു ശ്ലീഹന്മാരും ചേർന്ന് ഒരപ്പസ്തോലസംഘം രൂപീകരിച്ചു. അതുപോലെ വി. പത്രോസിന്റെ പിൻഗാമിയായ റോമാ മാർപ്പാപ്പായും അപ്പസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരും പരസ്പരം ഒന്നുചേർന്നിരിക്കുന്നു. സംഘാതസ്വഭാവവും മെത്രാൻപട്ടത്തിന്റെ അർത്ഥവും പുരാതനാചാരങ്ങളിൽ നിന്നുതന്നെ പ്രകടമായിരുന്നു... തന്മൂലം ഒരാൾ മെത്രാൻസംഘത്തിൽ അംഗമായിത്തീരുന്നത് മെത്രാഭിഷേകമെന്ന കൂദാശയും, ഈ സംഘത്തിന്റെ തലവനും അംഗങ്ങളുമായുള്ള ഹയരാർക്കിക്കൽ കൂട്ടായ്മയും വഴിയത്രെ" (തിരുസഭ 22).

ദൈവപരിപാലനയിൽ, മാർത്തോമ്മാശ്ലീഹായാൽ ഇന്ത്യയിൽ സ്ഥാപിതമായ സഭ ആഗോളസഭയുടെ വിശ്വാസൈക്യവും ദൈവികമായ ഘടനയും നിലനിർത്തിക്കൊണ്ട്, അവളുടെ സ്വന്തമായ ആരാധനാജീവിതത്തിലൂടെയും, സ്വന്തമായ ശിക്ഷണക്രമപരവും ദൈവശാസ്ത്രപരവും ആദ്ധ്യാത്മികവുമായ പൈതൃകം ആർജ്ജിക്കുകയും ചെയ്തു (തിരുസഭ 23). ചരിത്രത്തിന്റെ ഗതിയിൽ, അവളുടെ സഭാപരവും ഹയരാർക്കിപരവുമായ കൂട്ടായ്മ നഷ്ടമായപ്പോൾ അവ വീണ്ടെടുക്കുന്നതിനുള്ള പരിശ്രമങ്ങളും നടക്കുകയുണ്ടായി. നഷ്ടപ്പെട്ട ഈ കൂട്ടായ്മ മാർത്തോമ്മാ ക്രിസ്ത്യാനികളിൽ ഒരു വിഭാഗത്തിന് വീണ്ടെടുക്കുവാൻ സാധിച്ചു. മാർ ഈവാനിയോസിന്റെയും അദ്ദേഹത്തിന്റെ സഹകാരികളുടെയും 1930ലെ പ്രവാചക ആഹ്വാനം, മലങ്കരസഭയ്ക്ക് അവകാശപ്പെട്ട അദ്ദേഹത്തിന്റെ സ്ഥാനത്തോടുകൂടെ സാർവ്വത്രിക സഭാക്കൂട്ടായ്മയുടെ അപ്പസ്തോലിക പാരമ്പര്യത്തിലേക്ക് അവളെ നയിക്കുക എന്നതായിരുന്നു. കാതോലികവും ശ്ലൈഹികവും ഏകവും പരിശുദ്ധവുമായ പാര

മ്പര്യത്തിന്റെയും കൂട്ടായ്മയുടേയും പ്രതിജ്ഞയും ഉറപ്പുമായി ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ 1932 ജൂൺ 11ന് നമ്മുടെ സഭയുടെ ഹയരാർക്കി പുനഃസ്ഥാപിച്ചു. ഇപ്പോൾ അതിന്റെ 75-ാം വർഷമാണ്.

സാർവ്വത്രിക സഭാക്കൂട്ടായ്മയിൽ നമ്മുടെ സഭയുടെ ഹയരാർക്കി പുനഃസ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലിയുടെ ചരിത്രപശ്ചാത്തലത്തിലാണ്, വി.പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ കബറിടത്തിൽ അവരെ ആദരിക്കുവാനും അപ്പസ്തോലന്മാരിൽ പ്രധാനിയും വി. പത്രോസിന്റെ പിൻഗാമിയുമായ റോമാ മാർപ്പാപ്പായെ സന്ദർശിക്കുന്നതിനും വേണ്ടി ഞാൻ റോമിലേക്ക് തീർത്ഥാടനം ചെയ്തത്. 2007 മെയ് 28ന് പ. പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ എന്നെ തനിച്ചും പിന്നീട് റോമിൽ താമസിക്കുന്ന നമ്മുടെ ബ. വൈദികർ, സന്യസ്തർ, അല്മായർ എന്നിവരോടൊപ്പവും ഇപ്രകാരം പറഞ്ഞുകൊണ്ട് സ്വീകരിച്ചു: “പ്രിയപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടശേഷം റോമിൽ പ്രഥമ സന്ദർശനം നടത്തുന്ന അങ്ങയെ സ്വാഗതം ചെയ്യുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. സ്നേഹനിർഭരവും ആദരവും നിറഞ്ഞ അങ്ങയുടെ ആശംസകൾക്കും, “കേപ്പായെ കാണുവാൻ” (ഗലാ 1:18) അങ്ങ് പ്രകടിപ്പിച്ച ആകാംക്ഷ നിറഞ്ഞ ആഗ്രഹത്തിനും ധന്യനായ അങ്ങയോട് ഞാൻ ഏറ്റവും കൃതജ്ഞതയുള്ളവനാണ്. അങ്ങയുടെ സമൂഹം ന്യായമായും അഭിമാനംകൊള്ളുന്ന, പരിശുദ്ധ സിംഹാസനവുമായുള്ള കൂട്ടായ്മയുടെ കണ്ണി ഉറപ്പിക്കുന്നതിനായി, ദൈവേച്ഛയാൽ ഒരുക്കപ്പെട്ട ഈ സന്ദർഭത്തിന്, നമുക്ക് ഒരുമിച്ച് ദൈവത്തിനു നന്ദിപറയാം”. ഇതേ ചരിത്രഭൂമിയിലാണ് 75 വർഷങ്ങൾക്കുമുമ്പ് “എന്റെ മകനേ നീ എന്റെ സത്പുത്രനാണ്; സ്വാഗതം വലിയ സ്വാഗതം!” എന്ന വാക്കുകളോടെ ഭാഗ്യസ്മരണാർഹനായ പതിനൊന്നാം പീയൂസ് മാർപ്പാപ്പാ നമ്മുടെ സംപൂജ്യനായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിനെ സ്വീകരിച്ചത്.

നമ്മുടെ സഭയുടെ ഹയരാർക്കി പുനഃസ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി നാം ആഘോഷിക്കുന്ന ഈ വേളയിൽ പ. പിതാവിന്റെ സ്വാഗതത്തിന് പ്രത്യുത്തരമായി ഞാൻ പറഞ്ഞ വാക്കുകൾ ഇവിടെ സ്മരണീയമാണ്: “മലങ്കര കത്തോലിക്കാസഭ അതിന്റെ സഭാജീവിതത്തിൽ പൊതുവെയും നിർണ്ണായകമായ ഒട്ടേറെ പുരോഗതികളിൽ പ്രത്യേകിച്ചും, പരിശുദ്ധ സിംഹാസനത്തിന്റെ ഉദാരമായ രക്ഷാകർത്തൃത്വവും കരുതലും ആഴമായി അനുഭവിക്കുകയായിരുന്നു. ഈ പ്രത്യേക സഭാപുരോഗതികളിൽ, ഏറ്റവും നിർണ്ണായകമായ ഒന്നായിരുന്നു 2005 ഫെബ്രുവരി 10-ാം തീയതി, മലങ്കര കത്തോലിക്കാസഭയെ മെത്രാപ്പോലിത്തൻ സഭ എന്ന പദവിയിൽനിന്ന്, സ്വയംഭരണാവകാശമുള്ള (*ടൗശ ഷൗൃശ*) ഒരു മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ സഭ എന്ന പദവിയിലേക്ക് ഉയർത്തിയത്”.

പ. പിതാവിന്റെ സന്ദർശനത്തിനുശേഷം പൗരസ്ത്യ തിരുസംഘം വളരെ ഊഷ്മളമായ ഒരു സ്വീകരണം എനിക്ക് നൽകുകയുണ്ടായി. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ തിരുസംഘങ്ങളുടെ അദ്ധ്യക്ഷന്മാരെ സന്ദർശിക്കുന്നതിനും സംഭാഷണം നടത്തുന്നതിനും സാധിച്ചു. പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പായോടും പൗരസ്ത്യ തിരുസംഘത്തോടും തിരുസിംഹാസനത്തോടും നമ്മുടെ സഭയ്ക്കുള്ള ആത്മാർത്ഥമായ കൃതജ്ഞത ഏറ്റം വിനയത്തോടെ ഞാൻ അറിയിക്കുന്നു.

കർത്താവിൽ പ്രിയ മക്കളേ!

നമ്മുടെ പിതാവായ മാർ ഈവാനിയോസ് മെത്രാപ്പോലിത്തായുടെ 125-ാം ജന്മവർഷവും വന്ദ്യപിതാവ് കാലം ചെയ്തതിന്റെ 54-ാം വാർഷികവും നാം പ്രത്യേകമായി ഓർമ്മിക്കുന്ന കാലഘട്ടമാണല്ലോ ഇത്. മാർ ഈവാനിയോസ് പിതാവിന്റെ ജീവിതവും പൈതൃകവുമായി മലങ്കരസഭയ്ക്ക് നൽകപ്പെട്ടിരിക്കുന്നത് കൂട്ടായ്മയും സ്നേഹവുമാണ്. സാർവ്വത്രിക സഭയു

മായുള്ള മലങ്കരസഭയുടെ കൂട്ടായ്മ അദ്ദേഹത്തിന്റെ ആഴമായ ആദ്ധ്യാത്മിക ജീവിതത്തിന്റെയും കർത്താവിനോടുള്ള നിരന്തരമായ സംവാദത്തിന്റെയും ദൈവാരൂപിയോടുള്ള തുറവിയുടേയും ഫലങ്ങളാണ് (ജോൺപോൾ രണ്ടാമൻ മർപ്പാപ്പാ, പുനരൈക്യപ്രസ്ഥാനത്തിന്റെ സുവർണ്ണജൂബിലി വേളയിൽ പറഞ്ഞത്). നമ്മുടെ സഭയുടെ ഹയരാർക്കി പുനഃസ്ഥാപനത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ വർഷം അദ്ദേഹത്തിന്റെ കാലടികളെ പിൻതുടരുവാൻ പ്രതിജ്ഞാബദ്ധരാവുകയും മാർത്തോമ്മാ ക്രിസ്തീയ പാരമ്പര്യമുള്ള സഭകളുടെ ഐക്യത്തിനായി നമ്മെത്തന്നെ പുനഃപ്രതിഷ്ഠിക്കുകയും ചെയ്യാം.

മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിൽ എനിക്ക് അതിയായ സംതൃപ്തിയുണ്ട്. നമ്മുടെ സഭയിലെ മൂന്നു സന്ന്യാസ സമൂഹങ്ങൾ - മിശിഹാനുകരണ സന്ന്യാസി സമൂഹം, മിശിഹാനുകരണ സന്ന്യാസിനീ സമൂഹം, മേരീമക്കൾ സമൂഹം - കാനോനിക അപേക്ഷകരായി 1998ൽ നാമകരണ നടപടികൾ ആരംഭിച്ചു. പോസ്റ്റുലേറ്ററിന്റെ നേതൃത്വത്തിൽ ഇതിനായി ഒരു സംഘം പ്രവർത്തിക്കുന്നു. ഈ സന്ദർഭത്തിൽ നാമകരണ നടപടികൾ സഭയാണ് പ്രോത്സാഹിപ്പിക്കുന്നതെന്ന വസ്തുത എടുത്തുപറയുവാൻ ഞാനാഗ്രഹിക്കുന്നു. സഭയ്ക്കുവേണ്ടിയാണ്, കാനോനിക വ്യവസ്ഥകളനുസരിച്ച്, അപേക്ഷകർ നാമകരണ നടപടികൾ ഏറ്റെടുത്തിരിക്കുന്നത്. അടുത്തകാലത്ത് എന്റെ അദ്ധ്യക്ഷതയിൽ നടന്ന അപേക്ഷകരുടെ സമ്മേളനത്തിൽ ഇക്കാര്യത്തിനായി പ്രാർത്ഥനാനിർഭരമായ പിന്തുണയും വിവിധ കമ്മീഷനുകളിൽ പ്രവർത്തിക്കുവാൻ ആവശ്യമായ വ്യക്തികളെ സംലഭ്യമാക്കിയും സഭ മുഴുവന്റെയും പങ്കാളിത്തം അവർ ആവശ്യപ്പെട്ടു. മാർ ഈവാനിയോസ് പിതാവിന്റെ നാമകരണ നടപടി ത്വരിതപ്പെടുത്തുന്നതിന് നമ്മുടെ എല്ലാ വിശ്വാസികളും തൽപ്പരരാകണമെന്ന് നമ്മുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിനോട് ചേർന്നുനിന്നുകൊണ്ട് ഞാൻ അഭ്യർത്ഥിക്കുന്നു.

2005 ജൂലൈ 15-ാം തീയതി പോസ്റ്റുലേറ്റർ സമർപ്പിച്ച കാനോനിക പെറ്റീഷൻ ദൈവശാസ്ത്ര വിദഗ്ദർ പഠിച്ചു. പ. സുന്നഹദോസിന്റെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ട പ്രസ്തുത അപേക്ഷയ്ക്ക് സുന്നഹദോസ് അംഗീകാരം നൽകിയിട്ടുണ്ട്. നിയമപരമായ എല്ലാ കാര്യങ്ങളും പരിഗണിച്ചുകൊണ്ട് കാനോനിക പെറ്റീഷൻ സ്വീകരിച്ചു എന്ന ഔദ്യോഗിക പ്രഖ്യാപനവും “ദൈവദാസൻ” എന്ന പദവിയും ഈ വർഷത്തെ മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ സമാപന ദിവസത്തിൽ നടത്തുന്നതാണെന്ന് സന്തോഷപൂർവ്വം ഞാൻ ഏവരേയും അറിയിക്കുന്നു.

2007 ജൂലൈ 15-ാം തീയതി ഞായറാഴ്ച ആകയാൽ, പ. സുന്നഹദോസിന്റെ അഭീഷ്ടം കണക്കിലെടുത്ത് ഈ വർഷത്തെ മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ ആചരണങ്ങൾ ജൂലൈ 14-ാം തീയതി ശനിയാഴ്ച സമാപിക്കുന്നതാണ്. ഓർമ്മപ്പെരുന്നാളിനു മുന്നുള്ള 15 ദിവസത്തെ ഒരുക്കങ്ങൾ 2007 ജൂൺ 30-ാം തീയതി ആരംഭിക്കും. മലങ്കര കത്തോലിക്കാ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ മാർ ഈവാനിയോസ് പിതാവിന്റെ കബറിടത്തിലേക്ക് നടത്തുന്ന പദയാത്ര ജൂലൈ 9-ാം തീയതി പെരുന്നാട്ടിൽനിന്ന് ആരംഭിക്കുന്നു. സമാപന ദിവസമായ 14-ാം തീയതി രാവിലെ 8.30-ന് കബറിങ്കൽ എത്തിച്ചേരുന്ന പദയാത്രികരോടൊപ്പം കത്തീഡ്രൽ ദേവാലയത്തിൽ ആഘോഷമായ വി. കുർബാനയും ദൈവദാസൻ എന്ന പ്രഖ്യാപനവും അനുസ്മരണ സമ്മേളനവും നടക്കുന്നതാണ്. മാർ ഈവാനിയോസിന്റെ ഓർമ്മ അതീവ ഭക്തിയോടും തീവ്രമായ പ്രാർത്ഥനയോടും ആചരിക്കണമെന്ന് നമ്മുടെ സഭാമക്കളേവരേയും ഞാൻ ആഹ്വാനം ചെയ്യുന്നു. മാർ ഈവാനിയോസിന്റെ മദ്ധ്യസ്ഥ ശക്തി മലങ്കര കത്തോലിക്കാ ദൈവജനത്തിന് ഒരു നിരന്തര അനുഭവമാണ്. വി. പൗലോസ് ശ്ലീഹായോട് ചേർന്നുകൊണ്ട് മാർ ഈവാനിയോസും ഇന്ന് നമ്മോട് ഇപ്രകാരം പറയുന്നു: “നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഉപദേഷ്ടാക്കൾ ഉണ്ടായിരിക്കാം. എന്നാൽ പിതാക്കന്മാർ അധികമില്ല.

സുവിശേഷപ്രസംഗം വഴി യേശുക്രിസ്തുവിൽ നിങ്ങൾക്ക് ജന്മം നൽകിയത് ഞാനാണ് (1 കോരി 4: 15).

ക്രിസ്തുവിൽ വത്സല സഹോദരരേ!

നമ്മുടെ സഭയുടെ പൊതു വൈദികപരിശീലനകേന്ദ്രമായ സെന്റ് മേരിസ് മലങ്കര മേജർ സെമിനാരി സ്ഥാപിതമായിട്ട് 25 വർഷം പൂർത്തിയാവുകയാണ്. 2007 ആഗസ്റ്റ് 2-ാം തീയതി സെമിനാരിയുടെ രജതജൂബിലി ആഘോഷത്തിനു തുടക്കം കുറിക്കുന്നതാണ്. വൈദിക ശുശ്രൂഷയും സാക്ഷ്യവും ഒരുക്കപ്പെടുന്ന നാളുകളാണല്ലോ വൈദീക പരിശീലന കാല ഘട്ടം. നമ്മുടെ സെമിനാരിയെ ഓർത്ത് ദൈവത്തിന് നന്ദി പറയാം. കൂടുതൽ ആത്മീയ നൽവരങ്ങൾക്കായി സെമിനാരിയേയും പരിശീലകരേയും വൈദിക വിദ്യാർത്ഥികളേയും സമർപ്പിച്ച് നിങ്ങളെയേവരേയും പ്രാർത്ഥിക്കുവാൻ ഞാൻ ആഹ്വാനം ചെയ്യുന്നു.

സാർവ്വത്രികസഭയുടെ കൂട്ടായ്മയിൽ ഒരു സ്വയംഭരണ മാർത്തോമ്മാ ക്രിസ്തീയസഭ എന്നതായിരുന്നു നമ്മുടെ പൂർവ്വപിതാക്കന്മാരുടെ ഉത്ഘടമായ ആഗ്രഹം. എന്റെ റോമാ സന്ദർശനവും വി. പത്രോസിന്റെ പിൻഗാമിയായ റോമാ മാർപ്പാപ്പായുമായുള്ള കൂടി ക്കാഴ്ചയും പ. കത്തോലിക്കാസഭയുടെ കൂട്ടായ്മയിൽ മലങ്കര കത്തോലിക്കാസഭ ഇന്ന് അനുഭവിക്കുന്ന സ്വയംഭരണ സ്വയാധികാരത്തിന്റെ ലോകം മുഴുവനോടുമുള്ള നമ്മുടെ സാക്ഷ്യമായിരുന്നു. നാം ഇന്ന് നടന്നു നീങ്ങുന്ന കൂട്ടായ്മയുടെ ഈ പാത തുറന്നുതരുവാൻ മാർ ഈവാനിയോസ് പിതാവിന്റെ വിശുദ്ധിയും മഹത്ത്വവും ഉപകരണമായി. വന്ദ്യ പിതാ വിന്റെ 125-ാം ജന്മവർഷവും 54-ാം ഓർമ്മദിനവും ആചരിക്കുന്ന ഈ വേളയിൽ കൂട്ടായ്മ യുടെയും സ്നേഹത്തിന്റെയും ദീപശിഖ സാർവ്വത്രിക സഭാകൂട്ടായ്മയിൽനിന്ന് വ്യതിരി ക്തരായി നിൽക്കുന്ന സഹോദരങ്ങളിലെത്തിക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

ആയത് ദൈവമാതാവായ പരി. കന്യാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹയുടേയും, സകല വിശുദ്ധരുടേയും പ്രാർത്ഥനകളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീതശുശ്രൂഷി

26.06.2007
മലങ്കര കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ**
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ...

N.B.: ഈ കല്പന അടുത്തുവരുന്ന ഞായറാഴ്ച വി. കുർബാനമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളി ലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

Pastoral Letter

By the grace of God and by the approval of the Holy See
From the Major Archbishop of the Syro-Malankara Catholic Church
**Moran Mor Baselios Cleemis Catholicos**
Blessings to all Metropolitans, Bishops, Priests, Deacons, Religious
and the Faithful

Prot.No.CPL 3/2007

## Praise be to the Holy Triune God
## Self-existent, Almighty, Eternal and Consubstantial!

Most Rev. Metropolitans, Bishops, Rev. Priests, Deacons, dear Religious and beloved Faithful in Christ!

I inform you happily and officially about my visit as Father and Head of the Church to His Holiness Pope Benedict XVI, the supreme pastor of the Universal Church, the successor Peter, the Chief of Apostles, in his apostolic palace in Vatican on 28 May 2007. This, my first visit to the Roman Pontiff after the confirmation of my election as the "Father and Head" of our Church, is canonical and rich in ecclesial symbolism. This visitation was an experience of a meaningful celebration of ecclesial communion. The Holy Father, as the Head of the Universal Church, received me very lovingly expressing his paternal love and solicitude towards the Malankara Church. I see this as a great honour to the Malankara Catholic Church and especially to the Churches of Malankara. Most reverend bishops, reverend priests and religious and beloved sons and daughters, I happily convey to you the personal love and blessings, which the Holy Father entrusted me to be imparted to you. Beloved! I celebrated for you the Holy Qurbono in the Baslica of St. Peter and specially prayed for you.

This historic moment in the life of our Church took place in the liturgical season of Pentecost when the Church is renewed and strengthened by the Holy Spirit. In this season we particularly commemorate the Apostles, and their status and role in the Church. The *Sleeha Nombu*, which is meant for the veneration of the Apostles, ends with the feast of the Apostles, Peter and Paul. St. Peter is the head of the college of Apostles. St. Paul, the Apostle of the Gentiles (Gal 3:8-9) is a symbol of the catholicity and missionary vitality of the Church. Thereafter, on 3 July we commemorate St. Thomas, the Apostle from whom our beloved fore-fathers received the Gospel of Christ. It is in this season again, that we commemorate the two beloved Prelates of our Church – Mar Theophilos and Mar Ivanios, the founding Fathers of the Reunion Movement. All these add meaning and relevance our ecclesial life.

Jesus Christ chose the twelve Apostles to be with him, to be his witnesses and to be sent out to preach the kingdom of God (Mk 3:13-19). This mission of the Apostles is destined to continue until the end of the world (Mt 28:20). It is upon the Apostolic teaching that the Church began to thrive. Apostle Peter was the rock upon which Jesus built his Church, and against which the gates of Hades will not prevail. He is given the keys of the kingdom of heaven (Mt 16:18). The power which Jesus entrusted to the Apostles in General and to Peter as chief of the Apostles. It is passed down to their successors, so that they continuously build up the Church. "So then you are no longer strangers and aliens, but you are citizens with the saints and also members of the household of God, built upon the foundation of the apostles and prophets, with Christ Jesus himself as the corner stone. In him the whole structure is joined together and grows into a holy temple of the Lord; in whom you also are built together spiritually into a dwelling place for God" (Eph 2:19-22).

The Second Vatican Council teaches: "Just as, in accordance with the Lord's decree, St. Peter and the rest of the apostles constitute a unique apostolic college, so in like fashion the Roman Pontiff, Peter's successor, and the bishops, the successors of the apostles, are related with and united to one another. Indeed, the very ancient discipline whereby the bishops installed throughout the whole world live in communion with one another and with the Roman Pontiff in a bond of unity, charity and peace; … bears this out unmistakably. One is constituted a member of the Episcopal body in virtue of the sacramental consecration and by the hierarchical communion with the head and members of the college" (LG 22).

In the divine providence, the Church set up in India, founded by St. Thomas the Apostle, and his successors, while safeguarding the unity of faith and the unique divine structure of the Universal Church, enjoyed her own liturgical life, and inherited her own disciplinary, spiritual and theological patrimony (Ref. LG 23). When in the course of history, she lost hierarchical and ecclesiastical communion with the Universal Church, attempts were made to regain it. It was after two and half centuries, a section of the St. Thomas Christians who lost the communion could regain it. The prophetic call of Mar Ivanios and his companions in 1930, was to lead the Malankara Church into its Apostolic tradition holding a rightful place in the communion of the Universal Church. As a pledge and guarantee of the one, holy, catholic and apostolic tradition and communion of our Church, Pope Pius XI reconstituted the hierarchy of our Church on 11 June 1932. It is now exactly 75 years since the event took place.

It was at this historical background of the platinum jubilee of the reinstallation of the Hierarchy of our Church in the universal communion of Churches, I went in pilgrimage to Rome to venerate the tombs of the blessed Apostles Peter and Paul and to visit the Roman Pontiff, the successor of Peter, the chief of the Apostles. On 29 May 2007 His Holiness Pope Benedict XVI received me personally and

then with a group of about seventy Priests, Religious and Laity of our Church residing in Rome, uttering the words: “I am pleased to welcome you on your first visit to Rome since your election as Major Archbishop of the beloved Syro-Malankara Church. I am most grateful to Your Beatitude for your affectionate and respectful greetings, and I thank you sincerely for your eager wish to “see Peter” (cf. Gal 1:18). Together, let us give thanks to God for this providential opportunity to confirm that bond of communion with the See of Rome, of which your community is justly proud”. It was at the same historic venue that 75 years ago, Pope Pius XI of venerable memory received our most beloved and venerable Archbishop Mar Ivanios with the words of welcome, “My son, you are my good son: Welcome, a big welcome”.

Today, as we celebrate the Platinum Jubilee of the reconstitution of the Hierarchy of our Church, I recall to mind my response to the welcome of His Holiness Pope Benedict XVI: “the Malankara Catholic Church has been experiencing in a very profound way the gracious patronage and care of the Holy See in its ecclesial life as a whole and in many significant ecclesial developments in particular. Among these particular developments, the most significant one has been definitely the elevation of the Malankara Catholic Church on 10 February 2005 from the status of a Metropolitan Church to that of a Major Archiepiscopal Sui Juris Church”.

Beloved Faithful in Our Lord!

While thanking the Lord for the abundant outpouring of the Holy Spirit upon the Syro-Malankara Catholic Church, we also commemorate the 125$^{th}$ year of the birth of Mar Ivanios and the 54$^{th}$ year of his demise. The life and legacy Mar Ivanios bequeathed to the Malankara Church is that of communion and love. The great event of communion of the Malankara Church with the Universal Church is the fruit of his deep ascetic life, constant dialogue with the Lord and openness to the Spirit of God (Pope John Paul II on the occasion of the Golden Jubilee of the Reunion Movement). In this Platinum Jubilee Year of the reinstallation of the Hierarchy of our Church, let us resolve to walk in his foot steps and rededicate ourselves to the cause of the unity of the Churches of the St. Thomas tradition.

It gives me great satisfaction to see that the Cause of Canonisation of Mar Ivanios is progressing. The canonical process of the Cause was initiated in the year 1998 by the Petitioners, the three Religious Congregations of the Order of the Imitation of Christ, the Sisters of the Imitation of Christ and the Daughters of Mary. A team under the leadership of the Postulator is working for the Cause. In this context, I would like to state the fact that the Cause of Canonisation is promoted by the Church. It is on behalf of the Church, as per canonical requirements, that the Petitioners have taken up the cause. In a recent meeting of the Petitioners, presided over by me they requested the participation of the entire Church in this regard, by way of prayerful support and supply of personnel needed to work in

the various commissions. Along with the Holy Episcopal Synod of our Church, I urge all our Faithful to render their help to expedite the Cause of Canonisation of Archbishop Mar Ivanios.

The Canonical Petition submitted by the Postulator on 15 July 2005 was studied by expert Theologians. The matter was also placed before the Holy Episcopal Synod and the Synod has given its approval. Having considered all the canonical requirements, I would like to inform you that the Canonical Petition will be accepted and the official announcement of the same will be made on the final day of the celebration of the commemoration of Archbishop Mar Ivanios, this year.

In deference to the decision of the Holy Episcopal Synod, the celebrations of the solemn commemoration of Mar Ivanios will conclude on 14 instead of 15 July this year as 15th is a Sunday. The fifteen-day preparation for the same will begin on 30 June 2007. The *Padayâtra* to the tomb of Mar Ivanios led by the Malankara Catholic Youth Movement will commence on 9 July from Ranni-Perunadu. I exhort all the Faithful of our Church to celebrate the commemoration of the Servant God, Mar Ivanios with profound devotion and ardent prayer.

The power of intercession of the Servant of God, Mar Ivanios has become a matter of continuous experience of the People of God of the Malankara Catholic Church. Together with St. Paul, Mar Ivanios tells us today: “For though you might have ten thousand guardians in Christ, you do not have many fathers. Indeed in Christ Jesus I became your father through the gospel” (1 Cor 4:15).

Beloved Brethren in Christ,

Our forefathers longed to see an autonomous St. Thomas Christian Church in communion with Universal Church. My visit to Rome and to the Roman Pontiff, the successor of Peter, was a joyous occasion through which we witnessed to the entire world the autonomy of our Church in the communion of the Holy Catholic Church. The sanctity and greatness of Mar Ivanios was instrumental in opening this road to communion, which we walk today. As we celebrate the 125th year of his birth and 54th year of his death, let us resolve to carry the torch of communion and love to our separated brethren.

May all these be fulfilled through the prayers of the Blessed Virgin Mary, the Mother of God and all the saints, especially our Father and Apostle St. Thomas and the College of Apostles. Amen

Your humble servant in Christ

+Baselios Cleemis

**Moran Mor Baselios Cleemis Catholicos**

Major Archbishop of the Syro-Malankara Catholic Church

26.6.2007
Catholicate Centre
Pattom, Thiruvananthapuram

---

N.B.: This pastoral letter should be read in all our churches, mission centres and centres of worship during the holy qurbono next Sunday.

Circular

**SYRO-MALANKARA CATHOLIC CHURCH**

## MAJOR ARCHIEPISCOPAL CURIA

Baselios Cleemis
Major Archbishop
Catholicos
Circular No. TVLA 1/2007

Catholicate Centre
Pattom, Thiruvananthapuram-04
08-03-2007

### തിരുവല്ല അതിഭദ്രാസന അഡ്മിനിസ്ട്രേറ്ററുടെ നിയമനം

തിരുവല്ല അതിഭദ്രാസനത്തിലെ ബഹു. വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

തിരുവല്ല അതിഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പായി ശുശ്രൂഷ ചെയ്തു വരവെയാണല്ലോ ഞാൻ മലങ്കര കത്തോലിക്കാസഭയുടെ തലവനും പിതാവുമായ മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവയായി സഭയുടെ പ. സുന്നഹദോസിനാൽ തെരഞ്ഞെടുക്കപ്പെട്ടത്. ഈ ദൈവനിയോഗം 2007 മാർച്ച് 5-ാം തീയതി എളിയ ശുശ്രൂഷിയായ ഞാൻ ഏറ്റെടുത്തു. ധന്യമായ ഈ നിമിഷങ്ങളിലൊക്കെയും പ്രാർത്ഥനാനിർഭരവും ഊഷ്മളവുമായ സ്നേഹത്തോടെ എന്നോടൊപ്പമായിരുന്നതിന് ഏവരോടുമുള്ള കൃതജ്ഞത ഒരിക്കൽകൂടി ഞാനറിയിക്കുന്നു.

മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ് കാതോലിക്കാബാവായായി ഞാൻ സ്ഥാനാരോഹണം ചെയ്യപ്പെട്ടതോടെ തിരുവല്ല അതിഭദ്രാസന സിംഹാസനം ഒഴിവായി. പൗരസ്ത്യസഭാ നിയമ സംഹിത, 220-ാം കാനോന പ്രകാരം അതിഭദ്രാസന ഭരണം എന്നിൽ നിക്ഷിപ്തമായി. തുടർന്ന് സ്ഥിര സുന്നഹദോസിനോട് ആലോചിച്ച് അതിഭദ്രാസനത്തിന്റെ പ്രോട്ടോസിഞ്ചേലൂസായി ശുശ്രൂഷ ചെയ്തു വന്ന വന്ദ്യ ദിവ്യശ്രീ കോർഎപ്പിസ്ക്കോപ്പ ചെറിയാൻ രാമനാലിനെ അതിഭദ്രാസന അഡ്മിനിസ്ട്രേറ്ററായി ഞാൻ 2007 മാർച്ച് 5-ാംതീയതി നിയമിച്ച വിവരം ഇതിനാൽ ഏവരേയും അറിയിക്കുന്നു. അന്നേദിവസം തന്നെ മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ കൂരിയായിൽവച്ച് തിരുവല്ല അതിഭദ്രാസന കൗൺസിൽ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ എന്റെ മുമ്പാകെ അദ്ദേഹം വിശ്വാസപ്രഖ്യാപനം നടത്തി സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു. ഒരു മെത്രാപ്പോലീത്തൻ-ആർച്ചുബിഷപ്പ് നിയമിക്കപ്പെട്ട് സ്ഥാനാരോഹിതനാകുംവരെ സഭയുടെ വിശുദ്ധ കാനോനകൾ പ്രകാരം അതിഭദ്രാസനത്തിന്റെ ഭരണ ചുമതലയിൽ അഡ്മിനിസ്ട്രേറ്റർ തുടരുന്നതാണ്.

വന്ദ്യ ചെറിയാൻ രാമനാലിൽ കോർഎപ്പിസ്ക്കോപ്പായുടെ ലളിതമായ

ജീവിത ശൈലിയും, പ്രാർത്ഥനാ ജീവിതവും, പൗരോഹിത്യ ശുശ്രൂഷാ ഔത്സുക്യവും, അതിഭദ്രാസനത്തിന്റെ പ്രോട്ടോ സിഞ്ചേലൂസ് എന്ന നിലയിലുള്ള ഭരണ പാടവവും ഈ പുതിയ ദൗത്യനിർവ്വഹണത്തിന് സഹായകമായിരിക്കും. ഈ ശുശ്രൂഷ ദൈവമഹത്വത്തിനും അതിഭദ്രാസനത്തിന്റെ നന്മയ്ക്കുമായി നിർവ്വഹിക്കുന്നതിന് നിങ്ങളേവരും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കണം; അദ്ദേഹത്തോട് സഹകരിച്ചും വിധേയപ്പെട്ടും പ്രവർത്തിക്കണം. ബഹു. അച്ചന് എല്ലാ ഭാവുകങ്ങളും ദൈവാനുഗ്രഹങ്ങളും ഞാൻ ആശംസിക്കുന്നു.

തിരുവല്ല അതിഭദ്രാസനത്തിന് എത്രയും വേഗം ഒരു ഇടയശ്രേഷ്ഠനെ ദൈവം നൽകുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. കർത്താവിന്റെ പെസഹാ രഹസ്യം ആചരിക്കുവാൻ ഒരുങ്ങുന്ന ഈ നോമ്പുകാലത്തിൽ നിങ്ങളെ ഏവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

+Baselios Cleemis

**+ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ**
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

**SYRO-MALANKARA CATHOLIC CHURCH**

# MAJOR ARCHIEPISCOPAL CURIA

**Baselios Cleemis**
Major Archbishop Catholicos

Circular No. TVLA 1/2007

Catholicate Centre
Pattom,
Thiruvananthapuram-04
08-03-2007

## The appointment of the Administrator for the Archieparchy of Tiruvalla

Reverend Priests, Religious, dear Faithful in the Lord of the Archieparchy of Tiruvalla,

While I was serving as Metropolitan Archbishop of Tiruvalla, I was elected by the Holy Synod of the Malankara Catholic Church to be the Head and Father and Major Archbishop Catholicos of the Malanakra Catholic Church. I, a humble servant of God, undertook the divine obligation on 5 March 2007. I express my gratitude to all those who were with me during these occasions with ardent love and fervent prayer.

As I was enthroned Major Archbishop Catholicos of the Malankara Catholic Church, the Archiepiscopal See of Tiruvalla became vacant. According to c.220 of the CCEO the governance of the Archieparchy was incumbent upon us. You are hereby informed that having consulted with the permenant Synod, we appointed Rt. Rev. Cherian Ramanalil as Administrator of the Archieparchy. On the same day itself, he made before us and in the presence of the members of hte Archieparchial Council his Profession of Faith, the Swaring Ceremony and undertook the Obligation at the Archieparchial Curia. Until the appointment and the enthronement of a Metropolitan Archbishop, the Administrator will continue the governance of the ordinary, day to day affairs of the Archieparchy, as per holy canons of the Church.

The simple life-style of Rt. Rev. Cherian Ramanalil Corepiscopo, his prayerful life, earnestness in the service of priesthood and his efficiency of governance as Proto-Syncellus of the Archieparchy, will stand in good stead in the execution of his new obligation. All of you should pray for him so that he may fulfill this service for the greater glory of God and for the prosperity of the Archieparchy. Besides, you should work in cooperation with him and in submission to him. I wish Monsignor greeting and Divine blessings.

Let us pray that God may provide a worthy Pastor to the Archieparchy of Tiruvalla at the earliest. May God bless you all during this Season when you prepare yourselves to observe the Paschal Mystery of our Lord.

+Baselios Cleemis

**+ Baselios Cleemis Catholicos**
Major-Archbishop of Malankara Catholic Church

## SYRO-MALANKARA CATHOLIC CHURCH
## MAJOR ARCHIEPISCOPAL CURIA

**Moran Mor Baselios Cleemis**
Major Archbishop Catholicos

Catholicate Centre
Pattom, Thiruvananthapuram-04
03-05-2007

Circular No. 2/2007

*ദൈവതിരുനാമത്തിന് മഹത്വമുണ്ടായിരിക്കട്ടെ!*

**മൂവാറ്റുപുഴ ഭദ്രാസന അഡ്മിനിസ്ട്രേറ്ററുടെ നിയമനം.**

മൂവാറ്റുപുഴ ഭദ്രാസനത്തിലെ ബഹു. വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ,

മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ മൂവാറ്റുപുഴ ഭദ്രാസന മെത്രാപ്പോലിത്തയായി ശുശ്രൂഷ ചെയ്തുവരവെയാണല്ലോ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനിയെ നമ്മുടെ സഭയുടെ പരിശുദ്ധ സുന്നഹദോസിന്റെ സമ്മതത്തോടെ, മൂവാറ്റുപുഴ ഭദ്രാസന സിംഹാസനത്തിൽനിന്ന് സ്ഥലം മാറ്റുകയും തിരുവല്ലാ അതിഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പായി ഞാൻ നിയമിക്കുകയും ചെയ്തത്. ഭദ്രാസനം സ്ഥാപിതമായ നാൾ മുതൽ ഏറെ തീക്ഷ്ണതയോടും അപ്പസ്തോലിക ചൈതന്യത്തോടും ഭദ്രാസനത്തെ നയിച്ച അഭിവന്ദ്യ കൂറിലോസ് തിരുമേനിയോട് മലങ്കര കത്തോലിക്കാസഭയ്ക്കും വിശിഷ്യാ മൂവാറ്റുപുഴ ഭദ്രാസനത്തിനുമുള്ള കൃതജ്ഞത നിസ്സീമമാണ്. സ്വതസിദ്ധമായ ലാളിത്യത്തോടും സാഹോദര്യ സമഭാവനയോടും ദൈവജനത്തെ നയിക്കുന്നതിനും മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ശൈശവ വളർച്ചയിൽ അതിനെ മാതൃതുല്യം പരിപോഷിപ്പിക്കുന്നതിനും പ്രത്യേക ഔത്സുക്യം കാണിച്ചിട്ടുള്ള അഭിവന്ദ്യ തിരുമേനിയോടുള്ള സഭയുടെ നന്ദിയും സ്നേഹവും ഒരിക്കൽകൂടി അറിയിക്കുന്നു.

തിരുവല്ലാ അതിഭദ്രാസന മെത്രാപ്പോലിത്തൻ ആർച്ചുബിഷപ്പായി അഭിവന്ദ്യ തോമസ് മാർ കൂറിലോസ് തിരുമേനി സ്ഥാനാരോഹണം ചെയ്യപ്പെട്ടതോടെ മൂവാററുപുഴ ഭദ്രാസന സിംഹാസനം ഒഴിവായി. പൗരസ്ത്യസഭാ നിയമ സംഹിത, 220–ാം കാനോനപ്രകാരം ഭദ്രാസനഭരണം എന്നിൽ നിക്ഷിപ്തമായി. തുടർന്ന് സ്ഥിര സുന്നഹദോസിനോടാലോചിച്ച്, ഭദ്രാസനത്തിന്റെ പ്രോട്ടോസിഞ്ചേലൂസായി ശുശ്രൂഷ ചെയ്തുവന്ന വന്ദ്യ മോൺ. ജോൺ വർഗീസ് ഈശ്വരൻകുടിയിൽ അച്ചനെ ഭദ്രാസന അഡ്മിനിസ്ട്രേറ്ററായി ഞാൻ 2007 മെയ് 2–ാം തീയതി നിയമിച്ച വിവരം ഇതിനാൽ ഏവരേയും അറിയിക്കുന്നു. അന്നേദിവസം ഉച്ചയ്ക്ക് 2.30ന് തന്നെ തിരുവല്ലാ മേരിഗിരി അതിഭദ്രാസന അരമനയിൽ മൂവാറ്റുപുഴ ഭദ്രാസന കൗൺസിൽ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ എന്റെ മുമ്പാകെ അദ്ദേഹം വിശ്വാസ പ്രഖ്യാപനം നടത്തി സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു. ഒരു മെത്രാപ്പോലിത്ത നിയമിക്കപ്പെട്ട് സ്ഥാനാരോഹിതനാകും വരെ സഭയുടെ വിശുദ്ധ കാനോനകൾ

പ്രകാരം ഭദ്രാസനത്തിന്റെ അനുദിന സാധാരണ ഭരണ ചുമതലയിൽ അഡ്മിനിസ്ട്രേറ്റർ തുടരുന്നതാണ്.

വന്ദ്യ മോൺ. ജോൺ വർഗീസ് ഈശ്വരൻകുടിയിൽ അച്ചന്റെ നേതൃത്വപാടവവും അജപാലന ശുശ്രൂഷാ ചൈതന്യവും ഭദ്രാസനത്തിന്റെ പ്രോട്ടോസിഞ്ചേലൂസ് എന്ന നിലയിലുള്ള ഭരണ പരിചയവും ഈ പുതിയ ദൗത്യനിർവ്വഹണത്തിന് അദ്ദേഹത്തിന് സഹായകരമായിരുക്കും. ഈ ശുശ്രൂഷ ദൈവമഹത്വത്തിനും ഭദ്രാസനത്തിന്റെ നന്മക്കുമായി നിർവഹിക്കുവാൻ നിങ്ങളെല്ലാവരും അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കണം. അദ്ദേഹത്തോടു സഹകരിച്ചും വിധേയപ്പെട്ടും പ്രവർത്തിക്കണം. ബ. അച്ചന് എല്ലാ ഭാവുകങ്ങളും ദൈവാനുഗ്രഹങ്ങളും ഞാൻ ആശംസിക്കുന്നു. മൂവാറ്റുപുഴ ഭദ്രാസനത്തിനു എത്രയും വേഗം ഒരു ഇടയശ്രേഷ്ടനെ ദൈവം നൽകുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം.

അനാദ്യന്തനായ പിതാവ് സമാരംഭിക്കുകയും വത്സലപുത്രൻ അനുഷ്ഠിക്കുകയും പരിശുദ്ധാത്മാവ് പൂർത്തീകരിക്കുകയും ചെയ്ത പെസഹാ രഹസ്യത്തിന്റെ മകുടമായി കർത്താവായ യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ഓർമ്മ നാം ഈ കാലയളവിൽ ആചരിക്കുകയാണല്ലൊ. ഉത്ഥിതനായ യേശുവിൽ വളരുന്ന ഒരു സഭാസമൂഹമാണല്ലോ നാം. പെന്തക്കോസ്തായുടെ ഒരുക്ക ദിനങ്ങളിലേക്ക് പ്രവേശിക്കുന്ന നമുക്കും നമ്മുടെ ഭവനങ്ങൾക്കും കൂട്ടായ്മയ്ക്കും സഭയ്ക്കും ലോകത്തിനു മുഴുവനും പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ലഭിക്കുന്നതിനായി പ്രാർത്ഥിക്കാം.

ദൈവം നിങ്ങളെ ഏവരേയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

+Baselios Cleemis

**✠ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ**
മലങ്കര കത്തോലിക്കാസഭയുടെ മേജർ ആർച്ചുബിഷപ്പ്

**SYRO-MALANKARA CATHOLIC CHURCH**

## MAJOR ARCHIEPISCOPAL CURIA

**Moran Mor Baselios Cleemis**
Major Archbishop Catholicos

Catholicate Centre
Pattom, Thiruvananthapuram-04
03-05-2007

Circular No. 2/2007

Reverend Priests, Religious and dear Faithful in the Lord of the Eparchy of Muvattupuzha

While His Excellency Thomas Mar Koorilos was serving as the Bishop of the Eparchy of Muvattupuzha of the Syro-Malankara Catholic Church, as per decision of the Holy Synod of our Church, I transferred him from Muvattupuzha and appointed him Metropolitan Archbishop of Tiruvalla. The Malankara Catholic Church and particularly the Eparchy of Muvattupuzha are extremely grateful to His great enthusiasm and apostolic zeal. Once again the Church expresses her love and gratitude to His Excellency, who has shown special concern in leading the people of God with congenial simplicity and fraternal equanimity and in the growth of the Eparchy in her infancy and nourished the same with maternal tenderness.

As Thomas Mar Koorilos was enthroned Metropolitan Archbishop of Tiruvalla, the governance of the Eparchy was incumbent upon me. You are hereby informed that having consulted with the Permanent Synod of our Church, I appointed Rt. Rev. Msgr. John Varghese Easwarankudiyil on 2 Mach 2007 as the Eparchial Administraor, who till then was serving as Proto-Syncellus of the Eparrchy. On the same day at 2.30 p.m. he made before me, in the presence of the members of the Eparchial Council, his Profession of Faith, the Swearing Ceremony and undertook the new obligation at Marygiri Archbishop's House, Tiruvalla. Until the appointment and enthronement of a Metropolitan, the Administrator will continue the governance of the ordinary, day to day affairs of the Eparchy, as per holy canons of the Church.

The leadership quality of Msgr. John Varghese Easwarankudiyil, his vigor in Apostolic service and his experience in governance as Proto-Syncellus of the Eparchy, will be helpful in the conduct of his new assignment. All of you should pray for him that he may fulfill this service for the greater glory of God and for the prosperity of the Eparchy. You should work in cooperation with him and in submission to him. I wish Monsignor Greetings and Divine

Blessings. Let us pray that God may give a worthy Pastor to the Eparchy of Muvattupuzha. During this season, we observe the commemoration of the glorious Resurrection of Jesus Christ, which is the crown of the Paschal Mystery, which the eternal Father begins, his beloved Son performs and the Holy Spirit fulfills. We are a Church-community that grows in the risen Jesus. As we enter into the vigil of Pentecost, let us pray for the gifts of the Holy Spirit for us, for our homes, community, Church and for the whole world.
May God bless you all abundantly.

**✠Baselios Cleemis Catholicos**
Major Archbishop of Malankaa Catholic Church

## 2007ലെ അല്മായ ദിനത്തോടനുബന്ധിച്ച് മലങ്കര കത്തോലിക്കാസഭ അല്മായ കമ്മീഷൻ ചെയർമാൻ മോസ്റ്റ് റവ. ഡോ. ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലിത്ത പുറപ്പെടുവിക്കുന്ന ഇടയലേഖനം

കർത്താവിൽ പ്രിയരേ,

ഉത്ഥിതനായ യേശുക്രിസ്തുവിന്റെ സമാധാനം ഏവർക്കും ആശംസിക്കുന്നു. ദൈവ പരിപാലനയാൽ മലങ്കര കത്തോലിക്കാസഭ വളർച്ചയുടെ പടവുകൾ ഓരോന്നായി കയറിക്കൊണ്ടിരിക്കുകയാണല്ലൊ. മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവായുടെ നേതൃത്വത്തിലും പരിശുദ്ധ സുന്നഹദോസിന്റെ ആദ്ധ്യാത്മിക കൂട്ടായ്മയിലും സഭാഗാത്രത്തിലും കൂടുതൽ ശ്രേഷ്ഠത കൈവരിച്ചു വരുന്നു എന്നത് നമ്മെ സംബന്ധിച്ച് സന്തോഷകരമായ അനുഭവമാണ്. സഭയുടെ മുഖ്യശ്രദ്ധാകേന്ദ്രമായ അല്മായ സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി നാം സമാരംഭിച്ച മലങ്കര കാത്തലിക് അസോസിയേഷൻ കഴിഞ്ഞ 10 വർഷമായി നിസ്തുല പ്രവർത്തനങ്ങളാൽ സഭയെ പുഷ്ടിപ്പെടുത്തികൊണ്ടി രിക്കുന്നതിൽ നമുക്കഭിമാനിക്കാം. സഭയുടെ ദൗത്യം തന്നെയാണ് എം.സി.എ.യുടെ പ്രവർത്തനങ്ങളുടേയും അടിത്തറ. എം.സി.എ.യുടെ പ്രവർത്തനങ്ങളിൽ സജീവമായി ഉൾച്ചേരുവാൻ എല്ലാ സഹോദരങ്ങളെയും വളരെ സ്നേഹത്തോടെ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ അല്മായ സഹോദരങ്ങൾ ആദ്ധ്യാത്മിക, സാംസ്ക്കാരിക, സാമൂഹ്യ മേഖ ലകളിൽ കാഴ്ചവെയ്ക്കുന്ന സേവനങ്ങൾ നിസ്തുലമാണ്. പ്രസ്തുത കർമ്മമണ്ഡ ലങ്ങളിൽ നമ്മുടെ സത്വര ശ്രദ്ധ പതിയേണ്ട ഒരു രംഗമാണ് നമ്മുടെ സഹോദരങ്ങ ളിൽ ഏറ്റവും അവശതയനുഭവിക്കുന്നവരുടെ സർവ്വതോന്മുഖമായ ഉന്നമനം. ഇവരെ സഹായിക്കുവാൻ സദാ സന്നദ്ധമായ ധാരാളം സുമനസ്സുകൾ നമ്മുടെ ഇടയിൽ തന്നെയുണ്ട് എന്നുള്ളത് അത്യധികം ചാരിതാർത്ഥ്യജനകമാണ്. ഈ പശ്ചാത്തല ത്തിൽ, ബുദ്ധിമുട്ടനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളുടെ ഉന്നമനത്തിനായി എം.സി.എ. നേതൃത്വം ചില പദ്ധതികൾ ആവിഷ്ക്കരിക്കുന്നുവെന്നറിയുന്നത് ഏറെ സന്തോഷത്തിനും പ്രതീക്ഷയ്ക്കും വക നൽകുന്നു.

മലങ്കര കത്തോലിക്കാസഭയിൽ എല്ലാ വർഷവും മെയ് മാസത്തിലെ ആദ്യ ഞായർ അല്മായ ദിനം ആചരിക്കുന്നത്. ഈ ദിനാചരണം നമ്മുടെ അല്മായ സമൂഹത്തെപ്പറ്റിയുള്ള വിചിന്തനങ്ങൾക്കും സഭയിലും സമൂഹത്തിലുമുള്ള അവ രുടെ ദൗത്യനിർവ്വഹണത്തെക്കുറിച്ചുള്ള ആത്മശോധനയ്ക്കും വഴിവെയ്ക്കുന്ന ഒരു അവസരമായിത്തീരട്ടെ.

മലങ്കര കത്തോലിക്കാസഭയെ കെട്ടിപ്പടുക്കുന്നതിന് ത്യാഗോജ്ജ്വല നേതൃത്വം നൽകിയ സഭാപിതാക്കന്മാരെയും അല്മായ നേതൃത്വത്തെയും നമുക്ക് സ്മരിക്കാം. അവർ കാട്ടിത്തന്ന പാതകളിലൂടെ മുന്നേറുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം. എം.സി.എ.യ്ക്ക് നേതൃത്വം നൽകുന്ന എല്ലാ സഭാമക്കളേയും ആത്മാർത്ഥ മായി അഭിനന്ദിക്കുന്നതിന് ഈ അവസരം ഉപയോഗിക്കുന്നു. നമ്മുടെ എല്ലാ അൽമായ സഹോദരങ്ങൾക്കും മലങ്കര കത്തോലിക്കാ സിനഡിന്റെ ആശംസകൾ. സഭാശുശ്രൂഷയിൽ കൂടുതൽ തീക്ഷണതയോടെ ഉൾച്ചേരുവാൻ ഏവരേയും ആഹ്വാനം ചെയ്യുന്നു.

ഏറ്റവും അനുയോജ്യമായ രീതിയിൽ അല്മായദിനം നമ്മുടെ സഭയിലെ എല്ലാ ഇടവകകളിലും ആചരിക്കുവാനും അന്നേദിവസത്തെ നമ്മുടെ പള്ളികളിലെ സ്തോത്രകാഴ്ച സ്വരൂപിച്ച് എം.സി.എ.യുടെ പ്രവർത്തനഫണ്ടിലേക്കായി ബന്ധ പ്പെട്ടവരെ ഏല്പിക്കുവാനും ആഹ്വാനം ചെയ്യുന്നു. സംഘടനയുടെ വളർച്ചയിൽ ക്രിയാത്മക നിർദ്ദേശങ്ങൾ നൽകി ഇതിനെ സഹായിക്കുവാൻ നമ്മുടെ ബഹുമാന പ്പെട്ട വൈദികരും സന്യസ്തരും ദൈവജനവും തയ്യാറാകണമെന്നുംകൂടി ഈ അവ സരത്തിൽ ഓർമ്മിപ്പിക്കട്ടെ. ക്രിസ്തീയ കുടുംബത്തിന്റെ മാതൃകയും തൂണുമായ വി. യൗസേപ്പ് പിതാവിനോട് നമുക്ക് മാദ്ധ്യസ്ഥം യാചിക്കാം. ദൈവം നമ്മെ ധാരാ ളമായി അനുഗ്രഹിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയത്തി ന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമാശ്ലീഹായുടേയും സകല പരി ശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ തന്നെ, ആമ്മേൻ.

എന്ന്,

(ഒപ്പ്)
**ഗീവർഗീസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലിത്താ**
മലങ്കര എപ്പിസ്ക്കോപ്പൽ സിനഡ്
അൽമായ കമ്മീഷൻ ചെയർമാൻ

ധർമ്മപീഠം, ബത്തേരി
12-4-2007

**Pastoral Letter**
**of Most Rev. Geevarghese Mar Divannasios,**
**Chairman of the Commission for the Laity,**
**in connection with the Laity Day, 2007**.

Dear ones in the Lord,

Peace of the Risen Lord to all of you. In the providence of God, the Malankara Catholic Church is ascending the steps of its progress one by one. It is gratifying to us that the body of the Church is assuming loftiness under the leadership of His Beatitude Moran Mor Baselios Cleemis-Catholicos and in the spiritual communion of its Holy Synod. Let us take legitimate pride that the Malankara Catholic Association, which we established with the intention of the multi-faceted progress of the Association of the Laity, the chief centre of attention of the Church, through its unique apostolate for the past ten years is leading the Church towards greater prosperity. The basis of the activities of the M.C.A is the very mission of the Church. I invite all our faithful to actively participate in the activities of the M.C.A.

The services, which our laity renders in the spiritual, cultural and social realms, are unique. Among those circles, one field that demands immediate attention is the overall progress of our brethren, who suffer every kind of infirmity. It is most gratifying that there are very many good souls among us, who are ready to help these needy ones. Under these circumstances, it is very pleasing and hopeful to know that certain projects are initiated by the M.C.A for the betterment of these suffering brethren.

The first Sunday of the month of May is observed as the Laity Day, every year in the Malankara Catholic Church. This celebration is held in connection with the feast of St. Joseph, the worker, who is the heavenly patron of the M.C.A. This year, the Laity Day is observed in our Church on 6 May. Let this celebration be an occasion for deliberation about the asssociation of the laity and about the fulfilment of its mission in the community and Church.

Let us also recall to mind the Fathers of our Church and the lay leaders, who have given brilliant leadership, sacrificing themselves, for the building up of the Malankara Catholic Church. Let us take a pledge that we will march forward through the paths that they have shown to us. I avail this opportunity to sincerely congratulate all the children of the Church, who lead the M. C. A. Greetings of the Synod of the Malankara Catholic Church to all our lay faithful. Along with that, I shall invite all to be more enthusiastic in future in the service of the Church.

Besides, I earnestly advise you to celebrate the Laity Day in a most befitting manner in all the parishes of our Church and to send the collection of the day to the officials of the M.C.A. for its activities. On this occasion, may I remind all the Rev. Priests, Religious and the People of God to send their valuable suggestions for the growth of the association and thus to help it. Let us entreat the intercession of St. Joseph, the exmeplar and pillar of the Christian family. May God bless you abundantly. And that through the prayers of the Blessed Virgin Mary, St. Thomas, the Apostle of India and that of all the Saints. Amen.

(Sd/-)
**✠Geevarghese Mar Divannasios**
Chairman of Malankara Episcopal
Synodal Commission for Laity

Dharmapeedom, Bathery
12-4-2007